# ലോകവാണി

LOKAVANI ★ ★ ★ MADRAS.



## അടുത്ത ലക്കത്തിൽ


1. എന്നെ ഏററവും സ്പർശിച്ച ഗ്രന്ഥം — പ്രൊഫസർ എം.ജി.നീലകണ്ഠൻ.
2. വാക്ക പാലിക്കുകയോ! — ശങ്കവോ കഞ്ചുവോ.
3. നഖലേഖനം — പ്രൊഫസർ സുന്ദർ.
4. കാര്യദർശി (ചെറുകഥ) — വിദ്വാൻ പി. ആർ. വാര്യർ.
5. ശാസ്ത്രപംക്തി:- ഹീലിയം. — എം. ഈ. മാത്യു.



# WILFRED PEREIRA LTD.

**(Qualified Chemists)**

കാസം (ആസ്ത്മാ), ശ്വാസകോശം സംബന്ധിച്ചുള്ള രോഗങ്ങൾ ഇവയ്ക്കു കൈകണ്ട ഔഷധം.

## ബ്രോങ്കാസ്ത്മിൻ എല്ലിക്സീർ

വില കുപ്പി ഒന്നിന്നു 3 ക. 4 ണ.

★

**ശിശുക്കൾക്കു സിദ്ധൌഷധം**

ഞെട്ടൽ, അമ്ലപിത്തം, മുതലായ രോഗങ്ങൾക്കും, പല്ലു വരുമ്പോഴുള്ള അസുഖങ്ങൾക്കും പ്രത്യേകം ഗുണകരമായ

## ഗ്രൈപ്പ് വാട്ടർ

വില കുപ്പി ഒന്നിന്നു 1 ക. 4 ണ.

മൊത്തമായും ചില്ലറയായും വില്ക്കുന്ന സ്ഥലം.

WILFRED PEREIRA LTD. Head Office MADRAS.

ശാഖകൾ :— കോയമ്പത്തൂർ, ഊട്ടക്കമണ്ട്, കണ്ണൂർ, കൊഡൈക്കനാൽ, കൊട്ടഗിരി.

# ലോകവാണി

## ഉള്ളടക്കം


1. നോവൽ : പി. കേശവമേനോൻ എം. എ. എം. എസ്സ്. സി.
2. വിരഹത്തിൽ (കവിത) : ആർ. രാമചന്ദ്രൻ.
3. ഷട്ദർശനങ്ങളെപ്പററി ജവഹർലാൽ : പി. എൻ. മൂസ്സത്.
4. കഷായത്തിന്നു പകരം : കൊച്ചുവൈദ്യൻ.
5. ധൂമാങ്കുരചിന്തകൾ : കുരി.
6. മറഞ്ഞ പൂങ്കുയിൽ (കവിത) : വിദ്വാൻ പി. ആർ. വാരിയർ.
7. നേർവിപരീതം (കാർട്ടൂൺ)
8. ആ രഹസ്യം (ചെറുകഥ) : എം. ടി. എൻ. നായർ.
9. വെള്ളത്തേടനും വിധികർത്താവും : (ശങ്കുവോ കുഞ്ഞുവോ)
10. ചങ്ങമ്പുഴയുടെ അന്ത്യാമന്ത്രണങ്ങൾ : പേട്ടയിൽ എൻ. ജി. നായർ.
11. ഔദാര്യം (ചെറുകഥ) : കാരൂർ നീലകണ്ഠപ്പിള്ള.
12. വായനക്കാർ ലോകവാണിയിൽ.


---


## കുടകൾ

ഇംഗ്ലീഷ് ഉരുക്കു പാത്തിക്കമ്പി, ജലം ചോരാത്ത പുറംശീല, മനോഹരവും പൊട്ടാത്തതുമായ സെല്ലുലോയിഡു കാലുകൾ— ആകെപ്പാടേ നല്ല ബലവും ഭംഗിയുമുള്ള കുടകൾ, ഒന്നാം തരം കുടശ്ശീലകൾ ഇവ മൊത്തമായി വില്പാനുണ്ട്.

അന്വേഷിക്കുക :

**NATIONAL UMBRELLAS LTD.,**

3–E. SECOND FLOOR,

79, Sembudoss Street,

Madras-1.



National Book Stall
KALARIKKAL
KOTTAYAM

ഒന്നാം തരം ആയുർവ്വേദ ഔഷധങ്ങൾക്ക്

## വൈദ്യരത്നം P. S. വാരിയരുടെ

# ആര്യവൈദ്യശാല

(Established 1902)

ഏററവും വിശ്വാസയോഗ്യം — അത്യന്തം ഫലപ്രദം

ഹെഡ്ഡ് ആപ്പീസ് : കോട്ടയ്ക്കൽ (S. Malabar.)

ശാഖകൾ :

കോഴിക്കോട്ട് (Phone No. 155), പാലക്കാട്ട്, തിരൂർ, ഈറോഡ്.

ആയുർവ്വേദവിധിപ്രകാരമുള്ള എല്ലാ മരുന്നുകളും ഇവിടെ എപ്പോഴും തയ്യാറുണ്ട്. മററു വൈദ്യന്മാർ വിധിക്കുന്ന പ്രത്യേക യോഗങ്ങൾ, യോഗമുറ അറിയിച്ചു തന്നാൽ, മിതമായ ചെലവിൽ ഇവിടെ തയ്യാറാക്കിക്കൊടുക്കുന്നതാണ്.

ധാര, പിഴിച്ചിൽ, നവരക്കിഴി, വസ്തി മുതലായ പ്രത്യേക ചികിത്സകൾ നിഷ്കർഷയോടെ, കോട്ടയ്ക്കൽ വെച്ചു നടത്തിക്കൊടുക്കുന്നതാണ്. തപാൽ മുഖേനയോ, റയിൽ വഴിക്കൊ മരുന്നുകളാവശ്യപ്പെടുന്നവർ ഹെഡ്ഡാപ്പീസിലേക്കു നേരിട്ട് എഴുതേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും ഔഷധപ്പട്ടികയ്ക്കും ആവശ്യപ്പെടുക.

മാനേജർ.



# "Students' Companion"

A high class educational English Magazine reaching every home.

Highly useful to students, their parents and teachers alike.

Deals with every branch in Art, Science, Industry and Commerce.

Excellent services and opportunities to all students.

Annual Subscription Rs /3- Single copy Annas FIVE

*Apply to: THE MANAGER*

**Students' Companion**

**Royapettah High Road, MADRAS. 14.**

# ലോകവാണി

വാല്യം 1 1-7-1948 ലക്കം 8


## പ്രഖ്യാതനായ

# ഗവൺർജനറൽ

ഇന്ത്യാ ചക്രവത്തിയുടെ പ്രതിപുരുഷന്മാർ ഒന്നിനു പുറകേ ഒന്നായി പോയതുപോലെതന്നേ അവസാനത്തെ ഗവർണ്ണർജനറലായിരുന്ന ലോർഡ് മൗണ്ടുബാററനും പോയി. എങ്കിലും അദ്ദേഹം ഒരു വിധത്തിലും മുൻഗാമികളെപ്പോലെയല്ല യാത്ര പറഞ്ഞതു എന്നതു പ്രത്യേകം സ്മരിക്കേണ്ട ഒരു സംഗതിയാണ്. ഒന്നാമത്തേ വ്യത്യാസം, ഗവർണ്ണർ ജനറൽ ആയിരുന്നു വെങ്കിലും ചക്രവത്തിയുടെ പ്രതിപുരുഷൻ എന്ന നിലയ്ക്കല്ല, സ്വാതന്ത്ര്യഇന്ത്യയുടെ ഭരണകൂടസ്ഥൻ എന്ന നിലയിൽ ആണു നാം അദ്ദേഹത്തോടു യാത്ര പറഞ്ഞതു എന്നുള്ളതത്രെ. മൗണ്ടുബാററനും കുടുംബവും ഇന്ത്യയിൽ വന്നിട്ടു 15 മാസങ്ങൾമാത്രമേ കഴിഞ്ഞിട്ടുള്ളു. അതിൽ ആദ്യത്തേ 5 മാസങ്ങൾ മാത്രമാണു അദ്ദേഹം ചക്രവത്തിയുടെ പ്രതിനിധി ആയി ഭരണസാരഥ്യം നിർവ്വഹിച്ചതു്. സ്വാതന്ത്ര്യ ഇന്ത്യയുടെ ഒന്നാമത്തേ ഗവർണ്ണർജനറലായി മൗണ്ട്ബാററൻ ക്ഷണിക്കപ്പെട്ടതും, അദ്ദേഹം അതു സ്വീകരിച്ചതും അത്ര ബുദ്ധിപൂർവ്വമായില്ല എന്നു അക്കാലത്തു പലരും വിശ്വസിക്കുകയും, പ്രസ്താവിക്കുകയും ചെയ്തിരുന്നു. എങ്കിലും സംഭവബഹുലമായ ഇക്കഴിഞ്ഞ പത്തു മാസങ്ങൾ അവരുടെ ആശങ്കകളേയും സംശയങ്ങളേയും ദൂരീകരിച്ചു എന്നു പറയുന്നതിൽ തെററില്ല.

സൈനികഗോളത്തിൽ പേരും പെരുമയും സമ്പാദിച്ചശേഷം ഭരണകൂടത്തിലേക്കു പ്രവേശിച്ച ആദ്യത്തേ വൈസറോയി അല്ല മൗണ്ട്ബാററൻ. അദ്ദേഹത്തിനു മുമ്പിരുന്ന വേവൽപ്രഭുവും സൈനികമണ്ഡലത്തിൽ പ്രശസ്തി നേടിയ ഒരാൾതന്നെ ആയിരുന്നു. വേവൽപ്രഭു വൈസ്രോയി ആയിരുന്ന സമയത്തു അദ്ദേഹം നടത്തിയ ചില പ്രസ്താവനകളും ചർച്ചകളും സ്വാതന്ത്ര്യലബ്ധിയേ സംബന്ധിച്ചിടത്തോളം ആശാവഹങ്ങളായിരുന്നു എങ്കിലും, കാര്യങ്ങൾ കുട്ടിക്കുരുക്കി വല്ലാത്ത ഒരു പതനത്തിൽ ആക്കുകമാത്രമാണു അദ്ദേഹം ചെയ്തതു്. അങ്ങിനെയിരിക്കുന്ന ഒരു ഘട്ടത്തിലാണു മൗണ്ട്ബാററൻ ഇ

ന്ത്യയിൽ ആഗതനായതു്. ഇക്കഴിഞ്ഞ 15 മാസങ്ങളേപ്പോലെ സംഭവബഹുലമായ ഒരു ഘട്ടം ഇന്ത്യാചരിത്രത്തിൽ അടുത്തെങ്ങും ഉണ്ടായിട്ടില്ല എന്നു തീൎത്തു പറയാം.

പ്രസ്തുതസംഭവങ്ങളുടെ ഗുരുതത്തേക്കുറിച്ചോ ഗുണദോഷങ്ങളേക്കുറിച്ചോ വേണ്ടവിധത്തിൽ നിൎണ്ണയിക്കുന്നതിനു നമുക്കു നിവൃത്തിയില്ലാതെയാണിരിക്കുന്നതു്. അവയോടുള്ള സാമീപ്യവും, അവയുമായുള്ള അടുത്ത ബന്ധവും നമ്മെ മൂല്യനിൎണ്ണയനത്തിനു ഏറെക്കുറെ അപ്രാപ്തരാക്കുകയും ചെയ്യുന്നു. അതെങ്ങനെയുമിരിക്കട്ടെ. ഈ സംഭവ ബഹുലതയ്ക്കു ഒരു പ്രധാന ഉത്തരവാദി ലോഡ്‌ മൗണ്ട്ബാററനാണെന്നുള്ളതിനു രണ്ടു പക്ഷമില്ല.

പുതിയ പരിതഃസ്ഥിതികൾ പെട്ടെന്നു മനസ്സിലാക്കുന്നതിനും, മനസ്സിലാക്കിയതിനുശേഷം തുടരേണ്ട പ്രവൎത്തന പരിപാടിയേക്കുറിച്ചു പെട്ടെന്നു തീരുമാനിക്കുന്നതിനും, തീരുമാനിച്ച കാൎയ്യങ്ങൾ പെട്ടെന്നു പ്രയോഗത്തിൽ വരുത്തുന്നതിനും മൗണ്ടു ബാററനുള്ള സാമൎത്ഥ്യം അനിതരസാധാരണം തന്നെയാണു്. ചുരുക്കത്തിൽ, കൎമ്മകുശലതയും, കൎമ്മധീരതയും, ചുണയും ചൊടിയും അത്ഭുതകരമായി മൂൎത്തീകരിച്ചിരിക്കുന്ന ഒരു ദേഹമാണു മൗണ്ട്ബാററൻ പ്രഭു. ഇതോടു ചേൎന്നു് ആരെയും വ്യക്തിവൈഭവംകൊണ്ടു വശീകരിക്കുന്നതിനുള്ള പ്രത്യേക സ്വഭാവവും രാജകുടുംബത്തോടു ബന്ധപ്പെട്ട ഇദ്ദേഹത്തിനുണ്ടു്. ഈ ഗുണവിശേഷങ്ങൾ ശരിക്കു മനസ്സിലാക്കിയ ശേഷമാണു ചൎച്ചിൽ ഇദ്ദേഹത്തെ ചില പ്രത്യേക കാൎയ്യങ്ങൾക്കായി നിയോഗിച്ചതു്.

രണ്ടാമത്തേ സമരമുഖ പ്രഖ്യാപനം താമസിപ്പിക്കുന്ന വിഷയത്തിൽ ചൎച്ചിൽ, മൗണ്ട്ബാററനേ ഒരു ഉപകരണമായി ഉപയോഗിച്ചു. 1942 ജൂൺ 3-ാംനു- അമേരിക്കൻ പ്രസിഡണ്ടിൻെറ അതിഥിയായി മൗണ്ട് ബാററൻ താമസം തുടങ്ങി. നല്ല കഥകൾ ഭംഗിയായി പറഞ്ഞും, ആകപ്പാടെ മാധുൎയ്യവും മഹനീയതയും ഒഴുകുന്ന ഒരു രംഗം സൃഷ്ടിച്ചും മൗണ്ട്ബാററൻ അവിടെക്കൂടി—റൂസ്‌വെൽട്ടിൻെറ ഇഷ്ടഭാജനമായിത്തീൎന്നു ആയിടയ്ക്കു ഒരു ദിവസം ഒരേ ഇരിപ്പിൽ അഞ്ചു മണിക്കൂർ നേരമാണു അവർ സംഭാഷണം നടത്തിയതു്. അങ്ങനെ രണ്ടാഴ്ചയോളം അവിടെത്താമസിച്ചു നിലം ഒരുക്കിയപ്പോൾമാത്രമാണു ചൎച്ചിൽ വന്നു ചൎച്ചകൾ തുടങ്ങിയതു്. തൽഫലമായി രണ്ടാമത്തേ സമരമുഖം മാററിവയ്ക്കപ്പെട്ടു.

ആളുകളേ ആകൎഷിച്ചു കാൎയ്യങ്ങൾ സാധിക്കുന്ന ഈ സ്വഭാവം മൗണ്ട് ബാററനു ജന്മസിദ്ധമാണു്. ഇന്ത്യയിൽതന്നേ അദ്ദേഹം വന്നുചേൎന്നു അധികം കഴിയുന്നതിനു മുമ്പുതന്നേ, പ്രധാന നേതാക്കന്മാരുടെ ആപ്തമിത്രമായിക്കഴിഞ്ഞു. ഇപ്പോളിതാ സാരണ ജനങ്ങളുടെ കണ്ണിലുണ്ണിയായും തീൎന്നിരിക്കുന്നു. ഇതെല്ലാം ഉയൎന്നതരം നയവും കൌശലവുമാണെന്നാണു ചിലരുടെ വ്യാഖ്യാനം. അതു ശരിയാണെങ്കിൽ അതു നമുക്കെല്ലാം കുറെ കിട്ടയിരുന്നെങ്കിൽ കൊള്ളാമായിരുന്നു. ഇന്ത്യൻ ജനതയേ മൗണ്ട് ബാററൻ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തു എന്നുള്ളതു് ഒരു പരമാൎത്ഥം മാത്രമാണു്. ഗാന്ധിയുടെ ശവസംസ്കാരം നടത്തിയപ്പോൾ മണലിൽ കുത്തിയിരുന്നതും,

പട്ടേലിനെ പല പ്രാവശ്യം രോഗശയ്യയിൽ ചെന്നു കണ്ടതും മററുമൊക്കെ, ഒരു 'പട' മാണെന്നു വരുത്താൻ ചില കുബുദ്ധികൾ തുനിയുന്നുണ്ടു്. മൗണ്ട്ബാററനെപ്പോലെ തന്നേ അദ്ദേഹത്തിൻെറ പ്രിയതമയും പുത്രിയും സമൂഹ്യ ജീവിതത്തിൽ ധാരാളം ശോഭയും ചൈതന്യവും വിതറിയിട്ടുള്ള രണ്ടു വ്യക്തികളാണു്. പ്രഭുവും പത്നിയും ചെറുപ്പമായിരിക്കുമ്പോൾതന്നെ ലണ്ടനിലെ കുലീന വൃത്തങ്ങളുടെ ശ്രദ്ധയെ നല്ലവണ്ണം ആകർഷിച്ചിട്ടുള്ളതാണു്. സ്തുത്യവും ഹൃദ്യവുമായ പൊടിക്കൈകൾകൊണ്ടു ഉയർന്നവരേയും താണവരേയും ഒന്നുപോലെ അവർ വശീകരിച്ചു വന്നു.

പ്രധാനമന്ത്രി പണ്ഡിററു നെഹ്റുവിനുതന്നെ മൗണ്ടുബാററൻ കുടുംബത്തോടു തോന്നിയ സ്നേഹാദരങ്ങൾ, അദ്ദേഹം ചെയ്ത പ്രസംഗത്തിൽ തെളിഞ്ഞു കാണുന്നുണ്ടു്. "ഇംഗ്ലീഷുകാരായ ഒരു പുരുഷനും ഒരു സ്ത്രീയും ഇത്ര ചുരുങ്ങിയകാലത്തിനുള്ളിൽ ഇന്ത്യക്കാരുടെ സ്നേഹഭാജനമായതെങ്ങനെ എന്നു ഞാൻ അറിയുന്നില്ല. ഈ ചുരുങ്ങിയ കാലഘട്ടത്തിലാകട്ടെ പല ദുഃഖങ്ങളും നൈരാശ്യങ്ങളും നമുക്കുണ്ടായിട്ടുണ്ടു് എന്നും അതിനെല്ലാം പ്രധാന ഉത്തരവാദിത്വം അദ്ദേഹത്തിനുണ്ടെന്നും ഓർക്കുമ്പോൾ, ഈ താല്പര്യാതിരേകം അത്ഭുതകരമെന്നേ പറയേണ്ടൂ." എന്നിങ്ങനെ പോകുന്ന പ്രധാനമന്ത്രി, മൗണ്ടുബാററൻെറ പ്രവർത്തനങ്ങളേക്കുറിച്ചു പറയുന്ന വാചകം ഏററവും ശ്രദ്ധേയമാണു്. "അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായേക്കാമെങ്കിലും, നിങ്ങൾ ഇന്ത്യയ്ക്കുവേണ്ടി, ശരിയെന്നു ബോധപ്പെട്ടതു ചെയ്യാൻ ശ്രമിച്ചു എന്നു എനിക്കു ഉറപ്പുണ്ടു്.... നിങ്ങളിൽനിന്നു പഠിച്ചിട്ടുള്ള പലപാഠങ്ങളും ഭാവിയിൽ ഞങ്ങൾക്കു പ്രയോജനകരമായിരിക്കും എന്നും എനിക്കു ഉത്തമ വിശ്വാസമുണ്ടു്."

നെഹ്റുവിനെപ്പോലെ വാക്കുകൾ തൂക്കിനോക്കി പ്രയോഗിക്കുന്ന ഒരു പ്രഭാഷകൻ, കാര്യകാരണങ്ങളുടെ ഉള്ളുകള്ളികൾ സൂക്ഷ്മവും സുവ്യക്തം ഗ്രഹിക്കുന്ന ഒരു ചിന്തകൻ, ഇത്രയും പറയുമ്പോൾ മൗണ്ട്ബാററനെ ആരാണു ഹൃദയംഗമമായി ബഹുമാനിച്ചുപോകാത്തതു്?

ജൂൺ 20–ാംനു- മൗണ്ടു ബാററൻെറ പ്രക്ഷേപണം ചെയ്ത പ്രസംഗത്തിൽ ഇന്ത്യൻ ജനതയുടെ സ്വഭാവ മഹിമയേക്കുറിച്ചു പറഞ്ഞിട്ടുള്ളതു് വെറും ഭംഗിവാക്കുകൾ അല്ല. "ലോകചരിത്രത്തിൽ ഇന്ത്യയ്ക്കു ഒരു നല്ല ഭാഗം വഹിക്കേണ്ടതായിവരും........ഇന്ത്യൻ ജനതയിൽ ലീനമായിരിക്കുന്ന പ്രതിഭയും, ഗവേഷണ പ്രവണതയും ഇന്ത്യയുടേയും, ലോകത്തിൻെറയും, ക്ഷേമത്തിന്നായി വികസിച്ചു പ്രകാശിക്കുമെന്നുള്ളതിനും സംശയമില്ല." അദ്ദേഹത്തിൻെറ പിൻഗാമിയായ ശ്രീ രാജഗോപാലാചാരിയെ ഹൃദയപൂർവ്വം മൗണ്ടുബാററൻ അഭിനന്ദിക്കയും, ആ നിയമനത്തിൻെറ ഔചിത്യത്തെ പ്രത്യേകം എടുത്തു പറകയും ചെയ്തു. ചക്രവർത്തിയുടെ പ്രതിപുരുഷനല്ല, അദ്ദേഹം 'ചക്രവർത്തി രാജഗോപാലാചാരി' തന്നെയാണു്. നയകോവിദനും പക്വമതിയായ രാജതന്ത്രജ്ഞനുമായ രാജാജി തൻെറ പുതിയ ഉദ്യോഗത്തിൽ പ്രയോജനപൂർവ്വം പ്രകാശിക്കുമെന്നുള്ളതിനു സംശയമില്ല.

— : —

# ശ്രീ. ചങ്ങമ്പുഴ

## എഴുത ഉ ിവിച്ച ഏക മലയാള കവി.

തിരുവിതാംകൂറും കൊച്ചിയും കൈ കോർത്തു പിടിക്കുന്നതു ഇടപ്പള്ളി ദേശത്തു്, കേരളത്തിലൊട്ടുക്കു കലാപരിമളം പരത്തിയ രണ്ടു മോഹനകുസുമങ്ങൾ ഒരേ ഞെട്ടിൽ വികസിച്ചു പരിലസിച്ചു. പക്ഷെ അവയുടെ ജീവിതം മഴവില്ലുപോലെ മനോഹരവും ക്ഷണികവും, അന്തം ഇടിമുഴക്കം പോലെ ഭയങ്കരവും ദുസ്സഹവും ആയിരുന്നു. ഒന്നു് ഇടപ്പള്ളി രാഘവൻപിള്ള — മററതു ചങ്ങമ്പുഴ കൃഷ്ണപിള്ള. ഒന്നു വീണു വാടുകയും, മററതു വാടിവീഴുകയുമാണു ചെയ്തതെങ്കിലും, രണ്ടും ഒന്നുപോലെ അകാലത്തു അപ്രതീക്ഷിതമായി ഞെട്ടററുപോയി എന്നതു് അത്യന്തം ദുഃഖകരമായ ഒരു പരമാർത്ഥമാണു്.

താൻ ആദരിച്ചിരുന്ന ചില പ്രമാണങ്ങൾക്കു വേണ്ടി വികാരത്തെ നിർദ്ദയം മർദ്ദനം ചെ ു ഒടുവിലായിജീവിതത്തെത്തന്നെ ഒരു കഷണം കയറുകൊണ്ടു നിയന്ത്രിക്കുകയാണു ആ യുവകവി ചെയ്തതു്. ചങ്ങമ്പുഴ യാകട്ടെ വികാരത്തെ കയററത്തു വിട്ടു് ജീവ ിതത്തെപ്പോലും കൈവെടിയേണ്ട ഒരു ഘട്ടത്തിൽ എത്തിച്ചേരുകയും ചെയ്തു.

കാരണങ്ങളെന്തൊക്കെ ആയിരുന്നാലും, ഈ കലാകാരന്മാരുടെ അകാല നിര്യാണം കൈരളിക്കു ഞാൻ പാടില്ലാത്ത ഒരു നഷ്ടം തന്നെയാണു്. ഇത്രത്തോളം നിയതവും മഹനീയവുമായ സംഭാവനകൾ മലയാള ഭാഷാസാഹിത്യത്തിനു നൽകിയിട്ടുള്ള വ്യക്തികൾ വളരെ വളരെ ചുരുക്കം തന്നെയാണു്. ഇടപ്പള്ളിയുടെ മരണത്തെ ആസ്പദമാക്കി ചങ്ങമ്പുഴ രചിച്ചിട്ടുള്ള ഗ്രാമീണ വിലാപകാവ്യമായ 'രമണൻ' ആണു് ഈ രണ്ടു കവികളുടെയും അസാമാന്യമായ പ്രസിദ്ധിക്കുകാരണമായി ഭവിച്ചതു്. രമണനോളം പ്രചാരം ലഭിച്ചിട്ടുള്ള ഒരു കൃതി മലയാള ഭാഷയിൽ ഉണ്ടായിട്ടില്ല. ഒരു ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ അതിൻെറ 37,500-ൽ പരം പ്രതികളാണു വി ററ ഴി ഞ്ഞി ട്ടു ള്ള തു്. രമണനു ഇത്രയധികം പ്രചാരം ലഭിക്കുവാനുള്ള ഒരു കാരണം അതിൻെറ പ്രതിപാദന രീതിയുടെ പുതുമയും ലാളിത്യവുമാണു്. യഥാർത്ഥ സംഭവങ്ങൾ ആസ്പദമാക്കി രചിച്ചിട്ടുള്ള നല്ല വിലാപ കാവ്യങ്ങൾ ഒന്നുരണ്ടെങ്കിലും ഭാഷയിൽ ഇല്ലാതില്ല. അവയ്ക്കു പ്രചാര വിഷയത്തിൽ രമണനെ സമീപിക്കുവാൻ കഴിഞ്ഞിട്ടില്ല. ശൃംഗാരവും, കരുണവും വെട്ടിത്തുളുമ്പുന്ന ഒരു ഇതി വൃത്തമാണു് രമണനു ആസ്പദമായിട്ടുള്ളതു്, ആ കഥ ഒരു യഥാർത്ഥ കഥ ആണു് എന്നിങ്ങനെ ചിലതു കൂടെ അതിനു കാരണമാണെന്നു പറയാം.

ശൃംഗാരവും കരുണവും മൂലമാണു പ്രധാനമായി ചങ്ങമ്പുഴ അനുവാചകൻെറ മനസ്സിനെ ആകർഷിക്കുന്നതു് എങ്കിലും, കരുണരസംപോലെ മററൊന്നും, അത്യുച്ചകോടിയേ പ്രാപിച്ചിട്ടില്ല. ചങ്ങമ്പുഴയുടെ വിഷാദാത്മകത്വത്തെ ചിലർ പഴിക്കയും, ചിലർ സ്തുതിക്കയും ചെയ്തിട്ടുണ്ടു്. അതിൻെറ ഗുണദോഷങ്ങൾ എന്തുമാകട്ടെ, പ്രസ്തുത മനോഭാവത്തിനു് കലാസുഭഗമായ ഒരു പ്രകാശനം ലഭിച്ചിരിക്കുന്നിടത്തോളംകാലം അതു സ്വാഗതം ചെയ്തുതന്നെ വേണം. ചങ്ങമ്പുഴ, കവിതയിൽക്കൂടെ കരഞ്ഞു—വളരെ കരഞ്ഞു. ഒരു പതിനഞ്ചു വർഷങ്ങൾക്കു മുമ്പു അദ്ദേഹം സ്വന്തം സ്ഥിതിഗതികൾ ഓർത്തും, ലോകത്തിൻെറ കാപട്യം അനുഭവിച്ചും വളരെ വിലപിച്ചു. അങ്ങനെ 'ബാഷ്പാഞ്ജലി' സഹൃദയസമക്ഷം സമർപ്പിച്ചു. അതു കഴിഞ്ഞശേഷം അദ്ദേഹം 'ഇടപ്പള്ളി രാഘവൻപിള്ള'ക്കുവേണ്ടി കരഞ്ഞു. 'രമണൻ' പുറത്തുവന്നു. നമ്മേയും കരയിച്ചു. വല്ലാതെ കരയിച്ചു. അതിൻെറ ശേഷം ആ മഹാകവി നമുക്കുവേണ്ടി കരഞ്ഞു—അവശത അനുഭവിക്കുന്ന സമുദായത്തിനുവേണ്ടി അങ്ങനെ ഹൃദയമുള്ളവരെയെല്ലാം കരയിച്ചു. അപ്പോഴാണു അദ്ദേഹം ഒരു ജനകീയ കവി ആയിത്തീർന്നതു്. ചങ്ങമ്പുഴ ഒരു ജനകീയ കവി ആയിത്തീർന്നതു ഈ അടുത്തകാലത്തു മാത്രമാണു്. സാധാരണ ജനങ്ങൾക്കു സുഗ്രഹമായിരിക്കുന്ന പ്രതിപാദനരീതികൊണ്ടു ചങ്ങമ്പുഴ പണ്ടേ ജനകീയ കവി ആയിരുന്നു എന്നു പറഞ്ഞാൽ തെററില്ല എങ്കിലും, അവശതകളും യാതനകളും അനുഭവിക്കുന്ന ജനങ്ങളുടെ കവി ആയി അദ്ദേഹം വളർന്നിട്ടു വളരെ നാളുകൾ ആയിട്ടില്ല.

അതേസമയംതന്നെ ഒരു 35 വർഷങ്ങളിൽ ഇത്രത്തോളം വളർന്നിട്ടുള്ള മററൊരു മഹാകവി മലയാളത്തിൽ ഉണ്ടായിട്ടുണ്ടോ എന്നും ആലോചിക്കേണ്ടതാണു്. 1089 കന്നിമാസം 24-ാംനു- ഇടപ്പള്ളിയിൽ ചങ്ങമ്പുഴ വീട്ടിൽ ശ്രീമതി. പാറുക്കുട്ടിഅമ്മയുടെയും തെക്കേടത്തു നാരായണമേനോൻെറയും പുത്രനായി അദ്ദേഹം ജനിച്ചു. ഈ ചുരുങ്ങിയ കാലഘട്ടത്തിൽ മുപ്പതിൽപരം കൃതികൾ ചങ്ങമ്പുഴ രചിച്ചിട്ടുണ്ടു്. കാലത്തേയും പ്രായത്തേയും അതിക്രമിച്ചു ഇത്ര നന്നായും ഇത്ര ധാരാളമായും എഴുതിയിട്ടുള്ള ഒരു കവി എവിടെയാണുള്ളതു്? ദാരിദ്ര്യവും കലാവാസനയും തമ്മിൽ എന്തോ അടുത്ത ബന്ധം നമ്മുടെ നാട്ടിൽ പണ്ടേയുള്ളതാണു്. ചങ്ങമ്പുഴയും ഒരു ദരിദ്രനായി ജനിച്ചു; എങ്കിലും ഒരു ദരിദ്രനായി ജീവിച്ചു എന്നു പറയുന്നതു അത്ര ശരിയല്ല. സ്വപ്രയത്നംകൊണ്ടു വളരെ പണം അദ്ദേഹം സമ്പാദിച്ചിട്ടുണ്ടു്. അതിലധികം ചെലവാക്കിയിട്ടുമുണ്ടു. മുപ്പത്തഞ്ചു വയസ്സിനിപ്പുറം തൂലികാവ്യാപാരം കൊണ്ടു പേരെടുത്തിട്ടുള്ള കവികൾ മലയാളത്തിൽ തുച്ഛമാണു്; എന്നാൽ അതു മുഖേന നിത്യവൃത്തി കഴിച്ചിട്ടുള്ള കവികൾ അതിലും തുച്ഛമാണു്. ചങ്ങമ്പുഴയാകട്ടെ മുപ്പതു വയസ്സിനുള്ളിൽ 25,000-ക ഒരു സമയം ബാങ്കിൽ നിക്ഷേപിക്കത്തക്ക നിലയിൽ എത്തിച്ചേർന്നിരുന്നു. ആദ്യകാലത്തു പ്രോത്സാഹനാർത്ഥം ചില പ്രസാധകന്മാർ ചങ്ങമ്പുഴയുടെ വിദ്യാഭ്യാസച്ചെലവുകൾ നിർവ്വഹിച്ചുവന്നു. അതു കഴിഞ്ഞു ചങ്ങമ്പുഴക്കവിതകൾക്കു ക്രമേണ അ

ങ്ങാടി വില വദ്ധിക്കുകയും ചെയ്തു. ചുരുക്കിപ്പറഞ്ഞാൽ എഴുതി ജീവിച്ച ഏക മലയാള കവിയാണ് ചങ്ങമ്പുഴ.

ഉൽകൃഷ്ടമായ പ്രതിഭയും, ജന്മവാസനയും ഉള്ള ആളുകൾ ചെറുപ്പത്തിലേ അതു പ്രകടിപ്പിക്കുന്നു; എങ്കിലും ഫലസിദ്ധിയിൽ എത്തണമെങ്കിൽ നല്ല പാണ്ഡിത്യം കൂടെ ആവശ്യമാണ്. ചങ്ങമ്പുഴയ്ക്കു പാണ്ഡിത്യവും വാസനയും ഉണ്ടായിരുന്നെങ്കിലും പാണ്ഡിത്യത്തിന്റെ മുമ്പിൽ വാസന എന്നും തുള്ളിക്കളിച്ചുകൊണ്ടിരുന്നു. വണ്ടിയുടെ മുമ്പിലാണല്ലോ കുതിര പോകേണ്ടതു. നമ്മുടെ ചില കവികളുടെ കാവ്യത്തിൽ വണ്ടി മുമ്പിലും കുതിര പുറകിലുമായിട്ടാണ് കാണുന്നതു്. പാണ്ഡിത്യഭാരം തലകൊണ്ടു തള്ളിക്കൊണ്ടുപോകുന്ന അവർ അധികമൊന്നും പുരോഗമിപ്പാൻ ഇടയില്ല. അവർ വളരെയൊക്കെ വളരെ നാളുകൾ എഴുതിയാലും ജനഹൃദയങ്ങളെ പ്രാപിക്കുന്നില്ല.

ചങ്ങമ്പുഴയെക്കുറിച്ചു ചിന്തിക്കുമ്പോൾ അദ്ദേഹത്തിന്റെ കവിതാസരണിയുടെ പ്രത്യേക ഗുണമായ ശബ്ദ സൗഭഗത്തെക്കുറിച്ചു സ്മരിക്കാതിരിക്കാൻ നിവൃത്തിയില്ല. സംസ്കൃത പദങ്ങളോടൊ പ്രയോഗ രീതികളോടൊ ഒരു മമതയും അദ്ദേഹം കാണിച്ചിട്ടില്ല. അതുകൊണ്ടു് അദ്ദേഹത്തിന്റെ കവിതകൾക്കു മാററു കൂടുകയല്ലാതെ ഒരുവിധത്തിലും കുറവു വന്നിട്ടില്ല. തനി മലയാള പദങ്ങളുടെ ഒഴുക്കും കൊഴുപ്പും, സൗന്ദര്യവും മാധുര്യവും എത്രമാത്രമുണ്ടെന്നു ചങ്ങമ്പുഴ നമുക്കു കാണിച്ചുതന്നു. അദ്ദേഹത്തിന്റെ വരണ്ട തൊണ്ടയിൽ സംഗീതത്തിന്റെ കണികപോലുംഇല്ലായിരുന്നുവെങ്കിലും സംഗീതമാധുരിയോളംവെട്ടുന്ന ആ ഹൃദയതീർത്ഥത്തിൽ ഓരോ ആശയവും ഓരോ പദവും മുങ്ങിമുഴുകി മോക്ഷം പ്രാപിക്കുകയാണു ചെയ്തിട്ടുള്ളതു്.

ചങ്ങമ്പുഴ ഒരു വികാരസദനം ആയിരുന്നു. അദ്ദേഹം ചിന്തിച്ചതും, പറഞ്ഞതും, പ്രവൎത്തിച്ചതും, അനുഭവിച്ചതും എല്ലാം വികാരത്തിന്റെ അനിയന്ത്രിതമായ ഒഴുക്കിൽ തലയിട്ടുകൊണ്ടാണ്. ജീവിതത്തിൽ അങ്ങേയററം വരെ പലതും അദ്ദേഹം അനുഭവിച്ചു. അദ്ദേഹം ആനന്ദത്തിന്റെ ഉച്ചശൃംഗങ്ങളിൽ തുള്ളിക്കളിച്ചുവെങ്കിൽ നൈരാശ്യത്തിന്റെ അഗാധഗൎത്തത്തിൽ വീണു തകരുകയും ചെയ്തിട്ടുണ്ടു്. കേരളത്തിന്റെ അഭിമാന ഭാജനമാണെന്നുള്ള പ്രശംസ ഒരു വശത്തുണ്ടെങ്കിൽ, നാട്ടുകാരുടെ നാററന്ന നിന്ദ മറുവശത്തു തീൎച്ചയാണ്. അനിയന്ത്രിതമായ വൈവശ്യത്തിന്നടിമപ്പെട്ട ഒരു കാമുകനായിരുന്നു അദ്ദേഹം — പക്ഷെ "കരയുവാനായ് പിറന്നൊരു കാമുകൻ" എന്നു വേണം പറയുവാൻ.

ആകെക്കൂടെ നോക്കുമ്പോൾ, ചങ്ങമ്പുഴയുടെ ജീവിതത്തിൽ, അനിയന്ത്രിതമായ വികാരത്തിന്റെ വിജയവും അപജയവും അതിന്റെ മൂൎദ്ധന്യത്തെ പ്രാപിച്ചിട്ടുണ്ടു്. അതിന്റെ വിജയമാണ് അദ്ദേഹത്തിന്റെ കവിത — അപജയം ആ ജീവിതവും. ആ വിജയം നമുക്കു ഒരു നേട്ടമാണെങ്കിൽ ആ അപജയം നമുക്കു ഒരു പാഠവുമാണ്. ചങ്ങമ്പുഴയുടെ ആത്മാവിനു നിത്യശാന്തിയെ പ്രാൎത്ഥിക്കുകയും, അനേകലക്ഷങ്ങളോടു ചേൎന്നു ഞങ്ങളും അനല്പമായ ദുഃഖത്തിൽ പങ്കുകൊള്ളുകയും ചെയ്യുന്നു.

——

# നോവൽ

പി. കേശവമേനോൻ എം. എ. എം. എസ്സ്. സി.

പാശ്ചാത്യഭാഷകളും സംസ്കാരവുമായുള്ള സംഘട്ടനത്തിനു മുമ്പ് ഭാരതത്തിൽ എല്ലാ ഭാഷകളിലുമായി രണ്ടു നോവലുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ— രാമായണവും ഭാഗവതവും. എന്നാൽ ഉപകഥകളെന്നോ ചെറുകഥകളെന്നോ പറയാവുന്ന ഇനത്തിൽ ഒട്ടുവളരെ ഉണ്ടായിരുന്നുതാനും. പുരാണകഥകളും 'ബൃഹൽകഥാ'സമാഹാരവും, ചിലപ്പതികാരാദി ദ്രാവിഡകഥകളും മററും ഈ വകുപ്പിൽ പെടുത്താവുന്നവയാണ്. പാശ്ചാത്യസാഹിത്യങ്ങളുമായ സമ്പർക്കത്തിന്നു ശേഷവും ഭാരതീയഭാഷകളിൽ വളരെ നോവലുകൾ ഉണ്ടായിട്ടുണ്ടെന്നു പറയുന്നതു് ആലോചിച്ചിട്ടുതന്നെ വേണം. നമ്മുടെ ഭാഷയിലാകട്ടെ ഇതുവരെയായി ഒന്നര നോവലേ ഉണ്ടായിട്ടുള്ളുവെന്നു് ഞാൻ പറയും. അതു് ഇന്ദുലേഖയും ശാരദയിൽ പകുതിയുമാണ്. വരട്ടെ, നെററി ചുളിയ്ക്കണ്ടാ. കാരണം വഴിയേ പറയാം.

രാമായണവും ഭാരതവും കൂടി രാജാക്കന്മാരുടെ കഥകളാണ്. മററ് ഇതിഹാസാദികഥകളും ഏതാണ്ട് അപ്രകാരം തന്നെ. കഥാപാത്രങ്ങൾ രാജകുടുംബാംഗങ്ങളായുള്ള കാരണമില്ലാതേയുമല്ല. ഈ കാരണമെന്താണെന്നറിയുന്നതോടുകൂടി ഭാരതീയഭാഷകളിൽ നോവൽപ്രസ്ഥാനത്തിനു വലിയ സ്ഥാനമില്ലാതായതിൻെറ കാരണവും വ്യക്തമാകും.

ഇതര സാഹിത്യവകുപ്പുകളെ അപേക്ഷിച്ച് നോവലിനു പ്രാദേശികത കൂടുതലും സാർവ്വലൌകികത കുറവുമാണ്. ഈ കാരണത്താൽ ഭാരതീയഭാഷകളിലേക്കു തർജ്ജമ ചെയ്യപ്പെട്ട എല്ലാ പാശ്ചാത്യനോവലുകളും പാശ്ചാത്യനോവലുകൾ മാത്രമേ ആകുന്നുള്ളൂ.

ഭാരതീയപശ്ചാത്തലത്തിലേക്കു് അവയെ പരാവർത്തനം ചെയ്യുവാൻ ഒട്ടും സാദ്ധ്യമല്ലാതെയുമിരിക്കുന്നു. ഇതേ കാരണത്താലാണ് ആംഗലഭാഷാനോവലുകളേയും മററും അനുകരിച്ച് നമ്മുടെ ഭാഷകളിൽ എഴുതപ്പെടുന്ന നോവലുകൾ അലങ്കോലമായും അസ്വാഭാവികമായും കാണപ്പെടുന്നതും.

സംഭവബഹുലതയാണ് നോവലിൻെറ നാരായവേരു്. നോവലുകളിലെ 'സംഭവ'ങ്ങൾ സംഭാവ്യങ്ങളല്ലെങ്കിൽക്കൂടി സ്വാഭാവികമായേ കഴിയൂ. സ്വാഭാവികതയോ സാമുദായികപശ്ചാത്തലത്തെ അവലംബിച്ചുമിരിക്കുന്നു. നോവലുകളിലെ 'സംഭവ'ങ്ങൾ ഉണ്ണുക, ഉറങ്ങുക മുതലായ വെറും ദൈനംദിനസംഭവകോടിയിൽ പെടുന്നവയല്ലാ. അവയ്ക്കു് ഏതാണ്ടൊരു ആകർഷകത്വം വേണം. ഈ ആകർഷകത്വം, ആ സംഭവങ്ങളുടെ, അവ എത്രതന്നെ തുച്ഛങ്ങളായാലും പുറകെ വരുന്ന മററു സംഭവങ്ങളുടെ ബാഹുല്യത്തെ ആസ്പദിച്ചിരിക്കും.

അതായതു് ആ സംഭവങ്ങൾക്കു് ഒരു തരം അസംഭാവ്യത തന്നെ ഉണ്ടായിരിക്കണമെന്നു താല്പര്യം. അസംഭാവ്യതയിൽ സ്വാഭാവികതയും കൂടിക്കലരുമ്പോഴാണു് ആകർഷകതയുണ്ടാവുന്നതു്.

ഭാരതീയഭാഷകളിൽ നോവലിന്റെ സാമാന്യേനയുള്ള അഭാവത്തിന്റെ കാരണം നമ്മുടെ സാമുദായികപശ്ചാത്തലത്തിൽ മേൽ വിവരിച്ച തരത്തിലുള്ള സംഭവവികാസങ്ങൾ തുലോം കുറവാണെന്നതാണു്. ഭാരതീയ സാഹിത്യങ്ങളിൽ രാജാക്കൻമാർ കഥാപാത്രങ്ങളായതു നമ്മുടെ സഹൃദയലോകം വെറും മുഖസ്തുതിപാഠകന്മാരായതു കൊണ്ടല്ല. അവരറിയാതെ തന്നെ പാമരൻമാരുടെ കാര്യങ്ങൾ പുറകിൽ തള്ളപ്പെടുകയും രാജാക്കൻമാരും അവരുടെ കാര്യങ്ങളും മുമ്പിൽ കയറി സ്ഥലം പിടിക്കുകയുമാണുണ്ടായിട്ടുള്ളതു്.

ഇന്നും സ്ഥിതിഗതികൾക്കു വലിയ ഭേദം വന്നിട്ടുണ്ടെന്നു പറയുവാൻ നിവൃത്തിയില്ല. ഇന്നും നമ്മുടെ ജനതയെപ്പററി വളരെ കഥകളൊന്നും പറയുവാനില്ല. ഉണ്ടെങ്കിൽ തന്നെ അവ വെറും ചെറുകഥകളേ ആയിരിക്കൂ. ഇന്നു മലയാളഭാഷയിൽ ചെറുകഥാകർത്താക്കൾ അധികമാവും നോവൽകർത്താക്കൾ കുറവുമായിരിക്കുന്നതിന്നു കാരണവും മററൊന്നുമല്ല. ഇന്നത്തെ ലോകം പ്രവൃത്തിബാഹുല്യത്താൽ ദീർഘങ്ങളായ നോവലുകളേയും കാവ്യങ്ങളെയും ഇഷ്ടപ്പെടുന്നില്ല. ചെറുകഥകളും ഖണ്ഡകാവ്യങ്ങളും മാത്രമേ ഇന്നുള്ളവർക്കു രുചിക്കൂ. അതുകൊണ്ടാണു നോവലും മഹാകാവ്യങ്ങളും ഇന്നു് ആരും രചിക്കാത്തതു് എന്നു്. ഈ വാദം സാധുവല്ലെന്നു് എനിക്കു തോന്നുന്നു. ഞാൻ പറയും, നമുക്കു നോവലും, മഹാകാവ്യവും എഴുതുവാനും വായിക്കുവാനും ധാരാളം സമയമുണ്ടു്. ആഗ്രഹമുണ്ടു്. അതിന്നു ശേഷിയുള്ള സാഹിത്യകാരന്മാരുമുണ്ടു്; പക്ഷേ നമ്മുടേതായി നമുക്കൊന്നും എഴുതുവാനില്ലെന്നു്; അതായതു, നമുക്കു് ഒരു നോവലെഴുതുവാനോ മഹാകാവ്യമെഴുതുവാനോ പററിയ ഇതിവൃത്തങ്ങൾ ഇല്ലെന്നു്; നമ്മുടെ സാമുദായികപശ്ചാത്തലങ്ങൾ പാശ്ചാത്യ രാജ്യങ്ങളിലെപ്പോലെ ആകർഷകങ്ങളായ സംഭവങ്ങൾ അല തല്ലുന്നതല്ലെന്നു്. നാം രാജാക്കൻമാരെപ്പററി ഒട്ടേറെ കഥകൾ പറഞ്ഞു മടുത്തു. ഇനി നമുക്കു് ആരെ പററിയും ഒന്നും പറയുവാനില്ല. വല്ല ചരിത്രപ്രസിദ്ധന്മാരായ രാജാക്കന്മാരെപ്പററിയും അവർക്കുണ്ടായിട്ടുള്ള ചില പ്രത്യേകാനുഭവങ്ങളെപ്പററിയും, സി. വി. രാമൻപിള്ളയെ തുടൻ വേണമെങ്കിൽ ഇനിയും ഒന്നോ രണ്ടോ കഥകൾകൂടി പറയാം. അതോടെ എല്ലാം കൊട്ടിക്കലാശിച്ചു.

ഇന്ദുലേഖയേയും ശാരദയേയും ഞാൻ നോവലുകളാണെന്നു പറഞ്ഞു. സി. വി.യുടെ നോവലുകൾ നോവലുകളല്ലെ ? ഭവത്രാതന്റെ 'അഫന്റെ മകൾ' നോവലല്ലെ? വിരുതൻ ശങ്കു നോവലല്ലെ ? ഇനിയും ഓരോന്നോരോന്നായി നിങ്ങൾ എടുത്തു ചോദിക്കുമായിരിക്കും. നിങ്ങളുടെ പ്രീതിക്കായി വേണമെങ്കിൽ അതെ എന്നു പറയാം. പക്ഷെ തുറന്നു പറയുകയാണെങ്കിൽ ഞാൻ പറയും, സി. വി. യുടെ കഥകളിലെ സംഭവങ്ങളുടെ അസ്വാഭാവികത അവയെ അറബിക്കഥകൾപോലാക്കീട്ടുണ്ടെന്നു്; ഭവത്രാതന്റെ അഫ

ൻെറ മകരം ഉജ്ജ്വലമായ ഒരു ചെറുകഥയാണെന്നു്. വിരുതൻ ശങ്കു തമിഴിലെ മദനകാമരാജൻ കഥയോ, വിക്രമാദിത്യൻകഥയോ പോലെ ഏതാണ്ടു മുൻപറഞ്ഞ ഇനത്തിൽ പെടുമെന്നു്. മററും മററും.

ഇത്രയും പറഞ്ഞ ഞാൻ ഇന്ദുലേഖയേയും ശാരദയേയും നോവലാണെന്നു പറഞ്ഞതെന്തുകൊണ്ടാണെന്നു് ആശ്ചര്യപ്പെടുന്നവർ ഉണ്ടായിക്കൂടെന്നില്ല. ശ്രീ. ചന്തുമേനോൻ അസാമാന്യപാടവമുള്ള ഒരു ലോകവ്യവഹാരനിരീക്ഷകനായതുകൊണ്ടു അദ്ദേഹത്തിനു മലയാളത്തിൻെറ പ്രത്യേകതകയിൽനിന്നു ഒന്നു രണ്ടു രസാവഹങ്ങളായ കാര്യങ്ങൾ കടഞ്ഞെടുത്തു കട്ടുത്തുടിയാടുവാൻ കഴിഞ്ഞു. നമ്പൂരിമാരുടെ ആഢ്യത്വവും വിഡ്ഢിത്തവും വിദ്വത്വവും നായന്മാരുടെ തറവാട്ടുസമ്പ്രദായത്തോടും മരുമക്കത്തായാചാരത്തോടും ബ്രാഹ്മണഭക്തിയോടും കൂടി കൂട്ടിമുട്ടുമ്പോൾ ചില മിന്നൽപിണരുകൾ ഉണ്ടാകാതെ തരമില്ലെന്നു കണ്ടറിഞ്ഞതിനാലാണു ഇന്ദുലേഖയുണ്ടായതു്. അവിടെത്തന്നെ തൽകർത്താവു് വളരെ ക്ലേശിച്ചുകാണണം. അസ്ഥാനത്തിലെന്നു പരക്കെ അഭിപ്രായമുള്ള പതിനെട്ടാമദ്ധ്യായം പോയാൽ ഇന്ദുലേഖയുടെ മൂന്നിലൊന്നു കുറയുമെന്നും അപ്പോൾ അതു വലുപ്പം കൊണ്ടെങ്കിലും ഒരു ചെറിയ നോവലായി തീരുമെന്നും നാം ഓർക്കുമ്പോൾ ചന്തുമേനോൻ പതിനെട്ടാമദ്ധ്യായം ചേർത്തതിൻെറ ഉദ്ദേശശുദ്ധിയെപ്പററിത്തന്നെ സംശയിച്ചു പോകുവാൻ ന്യായമില്ലേ! പതിനെട്ടാമദ്ധ്യായമില്ലാത്ത ഇന്ദുലേഖ വെറും ചെറിയ നോവലാകുന്നതു് ചന്തുമേനോൻെറ ആശയക്കുറവിനാലല്ല, ഇതിവൃത്തത്തിൻെറ അനിവാര്യമായ ഹ്രസ്വതയാലാണെന്നുകൂടി പറയട്ടെ. 'ശാരദ'യിൽ കരുക്കളായി ചന്തുമേനോൻ പിടികൂടിയതു് ഒന്നു്; മലയാളികളുടെ കൂടെപ്പിറപ്പായ വ്യവഹാരമനസ്ഥിതിയും, രണ്ടു്, നായന്മാർ ശുദ്ധരും ധാർമ്മികളുമായ നമ്പൂരാരുടെ നേരെ കാണിക്കാറുണ്ടായിരുന്ന ആദരവിനെ വൈഗ്ഗ്യകൃത്തിൻെറ പേരിൽ, ബ്രാഹ്മണ്യത്തിൻെറ പേരിൽ അപഹരിച്ചു് ഊട്ടും ദക്ഷിണയും വാങ്ങി സേവയും, സംബന്ധവും, ഏഷണിയും, മോഷണവും, വഞ്ചനയുമാകുന്ന പഞ്ചായുധങ്ങളാൽ മലയാളത്തറവാടുകളെ നശിപ്പിച്ചു് സ്വാർത്ഥം പുലർത്തിപ്പോരാറുണ്ടായിരുന്ന ചില വ്യക്തികളോടു തനിക്കുള്ള നിന്ദയുമാണു. ഇതേ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി ഇനിയും നോവലുകളെഴുതിയാൽ അവ ചർവ്വിതചർവ്വണമായി പോകാനിടയുള്ളതുകൊണ്ടും മററു കാര്യമായ വിശേഷതകൾ ഇല്ലാതായ്പോയതുകൊണ്ടും നമ്മുടെ സാഹിത്യകാരന്മാർ നോവലുകളെഴുതുവാൻ പരിശ്രമിക്കാതായി. അഥവാ ഏതാനും പരിശ്രമങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവ അപജയത്തിൽ കലാശിക്കുവാനും കാരണമായി.

ഇന്നു് സുദീർഘമായ നോവലുകൾ ആർക്കും വേണ്ടാതായിട്ടില്ല. അത്രയ്ക്കു മാത്രം സമയക്കുറവും നമുക്കുണ്ടായിട്ടില്ല. വലിയ പാശ്ചാത്യനോവലുകൾ നാം ഇന്നും വായിക്കുന്നുണ്ടു്. എന്നും വായിക്കുകയും ചെയ്യും. നമ്മെക്കാൾ പ്രവൃത്തി കൂടുതലുള്ള പാശ്ചാത്യലോകത്തിന്നും വലിയ നോവലുകളിൽ വിരക്തി വന്നിട്ടില്ല.

അവർ വലിയ വലിയ നോവലുകൾ ഇന്നും രചിയ്ക്കാറുണ്ട്.

സാമുദായിക നോവലുകൾ, ഡിററക്ടീവ് നോവലുകൾ, ശാസ്ത്രീയ നോവലുകൾ തുടങ്ങിയ പലതരം നോവലുകളും ഇന്ന് യൂറോപ്പിലും അമേരിക്കയിലും നൂറുനൂറായി പുറത്തുവരുന്നുണ്ട്. അവയ്ക്ക് ആയിരക്കണക്കായി ലക്ഷക്കണക്കായി വില്പനയുമുണ്ട്.

പാശ്ചാത്യ ഭാഷകളിലെ നോവലുകളുടെ പരാവർത്തനങ്ങൾ വെറും പാശ്ചാത്യ നോവലുകളെ ആയിരിക്കും എന്ന് ഞാൻ പറയുകയുണ്ടായല്ലോ. ഉദാഹരണമായി പരന്ത്രീസുകാരനായ മോപ്പ സാങ്ങിൻെറ ഒരു നോവലിൻെറ തർജ്ജമയായ 'കാമുകൻ' എന്ന പുസ്തകത്തിലെ പേരുകൾ രാമനെന്നോ, രുഗ്മിണിയെന്നോ, കോയമ്പത്തൂരെന്നോ മററോ ആയി മാററി വായിച്ചു നോക്കുക. ബാലകൃഷ്ണപ്പിള്ളയുടെ തർജ്ജമയായാലും ഭാരതീകരണം ആ പുസ്തകത്തെ കൊന്നുകളയുമായിരുന്നു. ഡിററക്ടീവ് നോവലുകൾക്കുള്ള പശ്ചാത്തലവും നമുക്കില്ല. കുററവും, കൊലയും, തട്ടിപ്പറിയും, കുററാന്വേഷണവും, തല്ലും പോലീസ്സും എല്ലാം നമ്മുടെ നാട്ടിലുമുണ്ട്. എന്നാലും രസാവഹങ്ങളായ കുററാന്വേഷണകഥകൾക്ക വേണ്ട കുററങ്ങളോ, കുററവാളികളോ, കുററാന്വേഷകന്മാരോ നമ്മുടെ നാട്ടിലില്ലെന്നു പറയുന്നതിൽ അബദ്ധമുണ്ടെന്നു തോന്നുന്നില്ല.

ശാസ്ത്രീയ കഥകൾക്കുള്ള പശ്ചാത്തലമാണോ നമ്മുടേതു്? ഒരു എച്ച്. ജി. വെൽസിന്നോ, ജൂൽസ് വേണിന്നോ നമ്മുടെ നാട്ടിൽ സ്ഥാനമുണ്ടോ? ചന്ദ്രനിലേയ്ക്ക് മാനസികമല്ലാതെ ഭൌമികമായ ഒരു യാത്രയ്ക്കോ, മന്ത്രമോ ഇന്ദ്രജാലമോ കൂടാതെ രസതന്ത്ര ഗവേഷണഫലമായി അഗോചര ഗാത്രനാവുന്നതിന്നോ അഥവാ അങ്ങിനെയെല്ലാം ആലോചിയ്ക്കുന്നതിനെങ്കിലുമോ നമുക്ക് വഴിയുണ്ടോ? ആറേറാമിക്ക് ശക്തിയുപയോഗിച്ചുകൊണ്ട് വിസ്മയാവഹങ്ങളായ എന്തെങ്കിലും കാര്യങ്ങൾ നിർവ്വഹിക്കുന്നതായ കഥകൾ അടുത്ത ഭാവിയിൽ പാശ്ചാത്യ രാജ്യങ്ങളിലെങ്ങും എഴുതപ്പെട്ടുന്നുവെങ്കിൽ ഞാൻ ഒട്ടും ആശ്ചര്യപ്പെടുകയില്ല. ഇന്ത്യയിൽ അങ്ങിനെ ഒരൊററ കഥയെങ്കിലും ആരെങ്കിലും എഴുതുവാൻ വഴിയുണ്ടെന്നു് തോന്നുന്നുണ്ടോ?

— o —

'നഖലേഖനം' എന്ന പുതിയ കലാസമ്പ്രദായത്തേക്കുറിച്ചു ചിത്രങ്ങളോടുകൂടിയ ഒരു ലേഖനം അടുത്ത ലക്കത്തിൽ ഉണ്ടായിരിക്കും.

# വിരഹത്തിൽ

ആർ. രാമചന്ദ്രൻ.

അന്നു ഞാനിരവിലെൻ കണ്മണി, മണിയറ
തന്നിൽ നിൻമുഖം മാറോടണച്ചു മന്ദം
നിന്നളി വേണിപിന്നിസ്സുന്ദര സുരഭില-
മന്ദാര മലർമാല ചൂടിച്ചപ്പോൾ,
ചൂണ്ടിണ തന്നിൽ വെമ്പിനിന്നോരപ്രണയാർദ്ര-
ചുംബനങ്ങളാൽ നിന്നെ മൂടിയപ്പോൾ
ചൊന്നു നീയടച്ചു നിൻകണ്ണുകൾ, "മറക്കമോ-
യെന്നാത്മനാഥനീ മധുരരംഗം?"

നമ്മൾതൻ ഹൃദയത്തിൽ നിർവൃതി തുളുമ്പിനോ.
രമ്മധു നിശീഥിനി മറഞ്ഞുപോയി-
നീരാന്ന നിൻമിഴികൾ ചുംബിച്ചു ഞാനുഷസ്സിൽ
നീറിടും കരളുമായ് യാത്രചൊൽകേ
ഒരുട്ടറച്ചുളക്കാന്ന മെത്തയിൽ നിന്നെടുത്ത
പുഷ്പങ്ങളിതൾ വാടിക്കരിഞ്ഞു പോയി!
ഇന്നിതാ വിദൂരത്തിൽ ഖിന്നനായ് മേവുന്നുഞാൻ
നിന്നിൽനിന്നകന്നു മദാനന്ദമേ!
മുന്നിൽവന്നണയുന്നു തെന്നലൊത്തലവീശി-
ച്ചന്ദ്രിക കളിയാടും യാമിനികൾ!
അല്ലലാ ലടങ്ങാതെത്തൊരല്ലലാലവിരത-
മുള്ളിൽനിന്നുയരുമെൻ നിശ്വാസങ്ങൾ
അന്നു നീപറഞ്ഞതിന്നുത്തരമരുളുവാൻ
നിന്നടുത്തണകയാണാരോമലേ!

—:o:—

# ഷട്ദർശനങ്ങളെപ്പററി ജവഹർലാൽ

(പി. എൻ. മൂസ്സത്. ബി. എ. എൽ. ടി)

സ്വാതന്ത്ര്യഭാരതത്തിന്റെ ഒന്നാമത്തെ പ്രസിഡണ്ടായ ജവഹർലാൽ നെഹ്റു പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ ഉത്തമസന്താനമാണെന്നും ഭാരതീയ മതസമ്പ്രദായങ്ങളെക്കുറിച്ച് അദ്ദേഹത്തിന് വലിയ മതിപ്പില്ലെന്നും ചിലർ പറയാറുണ്ട്. ഈ ഒടുവിൽ പറഞ്ഞ അഭിപ്രായം കേവലം അജ്ഞജനപ്രവാദമാണെന്നും ആര്യമത തത്വങ്ങളുടെയെല്ലാം സാരാംശം അദ്ദേഹം നല്ലവണ്ണം ഗ്രഹിച്ചിട്ടുണ്ടെന്നും ഇയ്യിടെ അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുള്ള "ഭാരതത്തിന്റെ അഭിനവദർശനം" (Discovery of India) എന്ന അമൂല്യ ഗ്രന്ഥം മനസ്സിരുത്തി വായിച്ചിട്ടുള്ളവർക്കറിയാം. ഒരു ഭരണതന്ത്രജ്ഞനും മഹാധീരനും എന്ന നിലയ്ക്ക് ജവഹർലാൽ അളവററ ബഹുമാനം അർഹിക്കുന്നു. എന്നാൽ അതിനെക്കാളും എത്രയോ ആരാധനാർഹമാണ് അദ്ദേഹത്തിന്റെ നവനവോന്മിഷത്തായ പ്രതിഭാപ്രഭാവം. കാരാഗൃഹത്തിന്റെ കലുഷമായ കൈകൾക്കുകൂടി പ്രത്യഗ്രഭാസുരവും ഏകാന്തസുന്ദരവുമായ സൽഗ്രന്ഥപയോധാരകളെ കറന്നെടുക്കത്തക്ക മഹിമാതിശയത്തോടുകൂടിയ ഈ ഭാരതീയ കാമധേനുവിന്റെ അനുഭാവവിശേഷത്തിൽ വമ്പിച്ച ഒരു ഭാഗം ഇന്നും ജനങ്ങൾക്കജ്ഞാതമായിക്കിടക്കുന്നു. സ്വാതന്ത്ര്യത്തിന്റെ സേനാനി, രാഷ്ട്രീയമഹായജ്ഞത്തിന്റെ അധ്വര്യു, ഭാരതത്തിന്റെ ഒന്നാമത്തെ ഭരണാധ്യക്ഷൻ എന്നീ നിലകളിൽ, സമരത്തിലും സമാധാനത്തിലും അഗ്രഗണ്യനായി തന്റെ നാട്ടുകാരുടെ ഹൃദയങ്ങളിൽ അഗ്ര്യസ്ഥാനാർഹനായി (First in peace, First in war, First in the heart of his Country men) പ്പരിലസിക്കുന്നതിനിടയിൽ ഒരു തത്വചിന്തകൻ, സാരഗ്രാഹി, ജിജ്ഞാസു, ആഷസംസ്കാര ധുരന്ധരൻ, എന്നീ നിലകളിലുള്ള അദ്ദേഹത്തിന്റെ പ്രഭാപ്രസരം ജനങ്ങൾ വേർതിരിച്ചറിയുന്നില്ലെന്നു മാത്രമേയുള്ളു. ദൈവവിശ്വാസം ജവഹർലാലിനില്ലെന്നൊരു പ്രവാദമുണ്ട്. പക്ഷെ അദ്ദേഹത്തിന്റെ ഗ്രന്ഥം വായിച്ചപ്പോൾ എനിക്കു തോന്നിയത് നമ്മുടെ ദൈവവിശ്വാസത്തെക്കാൾ അദ്ദേഹത്തിന്റെ ദൈവതിരസ്കാരമാണ് മഹനീയമെന്നാണ്. കാരണം, അന്തഃകരണാന്ധ്യത്തിന്റെ ഊന്നുവടിയിൽ നിന്നാണ് നാം ചിലതു ജല്പിക്കുന്നത്. എന്നാൽ ഒരിടത്തും ഇരുട്ടുപററിപ്പിടിക്കാത്ത ജവഹർലാലിന്റെ പ്രഭാപൂരിതവും

നിഷ്കാമനിർമ്മലവും ആദർശഭൂതവുമായ അന്തഃകരണാദർശത്തിൽ സത്യത്തിൻെറ അകലുഷ ചൈതന്യം പ്രതിഫലിക്കുന്നു. ഒരു സാധാരണ മനുഷ്യൻെറ പരിണാമസ്ഥിതിക്കും ജവഹർലാലിൻെറ അന്തഃകരണം പ്രാപിച്ചിട്ടുള്ള സംസ്കാരതുംഗതക്കും തമ്മിൽ ധ്രുവങ്ങളുടെ അന്തരം ഉണ്ടു്. അദ്ദേഹത്തെ വിമർശിക്കാൻ ഉദ്യമിക്കുന്ന ഒരു സാധാരണ മനുഷ്യൻ നാഴികൊണ്ടു് ആഴി ജലത്തെ അളക്കാൻ ശ്രമിക്കയാണു് ചെയ്യുന്നതു്. ഭാരതീയ തത്വചിന്താസരണിയിൽ ജവഹർലാലിനുള്ള ആദരവും അവഗാഹവും വായനക്കാരെ ഗ്രഹിപ്പിക്കുന്നതിനായി "ഷട്ദർശനങ്ങൾ" എന്ന തലവാചകത്തിൽ "ഭാരതത്തിൻെറ അഭിനവ ദർശനം" എന്ന ഗ്രന്ഥത്തിൽ അദ്ദേഹം പ്രതിപാദിക്കുന്ന ചില സംഗതികളെ തർജ്ജമ ചെയ്തു ചുവടേ ചേർക്കുന്നു.

"ഭാരതീയ തത്വദർശനങ്ങളുടെ ആരംഭം ബുദ്ധനു മുമ്പുള്ള കാലത്തേക്കു് നമ്മുടെ ശ്രദ്ധയെ എത്തിക്കുന്നു. ബുദ്ധദർശനവും ആര്യദർശനവും ഒന്നിച്ചു വളർന്നുവന്നതിനിടക്കു് അവ പരസ്പരം ആശ്രയിക്കയും മത്സരിക്കയും ചെയ്തിട്ടുണ്ടു്. ക്രിസ്തുവർഷാരംഭത്തിനു മുമ്പുതന്നെ ഷട്ദർശനങ്ങൾ രൂപമെടുത്തു കഴിഞ്ഞിരുന്നു. അനേകം മതഭേദങ്ങളുടെ മദ്ധ്യത്തിൽ നിന്നു് കടഞ്ഞെടുത്തവയാണു് ഈ ആറു ദർശനങ്ങൾ. ഇവയിൽ ഓരോന്നും ഓരോ സ്വതന്ത്രലക്ഷ്യത്തെയോ സ്വതന്ത്രസിദ്ധാന്തത്തെയോ പ്രതിനിധീകരിക്കുന്നു. എങ്കിലും അവകൾതമ്മിൽ വിജാതീയ ഭേദമല്ല ഉള്ളതു്. ഒരു വമ്പിച്ച തത്വപദ്ധതിയുടെ അംഗങ്ങൾ മാത്രമാണവ.

ന്യായം, വൈശേഷികം, സാംഖ്യം, യോഗം, മീമാംസ, വേദാന്തം എന്നിവയാണു് ഷട്ദർശനങ്ങൾ.

ഇവയിൽ ന്യായദർശനം, അതിൻെറ പേരു സൂചിപ്പിക്കുന്നതുപോലെ, യുക്തിചിന്താപരമാണു്. അരിസ്റ്റോട്ടിലിൻെറ അനുമാന രീതിയോടു് പലവിധത്തിലും സാമ്യമുള്ളതാണതു്. എങ്കിലും അവകൾ തമ്മിൽ മൗലികമായ പല വ്യത്യാസങ്ങളുമുണ്ടു്. ന്യായദർശനത്തിൻെറ അടിസ്ഥാന സിദ്ധാന്തങ്ങൾ മറെറല്ലാദാർശനികന്മാരും സ്വീകരിച്ചിട്ടുണ്ടു്. പൌരാണികകാലം മുതല്ക്കു തന്നെ ന്യായദർശനം ഒരന്തഃകരണാഭ്യാസമെന്ന നിലക്കു് ഭാരതത്തിലെ എല്ലാ കലാശാലകളിലും പഠിപ്പിച്ചുവന്നിരുന്നു. എന്നാൽ പാശ്ചാത്യവിദ്യാഭ്യാസ പദ്ധതിയിൽ അതിനു് സ്ഥാനം അനുവദിച്ചിട്ടില്ല. പക്ഷെ പഴയ രീതിയിൽ സംസ്കൃതം പഠിപ്പിക്കുന്ന പദ്ധതികളിലെല്ലാം അതു് അനപേക്ഷ്യമായ ഒരംഗമാണു്. തത്വ സിദ്ധാന്തങ്ങളുടെ ഗ്രഹണത്തിനുള്ള ഒരു പൂർവ്വരംഗമെന്ന നിലക്കുമാത്രമല്ല അഭ്യസ്തവിദ്യരാവാൻ ആഗ്രഹിക്കയും ഉദ്യമിക്കയും ചെയ്യുന്നവർക്കെല്ലാം അവശ്യം ആവശ്യമായ ഒരു മാനസിക പരിശീലനം എന്ന നിലക്കു കൂടി അതു സ്വീകാര്യമായിരുന്നു. യൂറോപ്യ വിദ്യാഭ്യാസത്തിൽ അരിസ്റ്റോട്ടിലിൻെറ അനുമാനസിദ്ധാന്തത്തിനുള്ള സ്ഥാനം പോലെ അത്ര പ്രാധാന്യമുള്ള ഒന്നായിരുന്നു ന്യായത്തിനു പുരാതനഭാരതീയ വിദ്യാഭ്യാസപദ്ധതിയിൽ ഉണ്ടായിരുന്ന സ്ഥാനവും.

എന്നാൽ ആധുനിക സയൻസിൻെറ വസ്തുപര്യവേക്ഷണരീതിയ

ല്ലഅന്നു് ആ ദശ്നത്തിന്റെ അധ്യയനത്തിന്നു് ഉപയോഗിച്ചിരുന്നതു്. എങ്കിലും അതിന്നു് സ്വന്തമായ ഒരു രീതി ഉണ്ടായിരുന്നു. ഇന്ദ്രിയ വിഷയങ്ങളായ പദാത്ഥങ്ങളെ പരിശോധിച്ചു് അനുമാന രീതിയ്ക്കനുസരിച്ചു് കെട്ടിപ്പടുത്തിട്ടുള്ളതാണതു്. യുക്തിചിന്തയ്ക്കു വശംവദമാവാത്ത ചില വിശ്വാസങ്ങളും അതിനടിയിൽ ഉണ്ടു്. ജീവിതത്തിലും പ്രകൃതിയിലും ഒരു ഐക്യവും യോജിപ്പും ഉണ്ടെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നു. സാകാരനായ ഈശ്വരനിലും ദേഹം പ്രതിഭിന്നനായ ആത്മാവിലും പരമാണുസംഘടിതമായ ബ്രഹ്മാണ്ഡത്തിലും വിശ്വാസം കാണപ്പെടുന്നു. ആത്മാവും ദേഹവും കൂടിച്ചേന്നാണു് വ്യക്തിത്വം ഉണ്ടായിത്തീരുന്നതു്. ആത്മാക്കളുടെയും പ്രകൃതിയുടെയും പ്രതിഭാസമത്രെ യാഥാത്ഥ്യം.

വൈശേഷിക സമ്പ്രദായം പല വിധത്തിലും ന്യായത്തോടു സാമ്യമുള്ളതാണു്. ദേഹംപ്രതി ആത്മാവു ഭിന്നനാണെന്നുള്ള തത്വത്തെ അതു ഉറപ്പിച്ചു പറയുന്നു. ബ്രഹ്മാണ്ഡത്തിന്റെ പരമാണുസംഘടനാതത്വത്തെ അതു ബലപ്പെടുത്തുകയും ചെയ്യുന്നു. ധമ്മമാണു് ബ്രഹ്മാണ്ഡത്തെ ഭരിയ്ക്കുന്നതെന്നു നിശ്ചയിച്ചിരിയ്ക്കുന്നു. ഈ കേന്ദ്ര സിദ്ധാന്തത്തിന്നു് ചുററുമാണു് ദശ്നം മുഴുവനും പരിവത്തനം ചെയ്യുന്നതു്. സാകാരനായ ഈശ്വരന്റെ അസ്തിത്വം സ്പഷ്ടമായി സമ്മതിച്ചിട്ടില്ല. ന്യായവൈശേഷികങ്ങൾക്കും ബുദ്ധമതപൂവ്വ രൂപങ്ങൾക്കും തമ്മിൽ പല സംവാദങ്ങളുണ്ടു്.

സാംഖ്യദശ്നം ബി. സി. 7-ാം നൂററാണ്ടിൽ കപിലൻ സ്ഥാപിച്ചു. ഇതു അത്ഭുതകരമായ ഒരു തത്വചിന്താസരണിയാണു്. ബുദ്ധമതകാലത്തിനു മുമ്പു് പല ചിന്താപ്രവാഹങ്ങളെയും ഉദ്ദീപിപ്പിച്ചതാണിതു്. റിച്ചേർഡു് ഗാർബു് എന്ന ചിന്തകന്റെ അഭിപ്രായത്തിൽ "കപിലന്റെ ദശ്നത്തിൽ ലോകചരിത്രത്തിൽ ഇദം പ്രഥമമായി മനുഷ്യമനസ്സിന്റെ പൂണ്ണസ്വാതന്ത്ര്യവും സ്വശക്തിയിലുള്ള പൂണ്ണവിശ്വാസവും പ്രത്യക്ഷപ്പെട്ടു"

ബുദ്ധമതോദയത്തിനു ശേഷം സാംഖ്യം സുദൃഢീകൃതമായ ഒന്നായിത്തീന്നു. മനസ്സിന്റെ ബഹിർമുഖാവസ്ഥയിലുള്ള വിഷയ വിവേചനവുമായി വളരെ ബന്ധം ഈ ദശ്നത്തിനില്ല. സങ്കല്പജന്യമായ ഇന്ദ്രിയാതീത തത്വചിന്തയിലാണതു വിശ്രമിയ്ക്കുന്നതു്. കാര്യകാരണ ചിന്തകളിലൂടെ ബുദ്ധമതംപോലെ സാംഖ്യവും പുരോഗമനം ചെയ്കയും യുക്തിവാദത്തിന്റെ അടിസ്ഥാനത്തിൽ മാത്രം നിന്നു് ബുദ്ധമതത്തെ എതിരിടുകയും ചെയ്തു. ഇതുനിമിത്തമാണു് ഈശ്വരനെ സ്വീകരിക്കാൻ തരമാകാഞ്ഞതു്. അങ്ങനെ സാംഖ്യത്തിൽ സാകാരനോ നിരാകാരനോ ആയ ഒരീശ്വരനുമില്ല. നിരീശ്വരതത്വത്തിലാണതു പര്യവസാനിക്കുന്നതു്. അഭൌമികമായ ഒരു മതത്തിന്റെ അസ്തിവാരത്തെ അതു തകത്തു. ബ്രഹ്മാണ്ഡത്തിന്റെ സ്രഷ്ടാവായ ഒരീശ്വരനില്ല. അതിന്നു് നിരന്തരമായ പരിണാമമാണു് കാരണം. പരിണാമം സംഭവിയ്ക്കുന്നതു് പുരുഷന്മാക്കും പ്രകൃതിക്കും തമ്മിലുള്ള സമ്മേളനം കൊണ്ടാണു്. സാംഖ്യത്തെ ദ്വൈത സിദ്ധാന്തമെന്നു പറ

യുന്നു. കാരണം അതു പുരുഷൻെറ യും പ്രകൃതിയുടെയും അസ്തിത്വം സ്വീകരിച്ചിരിക്കുന്നതാണ്. പുരുഷന്മാർ അസംഖ്യമാണ്. പുരുഷൻെറ യോഗത്തിൽ പ്രകൃതി പല വിധ ജീവജാലങ്ങളെയും സൃഷ്ടിക്കുന്നു. കാര്യകാരണ ഭാവം അംഗീകരിച്ചിട്ടുണ്ട്. പക്ഷെ കാര്യം കാരണത്തിൽ ലയിച്ചിരിക്കുന്നു. കാര്യ കാരണഭാവങ്ങൾ ഒരേ വസ്തുവിൻെറ വ്യക്താവ്യക്ത രൂപങ്ങളാണ്. അവ രണ്ടും ഒന്നുതന്നെയെന്നു സിദ്ധാന്തം.

പതഞ്ജലിയുടെ യോഗസിദ്ധാന്തം ദേഹമനസ്സുകളുടെ നിയന്ത്രണം വഴിയുള്ള അധ്യാത്മ സാധനയിൽ നമ്മെ എത്തിക്കുന്നു. യോഗസിദ്ധാന്തത്തിന് പുറമെ പതഞ്ജലി സംസ്കൃതത്തിൽ പാണിനീയ വ്യാകരണത്തിന് ഒരു ഭാഷ്യവും എഴുതിയിട്ടുണ്ട്. ഇതിന് മഹാഭാഷ്യമെന്നു പറയുന്നു. ലെനിൻഗ്രാഡിലെ പ്രൊഫസർ ഷേർ ബാട്സ്കി പറയുന്നു "പാതഞ്ജല മഹാഭാഷ്യത്തോടുകൂടിയ പാണിനീയ വ്യാകരണമാണ് ഇന്ത്യയിലെ ആദർശഭൂതമായ ശാസ്ത്രീയഗ്രന്ഥം" എന്ന്. പക്ഷെ യോഗദർശന കർത്താവായ പതഞ്ജലിയും ഭാഷ്യകാരനായ പതഞ്ജലിയും ഒരേ ആൾ തന്നെയോയെന്ന് ഇനിയും തീച്ചപ്പെട്ടിട്ടില്ല. ഭാഷ്യകാരൻ ജീവിച്ചിരുന്നത് ബി. സി. രണ്ടാം നൂററാണ്ടിലാണെന്നു നിസ്സംശയം തെളിഞ്ഞിട്ടുണ്ട്. യോഗസൂത്രങ്ങളുടെ കർത്താവായ പതഞ്ജലി വേറൊരാളാണെന്നും രണ്ടു മൂന്നു നൂററാണ്ടിന്നു് ശേഷമാണ് അയാൾ ജീവിച്ചിരുന്നതെന്നും ചിലർ പറയുന്നു.

യോഗം എന്നതിന് 'ഐക്യം' എന്നാണർത്ഥം. പാശ്ചാത്യരാജ്യങ്ങളിൽ യോഗം എന്ന വാക്ക് സുപരിചിതമാണ്. എന്നാൽ അതു ചില അത്ഭുത സിദ്ധാന്തങ്ങളേയും ശാരീരികമാനസികാഭ്യാസങ്ങളെയും കുറിക്കുന്നതായിട്ടാണ് പാശ്ചാത്യരിൽ അധികപേരും കരുതിവരുന്നത്. ഇതിൽ നിന്നെത്രയോ ഉപരിയാണ് അതിൻെറ ലക്ഷ്യം. മനോനിഗ്രഹം കൊണ്ടും മററും അത്യുന്നതങ്ങളായ ജ്ഞാനവിശേഷങ്ങളെ പ്രാപിയ്ക്കാമെന്നാണ് യോഗസൂത്രങ്ങളിൽ നിന്നു ഗ്രഹിയ്ക്കേണ്ടതു്. എന്നാൽ അതു സ്വയം തത്വഗ്രഹണത്തിന് സാധകന്മാരെ സമർത്ഥരാക്കുകയാണ് ചെയ്യുന്നതു്. യോഗം പരീക്ഷണ പരമാണ്. ശരിയായ പരീക്ഷണ മാർഗ്ഗങ്ങളെ അതു നിർദ്ദേശിക്കുന്നു. ഈ നിലയ്ക്ക് അതു ഏതു തത്വചിന്താപദ്ധതിയിലും ഉൾക്കൊള്ളിക്കാം. നിരീശ്വര സാംഖ്യന്മാർക്കു കൂടി ഇതു അനുസരിക്കുന്നതിന് യാതൊരു വിരോധവുമില്ല. യോഗം മുഖ്യമായി പ്രയോഗ പ്രയോജനത്തോടുകൂടിയതാകയാൽ പാതഞ്ജല യോഗത്തിലെ സിദ്ധാന്തഭാഗങ്ങൾ അത്ര പ്രധാനങ്ങളല്ല. ലക്ഷ്യപ്രാപ്തിക്കുള്ള ഉപായങ്ങളായ ചിത്തവൃത്തിനിരോധാദികളാണ് അതിൽ പ്രധാനം. ഈശ്വര വിശ്വാസം, സിദ്ധാന്തത്തിൻെറ ഒരു അനുപേക്ഷ്യഭാഗമല്ല. സാകാരനായ ഈശ്വരനിലുള്ള വിശ്വാസം മനസ്സിൻെറ ദേശബന്ധത്തിന്, അതായതു, ധാരണയ്ക്കുപകരിയ്ക്കുന്നതിനാൽ പ്രയോജനപ്പെടുന്നുവെന്നു മാത്രം.

യോഗത്തിൻെറ ഉയന്ന പടികൾ അതീന്ദ്രിയമായ ഒരു സ്ഥിതിവിശേഷത്തിലേയ്ക്കോ ത്രൈകാലികജ്ഞാന

പൂർത്തിയിലേക്കോ മിസ്റ്റിക്കുകൾ വിവരിക്കുന്ന വിധത്തിലുള്ള ആനന്ദാവസ്ഥയിലേക്കോ നയിക്കുമെന്നാണ് പറഞ്ഞുവരുന്നതു്. ഇതു വളരെ ഉയർന്ന നിലയിലുള്ള ഒരു ബോധാവസ്ഥയോ അഥവാ ഒരു സ്വയം സമ്മോഹനം മാത്രമോ എന്നു് എനിക്കറിഞ്ഞുകൂടാ. ആദ്യത്തേതു സാദ്ധ്യമാണെങ്കിൽ രണ്ടാമത്തേതു സംഭാവ്യവുമാണു്. അനിയന്ത്രിതമായ യോഗാഭ്യാസം ആപൽക്കരമാണെന്നുള്ളതു് അനുഭവസിദ്ധമാണു്.

യോഗത്തിൻെറ അന്ത്യലക്ഷ്യമായ സമാധി സാധിക്കുന്നതിനു മുമ്പു് ശരീരമനസ്സുകളുടെ നിയന്ത്രണം ശരിക്കു് സിദ്ധിക്കണം. ശരീരം അരോഗ ദൃഢമായിരിക്കണം. ശാരീരിക നിയന്ത്രണത്തിനു് അനവധി യോഗാസനങ്ങൾ വിവരിക്കപ്പെട്ടിട്ടുണ്ടു്. ഇവ ശരീരത്തെ ക്ഷീണിപ്പിക്കാതെ ദേഹദാർഢ്യത്തെ വർദ്ധിപ്പിക്കുന്നു. ഇന്ത്യയുടെ തത്ത്വജ്ഞാനപരമായ സംസ്കാരസമ്പത്തിനു് ഏററവും യോജിച്ച ഒരഭ്യസന രീതി ഇതുതന്നെയാണു്. ചൈതന്യ ദുർവ്യയം കൂടാതെ ആരോഗ്യ പരിപാലനം ഇതു സാധ്യമാക്കുന്നു. ഈ ആസനങ്ങളിൽ ചിലതു വൃദ്ധന്മാർക്കു കൂടി അനുഷ്ഠിക്കത്തക്കവയാണു്. എല്ലാ പ്രായത്തിലുള്ളവർക്കും ഇവ പററുന്നവെന്നതാണു് പരമാർത്ഥം. ഇവയിൽ ലഘുവായ ചിലതു ഞാൻ തന്നെ പരിശീലിച്ചിട്ടുണ്ടു്. അവയാൽ എനിക്കു വലിയ ഗുണം സിദ്ധിച്ചിട്ടുണ്ടു്. ഉവയോടൊന്നിച്ചു ചില പ്രാണായാമ പരിശീലനങ്ങളും ചെയ്തിട്ടുള്ളതല്ലാതെ മററു സ്വാനുഭവവും യോഗമാർഗ്ഗത്തിലെനിക്കില്ല. ശാരീരിക സാധനകളിൽ താണ പടിയിലുള്ള ചിലതു പരിശീലിച്ചതിൽ കവിഞ്ഞു ഞാനൊന്നും ചെയ്തിട്ടില്ല; എൻെറ മനസ്സു ഇപ്പോഴും വഴക്കുണ്ടാക്കുന്ന വഴങ്ങാത്ത ഒരംഗമായിത്തന്നെ വർത്തിക്കുന്നു.

ഇങ്ങനെയുള്ള സാധനങ്ങളുടെയെല്ലാം അന്ത്യഫലമായി നിർവ്വികല്പസമാധിയിലെത്തിച്ചേരുമെന്നാണു് സിദ്ധാന്തം. യോഗ സിദ്ധാന്തത്തെക്കുറിച്ചു് സ്വാമി വിവേകാനന്ദൻെറ സൂക്തികളാണു് പ്രമാണഭൂതങ്ങളായിരിക്കുന്നതു്. യുക്തിയിൽ അടിയുറച്ചുനില്ക്കുന്നതാണു യോഗമെന്നദ്ദേഹം ഉൽഘോഷിക്കുന്നു. ആവേശമോ ഉൽബോധമോ അതീന്ദ്രിയജ്ഞാനമോ എന്തുതന്നെയായാലും അതു യുക്തിക്കനുരൂപം ആയിരിക്കണം എന്നു മാത്രമല്ല ലോകഹിതമായിരിക്കുകയും വേണം. യുക്തിക്കു വിരുദ്ധവും ലോകത്തിനു് അഹിതവുമായ യാതൊന്നും ആ വകുപ്പുകളിൽ ഉൾപ്പെടുന്നതല്ല.

അനുഭവമാണു് ജ്ഞാനത്തിനു നിദാനം. പരീക്ഷണമാണു അതിൻെറ ആർജ്ജനത്തിനുള്ള രീതി. യുക്തിപൂർവ്വമുള്ള ചിന്തയോ പരീക്ഷണമോ കൊണ്ടു് ഒരു മതം നശിക്കുമെങ്കിൽ ആ മതത്തിനു് നിലനിൽക്കാൻ യോഗ്യതയില്ല. അതു കഴിയുന്നവേഗത്തിൽ നശിക്കുന്നതാണു് നല്ലതു്. യുക്തിചിന്തക്കു വിരുദ്ധമായി നിൽക്കാൻ മതങ്ങൾ ആഗ്രഹിക്കുന്നതെന്തു കൊണ്ടാണെന്നു് മനസ്സിലാവുന്നില്ല. യുക്തിയെ അനുസരിച്ചു് മനുഷ്യർ നിരീശ്വരരായിരിക്കുന്നതാണു്, മററൊരാളുടെ വാക്കുകൾ കേട്ടു ഇരുനൂറു് ഈശ്വരന്മാരിൽ അന്ധമായി വിശ്വസിക്കുന്നതിനേക്കാൾ ശ്രേയസ്കരം. ഇന്ത്രി

യാതീതന്മാരായ ദൈവദൂതന്മാരോ മതപ്രവാചകന്മാരോ ഉണ്ടായിരിക്കാം. അവർക്ക് അതീന്ദ്രിയ ലോകത്തെക്കുറിച്ചു വളരെ വിവരമുണ്ടായെന്നും വരാം. എന്നാൽ ആ സ്ഥിതി സ്വയം സിദ്ധിക്കുമ്പോഴേ മാത്രമേ നമുക്കവരെ വിശ്വസിക്കാനാവൂ. യുക്തിചിന്തയ്ക്കെത്താത്ത പലതുമുണ്ടെന്നും അതിനു കാരണം ബുദ്ധി ദുർബ്ബലവും പരിമിതവുമാണെന്നും ചിലർ വാദിക്കാറുണ്ട്. ബുദ്ധിക്കങ്ങിനെയൊരു ദോഷമുണ്ടെങ്കിൽ ആ മതപ്രവാചകന്മാർക്കും പുരോഹിതന്മാർക്കും ബാധകമാകയാൽ അവരെങ്ങിനെ അധികം നല്ല മാർഗ്ഗദർശികളാവും? സ്വാമി വിവേകാനന്ദൻ പറയുന്നതിങ്ങനെയാണ്. "ഞാൻ എൻെറ ബുദ്ധിയെ പിന്തുടരും. ആ ദൌർബല്യമുള്ളതാണെങ്കിലും അതിൽ കൂടി മാത്രമേ സത്യം ദർശിക്കാൻ അല്പമെങ്കിലും സംഭാവ്യതയുള്ളൂ. അതുകൊണ്ട് ബുദ്ധിയേയും യുക്തിയേയും നാം അനുസരിക്കുന്നതാണ് ശ്രേയസ്കരം. അങ്ങനെ ചെയ്യാത്തവരുടെ സ്ഥിതി പരിതാപകരവുമാണ്. രാജയോഗത്തിൻെറ പരിശീലനത്തിനു വിശ്വാസമേയാവശ്യമില്ല. സ്വയം ചിലതു് അനുഭവിച്ചറിയുന്നതു വരെ അതിൽ ഒന്നും വിശ്വസിക്കേണ്ടതായിട്ടില്ല.

പിന്നെത്തെ ദർശനം മീമാംസയാണ്. ഇതു കർമ്മപരവും നാനാ ദേവാരാധനത്തിലേയ്ക്കു നയിക്കുന്നതുമാണ് ഹൈന്ദവധർമ്മവും നിയമങ്ങളും ഈ ദർശനത്തിൻെറ ശാസനങ്ങൾക്കു വിധേയമായി രൂപപ്പെടുത്തിട്ടുള്ളവയാണ്. ദേവന്മാർക്കു പല സിദ്ധികളും പദവികളും ഉണ്ടെങ്കിലും അവർ മനുഷ്യരെക്കാൾ സൃഷ്ടിയിൽ താണവരാണെന്നു ഹിന്ദുമതം കരുതുന്നതു് ആശ്ചര്യകരമായ ഒരു സംഗതിയാണ്. മോക്ഷത്തിനധികാരി മനുഷ്യനാണെന്നാണ് ഹിന്ദുക്കളും ബുദ്ധമതക്കാരും വിശ്വസിക്കുന്നതു്. മനുഷ്യനായി ജനിച്ചശേഷമേ ദേവനു മോക്ഷം സിദ്ധിക്കുകയുള്ളൂ. ബഹുദൈവ വിശ്വാസികളായ മററു മതക്കാരുടെ വിശ്വാസത്തിൽ നിന്നു് ഇതു ഭിന്നമാണ്. ബൌദ്ധന്മാരുടെ വിശ്വാസം മനുഷ്യനു മാത്രമേ ബുദ്ധപദവി സംസിദ്ധമാകയുള്ളുവെന്നാണ്.

അവസാനത്തെ ദർശനം വേദാന്തമാണ്. സാംഖ്യന്മാരുടെ പുരുഷനും പ്രകൃതിയും ഭിന്നതത്വങ്ങളല്ലെന്നും എല്ലാം ഏകമാത്രസ്വഭാവസ്വത്തിൻെറ വിവർത്തങ്ങളാണെന്നും അതു സിദ്ധാന്തിച്ചു. പഴയ വേദാന്തത്തിൻെറ അടിസ്ഥാനത്തിന്മീതെ ശങ്കരാചാര്യർ അദ്വൈതസിദ്ധാന്തം കെട്ടിപ്പടുത്തു. ഹൈന്ദവതത്വദർശനങ്ങളിൽ വെച്ചു സർവ്വോപരി പ്രാധാന്യം അർഹിക്കുന്നതു് അദ്വൈതമാണ്.

അദ്വൈതമതപ്രകാരം ആത്മാവു മാത്രമാണ് സത്യം. അതു വിഷയിയും മററുള്ളതെല്ലാം വിഷയങ്ങളുമാണ്. ഈ ഒന്നു് എങ്ങിനെ പലതായി, എല്ലാററിലും അനുസ്യൂതമായിത്തീർന്നുവെന്നും അതിൻെറ അഖണ്ഡപരിപൂർണ്ണതയ്ക്കൊരു കുറവ് ഉണ്ടാവാത്തതെന്തുകൊണ്ടെന്നും മററും യുക്തിചിന്തയിൽനിന്നു സിദ്ധിക്കുന്നതല്ല. ഉപനിഷത്തു് ഈ സദ്വസ്തുവിനെ വർണ്ണിച്ചിട്ടുള്ളതിങ്ങനെയാണ്.

പൂർണ്ണമദഃ പൂർണ്ണമിദം
പൂർണ്ണാൽ പൂർണ്ണമുദച്യതെ

പൂർണ്ണസ്യ പൂർണ്ണമാദായ
പൂർണ്ണമേവാവശിഷ്യതെ.

ശങ്കരാചാര്യർ നിരവധി സൂക്ഷ്മവാദങ്ങളാൽ അദ്വൈതമതത്തെ സുസ്ഥാപിതമാക്കിയിരിക്കുന്നു. ഘടകാകാശത്തിൻെറ മട്ടിലുള്ള ജീവാത്മാവും മഹാകാശത്തിൻെറ മട്ടിലുള്ള പരമാത്മാവും ഭിന്നന്മാരാണെന്നു തോന്നുമെങ്കിലും സൂക്ഷ്മത്തിൽ ഒന്നുതന്നെ. ജീവപരന്മാരുടെ ഐക്യം തന്നെയാണു മോക്ഷം എന്ന സ്വാതന്ത്ര്യാവസ്ഥ.

നാമരൂപാത്മകമായ ഈ ജഗത്ത് മായാകാര്യമാണ്. മായയെ ഇല്ലാത്തതു് എന്നു പറയാറുണ്ടെങ്കിലും അതു് അഭാവരൂപമല്ല. വ്യക്താവ്യക്താവസ്ഥകൾക്കു മധ്യത്തിലുള്ള ഒന്നാണതു്. നന്മയും തിന്മയും മായാകാര്യങ്ങളാകയാൽ അവയും നിസ്സാരങ്ങളോ എന്നു ചോദിക്കുന്ന പക്ഷം അവയുടെ സാക്ഷാൽ സ്വരൂപം എന്തുതന്നെ ആയാലും നമ്മുടെ ലോകത്തിൽ അവ സാരഭൂതങ്ങളാണ്. വ്യക്തികൾ വ്യക്തികളെന്ന നിലയ്ക്കു പെരുമാറുന്ന അവസരങ്ങളിലെല്ലാം ഈ നിലതന്നെ അവയ്ക്കുണ്ടായിരിക്കയും ചെയ്യും.

വർണ്ണാശ്രമധർമ്മങ്ങൾ ശങ്കരൻ സ്വീകരിച്ചുവെങ്കിലും ജ്ഞാനത്തിന്നു ഏതു ജാതിക്കും അർഹതയുണ്ടെന്നദ്ദേഹം വിധിച്ചിട്ടുണ്ടു്. ലോകപരിത്യാഗം, നിസ്സംഗത്വം, മുതലായ ഗുണങ്ങൾ മോക്ഷേച്ഛുക്കൾക്കവശ്യം വേണ്ടവയാണ്. കർമ്മസന്യാസം ശ്രേഷ്ഠമാണെന്നാണു തത്വമെങ്കിലും ശങ്കരാചാര്യർ ആശ്ചര്യകരമായ കർമ്മാനുഷ്ഠാനത്തിയുള്ള ആളായിരുന്നു. മററുള്ളവരുടെ കാര്യങ്ങളെല്ലാം മറന്നു് സ്വന്തം മോക്ഷത്തിനായി മാത്രം പ്രയത്നിച്ചുകൊണ്ടു വല്ല വിജനസ്ഥലത്തും കഴിച്ചുകൂട്ടുകയല്ല അദ്ദേഹം ചെയ്തതു്. മലബാറിലാണു ജനിച്ചതെങ്കിലും കന്യാകുമാരി മുതൽ കൈലാസം വരെയുള്ള വിശാലഭാരതം മുഴുവനും അദ്ദേഹത്തിൻെറ പ്രവർത്തനരംഗമായിരുന്നു. അദ്ദേഹത്തിൻെറ ചൈതന്യധന്യതയാൽ അങ്കിതമാണ് ഇന്നും ഹൈന്ദവാന്തഃകരണാന്തരീക്ഷം. മുപ്പത്തിരണ്ടു വയസ്സിനുള്ളിലുള്ള വളരെ ചുരുങ്ങിയ ആയുഷ്കാലംകൊണ്ടു് അനേകശതം ജന്മങ്ങളിലെ കൃത്യങ്ങൾ അദ്ദേഹം ചെയ്തു തീർത്തു. തെക്കു ശൃംഗേരി, കിഴക്കു പുരി, പടിഞ്ഞാറു ദ്വാരക, വടക്കു ബദരീനാഥം, എന്നീ സ്ഥലങ്ങളിൽ ഓരോ സന്യാസിമഠം അദ്ദേഹം സ്ഥാപിച്ചു. കേദാരനാഥത്തിൽവെച്ചു് ഈ അത്ഭുതപുരുഷൻ ദേഹത്യാഗം ചെയ്കയും ചെയ്തു.

ഗതാഗതസൌകര്യം വളരെ കുറവായ ആ അതിപ്രാചീനകാലത്തു് ശങ്കരാചാര്യർ നടത്തിയ ദിഗ്വിജയപര്യടനത്തിൽ നിന്നു ഒരു സംഗതി സ്പഷ്ടമാകുന്നു. ഇന്ത്യയ്ക്കു ആ വിദൂരഭൂതകാലത്തുകൂടി ഒരൈക്യം ഉണ്ടായിരുന്നുവെന്നുള്ളതാണതു്. പൊതുവായ ഒരു സാംസ്കാരികജീവിതം ഭാരതത്തിനന്നും ഉണ്ടായിരുന്നു എന്നു അതു വെളിപ്പെടുത്തുന്നു. സംസ്കൃതഭാഷയ്ക്കു ഹിമവത്സേതുപര്യന്തം വിദ്വൽഭാഷയെന്ന നിലയ്ക്കു പ്രചാരമുണ്ടായിരുന്നുവെന്നും അനുമാനിക്കാം. പുതിയ ഗ്രന്ഥങ്ങളും പുതിയ ആശയങ്ങളും അതിവേഗത്തിൽ എങ്ങും പ്രചരിക്കയും ചെയ്തിരുന്നു. പുരാതനഭാരതത്തിലെ നാനാത്വത്തിനിടയിൽ മതപരവും ചിന്താപരവും ആയ

(ശേഷം 25-ാം പേജിൽ)

# കഷായത്തിൻെറ പ്രകരം

കൊച്ചുവൈദ്യൻ.

## ക്ഷമാസമ്പന്നൻ.

ഫാക്ടറിജോലിക്കാരനായ ഔസേപ്പ് അയാളുടെ മാനേജരോട്:

"സാറെ, എനിക്ക് നാളെ ഒരു ദിവസത്തേയ്ക്കു ദയവായി അവധി തരണം".

"ഇപ്പോഠം ഫാക്ടറിയിൽ ആഠം വളരെ കുറവാണ്. ആറോ, ഏഴോ ആഴ്ചകഠംക്കു മുമ്പ് നിനക്കു ഒരു ദിവസം അവധി തന്നെന്നു തോന്നുന്നല്ലോ".

"അതു ശരിയാണ് സാർ അതെൻെറ ഭാര്യയുടെ ശവസംസ്കാരത്തിന്നായിരുന്നു". എന്നു ഔസേപ്പ് സമ്മതിച്ചു.

"അതേ; ഞാൻ ഇപ്പോഠം അതോക്കുന്നു. ശരി, നാളെ എന്തിനാണ് അവധി?".

നാളെ ഞാൻ വിവാഹം കഴിക്കാൻ പോകയാണ്''.

"എന്ത്? വിവാഹം കഴിക്കാനോ! നിൻെറ ഭാര്യയെ ശവക്കുഴിയിൽ വച്ചിട്ട് രണ്ടുമാസം പോലുമായിട്ടില്ല. അപ്പോഴേങ്ങിനെയാണ് രണ്ടാമതും വിവാഹം കഴിക്കുന്ന കാര്യം ആലോചിക്കപോലും ചെയ്യുന്നതു്".

"സാറെ, എൻെറ കാര്യം പറകയാണെങ്കിൽ, ഞാൻ ആരോടും ഒരിക്കലും ഒരു വിരോധം അധികനാഠം മനസ്സിൽ വെച്ചുകൊണ്ടിരിക്കുന്നവനല്ല".

## കേസിൽ ഒരു സ്ത്രീ.

ഒമ്പതു വയസ്സുള്ള ബാബു, ക്രുദ്ധനായി തൻെറ പിതാവിൻെറ സമീപത്തെത്തി.

''എന്താ ബാബു നീ ക്ഷോഭിച്ചിരിക്കുന്നതു്?" അപ്പൻ ചോദിച്ചു. ബാബു ഒന്നു ഏങ്ങൽ ഇടിച്ചു; പിന്നെ കാരണം വ്യക്തമാക്കി:

"ഞാൻ ഇപ്പോഠം വരുന്നതു് താങ്കളുടെ ഭാര്യയുമായി ഒരു നല്ല വഴക്കു കഴിഞ്ഞിട്ടാണ്''.

## ആഠം തെററിപ്പോയി.

''അപ്പോഠം നിങ്ങഠം ഇന്നലെ സംസ്കാര പരിപോഷണസംഘത്തിൻെറ യോഗത്തിനു പോയിരുന്നു അല്ലേ? എൻെറ ഭാര്യയും പോയിരുന്നു. അവർ പ്രസംഗിച്ചോ?"

"നിങ്ങളുടെ ഭാര്യ ആരാണെന്നു് എനിക്കറിയാൻ വയ്യ. പക്ഷെ, ആ ഢ്യമായി, നീളം കൂടി, സ്വല്പം വണ്ണം കുറഞ്ഞ ഒരു സ്ത്രീ എഴുന്നേററ......"

"അതെ - അതെൻെറ ഭാര്യ ആയിരിക്കണം. ങ്ാ, എന്നിട്ട് അവർ എന്തു പറഞ്ഞു?"

"അവർ എഴുന്നേററ് തൻെറ ആശയങ്ങളും വികാരങ്ങളും പ്രകടിപ്പിക്കാൻ തനിക്കു വാക്കുകഠം കിട്ടുന്നില്ല എന്നു പറഞ്ഞു."

"ഇല്ല. എന്നാൽ അതെൻെറ ഭാര്യ ആയിരിക്കാൻ തരമില്ല."

---

# ധൂമാങ്കുരചിന്തകൾ

കരി.

പ്രിയപ്പെട്ട വായനക്കാരേ! നിങ്ങൾക്കാർക്കെങ്കിലും ധൂമപാനം ചെയ്യുക എന്ന ദുശ്ശീലം പിടിപെട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ നിങ്ങളാണു ഭാഗ്യവാന്മാർ. എൻെറ കാര്യം പറയുകയാണെങ്കിൽ ഈ ദുശ്ശീലം എന്നെ ഒരു അടിമയാക്കിത്തീർത്തിരിക്കയാണ്. ഒരു സിഗരററ വലിക്കണമെന്നു തോന്നിയാൽപിന്നെ—ശിവനേ! ഒന്നു കത്തിച്ചു കഴിയുന്നതുവരെ രാശ്വാസവുമില്ല. ഇപ്പോൾതന്നെ, വൈകിട്ടത്തെ പത്രം മേശപ്പുറത്തു വച്ചിരിക്കയാണ്. വായിക്കണമെന്നുണ്ട്. പക്ഷെ എന്തു ചെയ്യാം! ഒരു സിഗരററ വലിച്ചേ തീരൂ. ഇവിടെങ്ങും ഒരു സിഗരററിൻെറ മുറിപോലും കാണാനുമില്ല. എടാ വാസു! ഇങ്ങോട്ടു വന്നേ. ആ കേശവപ്പിള്ളയുടെ കടയിൽപോയി ഒരു പാക്കററ സിഗരററ വാങ്ങിച്ചു കൊണ്ടുവാ.

## ദോഷരഹിതമായ പ്രതിവിധി.

യുദ്ധകാലത്തു് പുതിയ നാഴികമണി കിട്ടാൻ പ്രയാസമായതുകൊണ്ടു് ഒരാൾ തൻെറ പഴയ "വല്യപ്പൻ നാഴികമണി" നന്നാക്കിക്കാൻ ഒരു കടയിലേക്കു അതു ചുമന്നു കൊണ്ടു പോകുകയായിരുന്നു. നാഴികമണി അയാളുടെ കാഴ്ച തടഞ്ഞിരുന്നതുകൊണ്ടു് വഴി ശരിയായി കാണ്മാൻ പാടില്ലായിരുന്നു. എതിർ വശത്തുനിന്നും വന്ന ഒരു യുവതിയുടെ ദേഹത്തു് അയാൾ മുട്ടി, നാഴികമണി താഴെ വീണു. എന്നു മാത്രമല്ല ആ സ്ത്രീയും മറിഞ്ഞു റോഡിൽ വീണു. സാവധാനത്തിൽ പിടഞ്ഞെഴുന്നേററ് വസ്ത്രങ്ങളിൽനിന്നും പൊടി തട്ടിക്കളഞ്ഞു, അവ യഥാസ്ഥാനങ്ങളിലാക്കിയതിനുശേഷം ആ സ്ത്രീ രൂക്ഷമായി അയാളെ ഒന്നു നോക്കിയിട്ടു് സ്വല്പം ക്രുദ്ധസ്വരത്തിൽ ചോദിച്ചു: "മററുള്ള മനുഷ്യർ ചെയ്യുന്നതുപോലെ തനിക്കും ഒരു റിസ്റ്റു് വാച്ചു് കെട്ടിക്കൊണ്ടു നടക്കാൻ പാടില്ലേ?"

—

## വാക്കു പാലിക്കാൻ മാത്രം.

ഒരു യുവതി ഒരു പോലീസ് സ്റ്റേഷനിൽ കയറിച്ചെന്നു വാതിൽക്കൽ കണ്ട സബ്ഇൻസ്പെക്ടരോട്, തൻെറ തലമുടിക്കു പിടിച്ചു ഒരു കെട്ടിടത്തിൻെറ മൂന്നാമത്തെ നിലയിൽനിന്നും താഴത്തെ നിലയിലേക്കു വലിച്ചിഴച്ചു കൊണ്ടുവന്നു് തന്നെ കഴുത്തു് ഞെരുക്കി കൊല്ലുമെന്നു ഭീഷണിപ്പെടുത്തുകയും ഒടുവിൽ കണ്ണക്കിനു പ്രഹരിക്കയും ചെയ്ത ഒരു മനുഷ്യനെക്കുറിച്ചുള്ള വിശദവിവരങ്ങൾ പറഞ്ഞു കേൾപ്പിച്ചു.

"ആ വിവരണത്തിൻെറ സഹായത്തോടുകൂടി ഒരു ഞൊടി സമയത്തിനുള്ളിൽ ഞങ്ങൾ അയാളെ അറസ്റ്റു് ചെയ്തു് ജയിലിലാക്കിയേക്കാം" എന്നു സബ്ഇൻസ്പെക്ടർ പറഞ്ഞു.

"പക്ഷെ, അയാളെ അറസ്റ്റു ചെയ്യണമെന്നില്ല"— യുവതി വിസമ്മതമായി മറുപടി പറഞ്ഞു," എൻെറപേർക്കു അയാളെ ഒന്നു കണ്ടുപിടിച്ചു തന്നാൽമതി, എന്നെ വിവാഹംചെയ്യാമെന്നു് അയാൾ വാക്കു തന്നിട്ടുണ്ട്."

(ശേഷം 26-ാം പേജിൽ)

ഓടി വരണം കേട്ടോ. കേശവപ്പിള്ള ക്ക ഒരുപാട്ട പണം കൊടുക്കാനുണ്ട് സിഗരററ വാങ്ങിച്ച വകയിൽ. ശമ്പളം കിട്ടുമ്പോരം കൊടുക്കാം. അല്ലെങ്കിൽ പിന്നെന്തിനാ അക്കൌണ്ടു തുടങ്ങിയിരിക്കുന്നത്. ഈ ദുശ്ശീലം ഒന്നു നിറുത്താൻ സാധിച്ചിരുന്നെങ്കിൽ! എന്താ ഗുണമാ കുറെ പുക അകത്തോട്ട വലിച്ചെടുത്തതിന്നു ശേഷം പുറത്തോട്ട വിടുന്നതുകൊണ്ടു? യാതൊരു ഗുണവുമില്ല. എന്നാൽ പിന്നെ ഇതങ്ങു നിൎത്തിയേക്കരുതോ? അയ്യോ കൊള്ളാം. ഇപ്പോരം എത്ര പ്രാവശ്യം നിൎത്തിയിരിക്കുന്നു. ആരാ അതു? വാസുവോ? നീ ഇത്ര പെട്ടെന്നു മടങ്ങിയെത്തിയൊ? മിടുമിടുക്കൻ. കൊള്ളാം. ആ തീപ്പെട്ടി ഇങ്ങെടുത്തേ. ഹാ എന്തൊരു സുഖം! ഇനി പത്രം ഒന്നു വായിച്ചുകളയാം.

'പിരിച്ചു വിടണം'. അയ്യയ്യോ ആരെയാ പിരിച്ചുവിടാൻ പോകുന്നതു്? "കമ്മ്യൂണിസ്റ്റ് അദ്ധ്യാപകരെ" ഓഹോ. ശരി ശരി. ഇപ്പോരം മനസ്സിലായി. മി. കേളപ്പന്റെ പ്രസംഗമാണ്. ഇങ്ങേക്ക കമ്മ്യൂണിസ്റ്റുകളോട്ട വഴക്കാണെന്നു തോന്നുന്നു. അക്കായ്യം പറയുകയാണെങ്കിൽ ആൎക്കാ അവരോട്ട വഴക്കല്ലാത്തതു്? വെറും 'കരം' പ്രത്യയമല്ലേ ബഹുവചനമുണ്ടാക്കാൻ ഉപയോഗിക്കുന്നതു്. കാളകരം കമ്മ്യൂണിസ്റ്റുകരം എല്ലാം ഒരു വൎഗ്ഗമാണെന്നു തോന്നിപ്പോകും.— ഈ സിഗരററ തരക്കേടില്ല. സിഗരററവലി ചീത്തയാണെന്നു പറയുന്ന വരെ പിടിച്ചു തൊഴിക്കണം—പക്ഷെ അദ്ധ്യാപകർ കമ്മ്യൂണിസ്റ്റുകളാണോ? ഒരിക്കലുമല്ല. പട്ടിണിപ്പാവങ്ങരം. വിശപ്പുകൊണ്ടു സഹികെട്ടു പണി മുടക്കിനിറങ്ങിയതാണ്. അങ്ങേതിലെ പാൎട്ടിസാറിനുപിള്ളാരെട്ടാണ്. കുട്ടികരം വിശന്നു നിലവിളിക്കുന്നതു് കണ്ടാൽ ആൎക്കാണു സഹിക്കുക.!

'ആവശ്യമുണ്ടു' ആരെയാണോ. ഏജൻറന്മാരെ വേണം പോലു. ഇൻഷ്വറൻസുകമ്പനിക്കാരെക്കൊണ്ടു മുടിഞ്ഞു. ദിവസം രണ്ടു പുതിയ കമ്പനികരംവീതം തുടങ്ങുന്നുണ്ടു്. മനുഷ്യരെ കബളിപ്പിക്കാൻ എന്തെല്ലാം മാൎഗ്ഗങ്ങളാണു കണ്ടുപിടിച്ചിരിക്കുന്നതു്. 'പശുവിനെ കാണാനില്ല അയ്യോ കഷ്ടം. ഒരു ചുവന്ന കിടാവിനെയും കാണാതെ പോയിരിക്കുന്നു. ഞാനിങ്ങോട്ട വരുന്നവഴി ഒരു പശുവിനെയും കിടാവിനെയും കണ്ടു. അതാണോ എന്തോ. എനിക്കു നരയുണ്ടോ എന്നോ? എന്തുപറഞ്ഞെടാ. എനിക്കു നരയുണ്ടെങ്കിലെന്താ നിനക്കു വല്ല നഷ്ടവുമുണ്ടോ. ഏടാ നോക്കണേ ഒരു ഗ്രഹപ്പിഴ. ഈ പരസ്യക്കാരെക്കൊണ്ടുള്ള വിഷമം ചില്ലറയൊന്നുമല്ല. ഈ അനാവശ്യമൊക്കെ പരസ്യം ചെയ്യാൻ സമ്മതിക്കുന്ന പത്രക്കാരെയാണു ചീത്ത പറയേണ്ടതു്. ട്യൂട്ടോറിയൽകോളജിൽ നാളെ മുതൽ പഠിത്തം തുടങ്ങുന്നു. തുടങ്ങട്ടെ. ഞാൻ വിദ്യാലയവുമായുള്ള ബന്ധം വിട്ടിട്ടു എത്രയോ നാളുകളായിരിക്കുന്നു!

ഇതാരുടെയാ ഒരു പടം? ഓഹോ. ബഹു. മന്ത്രി സി. കേശവന്റെയാണല്ലോ. മന്ത്രി വല്ലരെ ക്ഷീണിച്ചു പോയതുപോലെ തോന്നുന്നു. ജോലിത്തിരക്കുകൊണ്ടായിരിക്കും. മന്ത്രിയുടെ പ്രസംഗം റിപ്പോൎട്ടു ചെയ്തിരിക്കുന്നു. മന്ത്രിയായതിൽപിന്നെ മി. കേശവനു പ്രസംഗം മാത്രമാണു തൊഴിലെന്നു തോന്നുന്നു. എല്ലാ ദി

വസവും കാണാം പ്രസംഗിച്ചെന്നു്. എന്തോന്നാ ഇത്ര അധികം പ്രസംഗിക്കാനുള്ളതു്. വല്ല ജോലിയും നടന്നേച്ചാൽ മതിയായിരുന്നു. പാവപ്പെട്ട ടി. എം. വറുഗീസിൻെറ ശബ്ദമേ കേൾക്കാനില്ല. പറഞ്ഞതു പോലെ അദ്ദേഹത്തിൻെറ മകളുടെ കല്യാണമാണല്ലോ ഇയ്യിടെ. രാജ്യകാര്യത്തിനോടിനടക്കുന്ന അങ്ങേക്കു മകളെ കെട്ടിക്കാനെങ്ങനാണോ സമയം കിട്ടുന്നതു്. പട്ടംതാണുപിള്ള വിമാനമാർഗ്ഗം സൽഹിക്കു പോയിരിക്കുന്നു. ഇയ്യിടെയായി വിമാനത്തേൽ മാത്രമേ യാത്ര ചെയ്യുകയുള്ളല്ലോ. സർ. സി. പി യുള്ളകാലത്തു് ഒരാൾക്കു മതിയായിരുന്നു വിമാനം. ഇപ്പോൾ മൂന്നു പേർക്കും വേണം വിമാനം. അയ്യോ ഈ ഉത്തരവാദിത്വഭരണംകൊണ്ടു വല്ല ഗുണവുമുണ്ടോ?

ഗാന്ധിവധക്കേസ്സു വിസ്താരം തുടങ്ങാറായി. വിസ്താരമെല്ലാം പത്രത്തിൽ വരുമായിരിക്കും. ഇവിടെങ്ങാനുമായിരുന്നെങ്കിൽ ഒന്നു പോയി കേൾക്കാമായിരുന്നു. എന്തു ചെയ്യാം! എങ്കിലും ആ വെടി വെച്ചവൻ ഒരു വീരനാണേ. സാധാരണക്കാക്കു അതിന്നുള്ള ധൈര്യം പോകട്ടെ, മനസ്സു പോലും ഉണ്ടാകയില്ല. പരീക്ഷാ ഫലങ്ങൾ? തിരുവിതാംകൂർ സർവ്വകലാശാലയുടേതാണു്. ബി. എ. ഓണേഴ്സ്, എം. എ. ഒക്കെ. എനിക്കു പരിചയമുള്ള വല്ലവരും കൂടിയിട്ടുണ്ടോ എന്തോ. ഉണ്ടല്ലോ. കിഴക്കേ വീട്ടിലെ അമ്മിണി ബി. എ. ഓണേഴ്സിനു കൂടിയിരിക്കയല്ലേ. അതെ അയ്യോ. നമ്പരറിയാൻ പാടില്ലല്ലോ. ഈ പത്രക്കാക്കു പേരുകൂടെ പ്രസിദ്ധം ചെയ്തുകൂടെ? നാളെ ആ വഴി പോകുമ്പോൾ ചോദിച്ചുകളയാം. അമ്മിണി മിടുക്കിയാണു്. പാസ്സാകാതിരിക്കുകയില്ല. ക്ലാസ്സും കിട്ടിയേക്കും. പക്ഷെ എന്തു ഗുണമാ? പെണ്ണുങ്ങൾ എന്തോ പാസ്സായാലും അവസാനം വീട്ടുജോലിതന്നെ ശരണം.

അറബിരാജ്യങ്ങൾ യു. എൻ. വിട്ടുമെന്നോ? നല്ല കാര്യം. ഞാനാദ്യം മുതലേ പറയുന്നു ഈ യു. എൻ. ഒ. എന്നൊക്കെ പറയുന്നതു് വെറും കളിപ്പീരാണെന്നു്. ലീഗ് ഓഫ് നേഷൻസ് തകൻ പോയില്ലേ. അതു പോലെ ഇതും തകരാതിരിക്കയില്ല. കുറച്ചു സമയം പിടിക്കുമായിരിക്കും. അത്രേ ഉള്ളു. യഹൂദന്മാർ യുദ്ധം തുടങ്ങുമോ എന്തോ. എൻെറ മച്ചുനൻ അവിടെയെങ്ങാണ്ടു ജോലിയായിട്ടിരിക്കയാണു്. യുദ്ധം തുടങ്ങുന്നതിനു മുമ്പു് അവനങ്ങു വന്നേച്ചാൽ മതിയായിരുന്നു.

അയ്യയ്യോ· കൈ പൊള്ളുന്നല്ലോ. എടാ, സിഗരററ ഇത്ര പെട്ടെന്നു തീന്നോ? ഇനി കുറച്ചു കഴിഞ്ഞിട്ടു ഒരെണ്ണം കൊളുത്താം. പത്രവായനയും അതുവരെ മാററിവെച്ചുകളയാം.

(ഈ സിഗരററിനകത്തു കഞ്ചാവു കടന്നുകൂടിയോ എന്നൊരു സംശയം — പ.)

—:—

# മറഞ്ഞ പൂങ്കുയിൽ

വിദ്വാൻ പി. ആർ. വാരിയർ.

മുപ്പത്തിനാലു തികഞ്ഞില്ല വത്സരം;
മപ്പൂങ്കുയിൽ, തന്മനോജ്ഞഗീതങ്ങളാൽ
ഈ മലയാള മലർവാടിയാകവേ
ഹാ! മയക്കി, ക്ഷണമെങ്ങോ മറഞ്ഞുപോയ്!

ആരാർ കൊതിക്കകി, ല്ലിത്ര ചുരുങ്ങിയ
നേരത്തി, ലിത്രയും കോടി നേത്രങ്ങളാൽ
ഉററുനോക്കപ്പെടാൻ? പിന്നീട, താനുമി-
ററവ വീണ്ടീടിലെ? ന്തെത്രവാൻ വാഴ്കിലും?

തേൻചിന്തു മച്ചെറുകാവ്യങ്ങൾ, തോക്കിൻെറ
കാഞ്ചി വലിച്ചു തഴമ്പിച്ച കൈയിലും
തത്തിക്കളിച്ചുപോൽ; വേർപാടിൽവേകമാ-
ഹ്ലത്തിൻ വ്രണങ്ങളും ചുംബിച്ചുണക്കിപോൽ!

അന്യായമാണെന്നുതോന്നിയാ, "ലീശ്വരൻ *
തന്നെയായാലും ചവിട്ട" മക്കാലുകൾ
അന്യായമിപ്പൊഴും താണ്ഡവമാടുന്നോ-
രിന്നാട്ടിലേവീണ്ടു മുന്നാതിരിക്കുമോ?

എങ്ങോ മറഞ്ഞുപോയ് കോകില; മെങ്കിലു
മെന്നു മാമാധ്വരീ മധുര ഗീതാവലി
മാറെറാലിക്കൊള്ളും മലയാളിതൻ മനോ-
ഭിത്തിതോറും; വിറക്കൊള്ളുക, കാലമേ!

(പകപ്പുവകാശം)

* "ഭാവത്രയം" എന്ന കവിത — പുനർജന്മമുണ്ടെങ്കിൽ താൻ ഒരു ചങ്ങമ്പുഴയായിത്തന്നെ ഇനിയും ജനിക്കാനാഗ്രഹിക്കുന്നു എന്നു, മരണത്തിനു കുറച്ചുദിവസം മുമ്പദ്ദേഹം ഒരു സുഹൃത്തിനോടു പറകയുണ്ടായത്രെ!

---

ഒരൈക്യം ഉണ്ടാക്കിത്തീർത്തു ശങ്കരാചാര്യരുടെ കർമ്മവിജയങ്ങളിലൊന്നാണ്. ഭാരതത്തിൻെറ നാലു ദിക്കുകളിലും നാലു മഠങ്ങൾ സ്ഥാപിച്ചതു് ഭാരതത്തിൻെറ സാംസ്കാരികൈക്യത്തെ സ്ഥിരീകരിക്കുന്നതിനുള്ള പരിശ്രമമാണ്. ബുദ്ധമതത്തെ നശിപ്പിച്ചതു ശങ്കരാചാര്യരാണെന്നു പറയാറുണ്ട്. പക്ഷെ ആചാര്യർക്കു മുമ്പു തന്നെ ബുദ്ധമതം ക്ഷയിച്ചുതുടങ്ങിയിരുന്നു. അദ്ദേഹത്തിൻെറ ചില ബ്രാഹ്മണവൈരികൾ അദ്ദേഹത്തെ "പ്രച്ഛന്നബുദ്ധൻ" എന്നു വിളിച്ചിരുന്ന കഥയും പ്രസ്താവ്യമാണ്. ബുദ്ധമതതത്വങ്ങളുടെ പ്രേരണകൾക്കു ആചാര്യർ ധാരാളം വശംവദനായിട്ടുണ്ടെന്നുള്ള വസ്തുത അപലപനീയമാണ്.

——

# കഷായത്തിനു പകരം

കൊച്ചുവൈദ്യൻ.

(22–ാം പേജിൽ നിന്നും തുടർച്ച)

## ദന്തവൈദ്യൻ മന്ത്രി ആയാൽ.

ദന്തവൈദ്യൻ : പിള്ളേ നിങ്ങൾ ഒരു മന്ത്രി ആയാൽ എന്തായിരിക്കും നിങ്ങൾ ആദ്യം ചെയ്യുക ?

പിള്ള : ഉടനേ എന്റെ മകളുടെ വിവാഹം നടത്തും.

ദന്ത : അതു കൊള്ളാം. പണ്ടേ ചെയ്യേണ്ട ആ കടമ അങ്ങു നിവ്വഹിക്കും അല്ലേ ? അപ്പോൾ പെൺമക്കളുടെ വിവാഹം നടത്താത്ത മന്ത്രിമാർ മാത്രമാണോ പൊതുകാര്യത്തിൽ ശ്രദ്ധയുള്ളവർ.

പിള്ള : അങ്ങനെ പറയാൻ വരട്ടെ. അവക്കു പെണ്മക്കളുണ്ടോ എന്നന്വേഷിച്ചിട്ടു വേണം സൽസ്വഭാവം അവരുടെ തലയിൽ കെട്ടിവെയ്ക്കാൻ.

ദന്ത : അപ്പോൾ പെൺ മക്കളില്ലാത്ത ഞാൻ ഒരു മന്ത്രി ആയാൽ അതൊരു നഷ്ടമാണല്ലോ—

പിള്ള : അതേ അപ്പോൾ ആളുകൾക്കു ലാഭം ഉണ്ടാകുന്നു. ഉദ്യോഗാത്ഥം സേവ പിടിക്കുന്നവർ, സ്ഥലം അനുവദിച്ചു കിട്ടാൻ കാലു തിരുമ്മുന്നവർ, ബസ്സ് ലൈയിൻ കിട്ടാൻ പെർമിററിനു അപേക്ഷിക്കുന്നവർ—ഇങ്ങനെ എത്ര കൂട്ടരാണ് അതിന്റെ ലാഭം അനുഭവിക്കുന്നതു്.

ദന്ത : ആകട്ടെ ഞാൻ ഒരു മന്ത്രി ആയാൽ എങ്ങിനെ ഇരിക്കും ?

പിള്ള : ബഹു ഭേഷായിരിക്കും. പിന്നെ ആരുടെയും പല്ലു വായിൽ കാണുകയില്ല.

ദന്ത : താൻ തമാശ പറകയാണ് അല്ലേ? അങ്ങനെയൊന്നും കളിയാക്കേണ്ട പല്ലിന്റെ കാര്യം അത്ര നിസ്സാരമാക്കാവുന്നതല്ല. ഒരു മനുഷ്യന്റെ ആരോഗ്യം അവന്റെ പല്ലിനേ ആശ്രയിച്ചാണിരിക്കുന്നതു്. അപ്പോൾ ഒരു ജനതയുടെ ആരോഗ്യം ദന്തങ്ങളിൽ സ്ഥിതിചെയ്യുന്നു. ദന്തങ്ങളുടെ സ്ഥിതി, വിദഗ്ദ്ധന്മാരായ ദന്തവൈദ്യന്മാരിൽ ആണു ഇരിക്കുന്നതു്. ഉടനേതന്നേ സകല ദന്തവൈദ്യന്മാക്കും മററു ഡാക്ടരന്മാരേക്കാൾ ഉയന്ന ഒരു പദവി ഞാൻ അനുവദിച്ചു കൊടുക്കും.

പിള്ള : ദന്ത രോഗികളേ ഒരു പ്രത്യേക ഓഡിനൻസുമൂലം സമുദായമദ്ധ്യത്തിൽനിന്നും അകററിക്കളയും അല്ലേ?.

ദന്ത : അതേ വേണ്ടിവന്നാൽ അങ്ങനെയും ചെയ്യും. സകല ജീവജാലങ്ങളിലും വെച്ചു ഏററം പ്രധാനസ്ഥാനം മനുഷ്യനാണുള്ളതു്. മനുഷ്യന്റെ സകല അവയവങ്ങളിലും വെച്ചു പല്ലു ഒന്നാം സ്ഥാനത്തു സ്ഥിതിചെയ്യുന്നു. അതുകൊണ്ടു ഉത്തമമായ ഒരു ഭരണ

കൂടം തീച്ച്യായും ഒന്നാമതു ശ്രദ്ധിക്കേണ്ടതു പൗരജനങ്ങളുടെ പല്ലിനേക്കുറിച്ചാണ്. ഇപ്പോഴുള്ള മന്ത്രിമാക്കു ഇതിനേക്കുറിച്ചു യാതൊരു ബോധവും ഇല്ല. അതു കൊണ്ടു ഞാൻ ഒരു പുതിയ പാർട്ടി ഫോം ചെയ്യാൻ പോകയാണ്. അതിൻെറ ലീഡർ എന്നുള്ള നിലയിൽ എനിക്കു ഒന്നു മത്സരിക്കാതെ നിവൃത്തിയില്ല. എന്തു പറയുന്നു?

പിള്ള : അപ്പോഠം ഡാക്കുരെ! ഒരു വെണ്ടയ്ക്കാപാർട്ടി ഉണ്ടാക്കാൻ നിവൃത്തിയുണ്ടോ? വെണ്ടക്കൃഷി ആണു എൻെറ ജോലി. വെണ്ടയ്ക്കാ ഇല്ലെങ്കിൽ മനുഷ്യൻെറ ആരോഗ്യം തീരെ നശിച്ചു പോകും. മന്ത്രിസ്ഥാനം കിട്ടിയില്ലെങ്കിലും വെണ്ടക്കൃഷി നന്നാക്കണ്ടേ?

* * *

ചാണ്ടി : എന്താ കുയ്യച്ചാ—നാടകം വല്ലതും ഉണ്ടോ? സാരി ഉടുത്തു നോക്കുന്നതു്.

കുയ്യച്ചൻ : ചാണ്ടിക്കുഞ്ഞേ! ഈ ലോകംതന്നെ ഒരു നാടകമല്ലേ. എന്നേ ആ ബസ്സ്സ്റ്റാണ്ടിൽ വെച്ചു കണ്ടില്ലേ?

ചാണ്ടി : കണ്ടു. ഇതു ധിറുതിയായി ഓടിവന്നു പെൺവേഷം കെട്ടുന്നതുകണ്ടു ഞാൻ അത്ഭുതപ്പെട്ടുകയാണ്.

കുയ്യ : എൻെറ ചാണ്ടിക്കുഞ്ഞേ ഒന്നും പറയേണ്ട—നമ്മുടെ ട്രാൻസ്പോർട്ട് വണ്ടിക്കാരുടെ കാര്യം! ആ കവലയിൽ ഒന്നരമണിക്കൂർ നിന്നപ്പോഠം ഒരു വണ്ടിവന്നു. അപ്പോഴോ ഭയങ്കരമായ തെള്ളിനിടയിൽ ഒരു നാലുപേർ ഞെരുങ്ങി വെളിക്കുചാടി.

ചാണ്ടി : ഒരു നൂറുപേർ ഗ്രസ്തിയുടങ്ങി അല്ലേ?

കുയ്യ : അതേ—തുടങ്ങി—പക്ഷേ കണ്ടക്ടർ ഏമാൻ ഒരു ആജ്ഞ കൊടുത്തു. 'സ്ത്രീകഠം മാത്രം കയറട്ടെ' എന്നു്.

ചാണ്ടി : ഓഹോ — അപ്പോ അതിനാ ഈ വേഷം കെട്ടുന്നതു ! നല്ല വിദ്യ. പെണ്ണിനെക്കാണാൻ വെമ്പലോടു ചാകുന്ന താൻ ഈ വേഷത്തിൽ ചെന്നാൽ എന്താ സ്ഥിതി.

കുയ്യ : അതു സാരമില്ല, വല്ല ഹോട്ടലിലും കയറി പുരുഷനായിട്ടെ അങ്ങോട്ടു പോകയുള്ളു.

—:o:—

അടുത്ത ലക്കത്തിൽ "വിഷവൃക്ഷം"—കവിതലകൻ ജി. ശങ്കരക്കുറുപ്പ്.

# നേർവിപരീതം




(വാഗ്ഭടൻെറ കഷായം ഇല്ലാതെ വന്നാലും ഈ പുതിയ വൈദ്യൻ നമ്മുടെ കാര്യം നേരേയാക്കും.—പ.)

ഈ പംക്തിയിൽ അടുത്ത കാർട്ടൂൺ പ്രതീക്ഷിക്കുക.

# ആ രഹസ്യം

എം. ടി. എൻ. നായർ.

സമുദായത്തിൻെറ നീതിദുർഗ്ഗങ്ങൾ പരമരഹസ്യമായി കാത്തുസൂക്ഷിക്കുന്ന ചില ഭയങ്കര യാഥാർത്ഥ്യങ്ങളുണ്ട്. പലപ്പോഴും പരസ്യമായിരുന്നാൽക്കൂടി, കുബേരൻെറ സ്വാധീനശക്തിയ്ക്കു മുമ്പിൽ, ലോകം ആ സംഗതികൾ അറിയാത്തമട്ടിൽ നടിക്കുന്നു. ഹരിയുടെ കഥ അതിന്നുദാഹരണമാണ്.

അനിതരസാധാരണമായ ധിഷണാശക്തിയാലും, വിശ്രമരഹിതമായ അദ്ധ്വാനത്താലും സൗഭാഗ്യശൃംഗത്തിൽ ആരോഹണം ചെയ്ത ഒരു യുവാവാണ് മി. ഹരിദാസ്. തെരുവിൽ, അലഞ്ഞുനടക്കുന്ന ഒരു ചെറുക്കൻ, ഒരു വിദ്യാർത്ഥി, ഒരു ബിരുദധാരി, പ്രാമാണികനായ ഒരഭിഭാഷകൻ—ഈ നിലയ്ക്കെല്ലാം ലോകത്തിന്നദ്ദേഹത്തെ അറിയാം. അദ്ദേഹത്തിന്ന്, വീട്ടുകാരില്ല, കുഡുംബങ്ങളില്ല; എങ്കിലും പഠിച്ചു, സ്കോളർഷിപ്പുകൊണ്ടും ചില ദയാശാലികളുടെ സഹായംകൊണ്ടും.

അദ്ദേഹം വിവാഹിതനാണ്; പത്നി സുന്ദരിയും, കുലീനയുമാണ്. പോരാത്തതിന്നൊരു ബി. എ ക്കാരിയും. പരേതനായ പിതാവീൻെറ സകല സ്വത്തിന്നുമുള്ള ഏക അവകാശിനി. സമുദായത്തിന്ന് അതിൽ കൈകടത്താൻ കഴിഞ്ഞില്ല. ഹരിയുടെ സാമുദായികപാതിത്യങ്ങൾ ആ 'സേർച്ച്ലൈററിൽ' പെട്ടില്ല.

ഹരി, മദ്രാസിൽ ബി. എല്ലിന്നു പഠിക്കുമ്പോഴാണ് സുധയുമായി പരിചയമായത്. അന്നവൾ ജൂനിയർ ബി. എസ്സി പഠിക്കുകയായിരുന്നു. ആ സൗഹൃദം ക്രമത്തിൽ ആത്മാർത്ഥമായ പ്രണയമായി രൂപാന്തരപ്പെട്ടു; അതൊരു വിവാഹബന്ധത്താൽ ദൃഢപ്പെടുകയും ചെയ്തു.

വിവാഹാനന്തരം ഹരി പട്ടണത്തിൽ പ്രാക്ടീസ് തുടങ്ങി. ചുരുങ്ങിയ കാലത്തിന്നുള്ളിൽ, ഒരു യുവാവിന്നു സിദ്ധിക്കാവുന്നതിൽ കവിഞ്ഞ പ്രശസ്തിയും, ധനവും അദ്ദേഹത്തിന്നു കിട്ടിക്കഴിഞ്ഞു.

ഓരോ നിമിഷവും ആനന്ദസാന്ദ്രമാക്കിക്കൊണ്ട് ആ നവദമ്പതികൾ ജീവിച്ചു.

രണ്ടു വ്യക്തികൾക്ക് അന്യോന്യം ഇത്രയധികം സ്നേഹിയ്ക്കാൻ കഴിയുമോ........?

അങ്ങനെ ഒരു ദിവസം പെട്ടെന്നു സുധയെക്കണ്ടില്ല.

ഹരി കോട്ടഴിച്ച് ഒരു സ്റ്റാൻറിൽ തൂക്കി, സുധയേ വിളിച്ചു.

താൻ കൊണ്ടുവന്ന പുതിയതരം ' ചെയിൻ ' അവളെ കാണിക്കുവാൻ അദ്ദേഹത്തിൻെറ ഹൃദയം വെമ്പി, അപ്പോൾ അവളുടെ കോമളമുഖത്തിൽ ഉണ്ടായേയ്ക്കാവുന്ന ഭാവങ്ങൾ അദ്ദേഹം മനസ്സിൽ കണ്ടു. അവളെ ഒന്നു ചുംബിച്ചതിന്നു ശേഷമേ അതു കൊടുക്കൂ എന്നു തീർച്ചയാക്കി.

സുധയെ വീണ്ടും വിളിച്ചു, പ്രത്യുത്തരമില്ല. അദ്ദേഹത്തിന്നു പരിഭ്രമം വർദ്ധിച്ചു. ഗൃഹത്തിന്നുള്ളിലെ

ല്ലാം നോക്കി. കിടപ്പറയിലും, അടുക്കളയിലും, വായനമുറിയിലും എല്ലാം. നേരംപോക്കിനു വല്ല ദിക്കിലും ഒളിച്ചിരിയ്ക്കുന്നുണ്ടെങ്കിലോ! പക്ഷേ എങ്ങുമില്ല. അടുത്ത പല വീടുകളിലും അന്വേഷിച്ചു.

പിന്നെ അവൾ എവിടെപ്പോയി?

സായാഹ്നസഞ്ചാരത്തിനു പോകാറുള്ള സ്ഥലത്തെല്ലാം അന്വേഷിച്ചു—വെറുതെ. ഹരിയില്ലാതെ, ഇതുവരെ അവൾ നടക്കാൻ പോയിട്ടില്ല. ഭൃത്യനെ അദ്ദേഹം എങ്ങോട്ടോ അയച്ചു.

ഹരി പോലീസ് സ്റ്റേഷനിൽ അറിവു കൊടുത്തു. എന്തിനെന്നദ്ദേഹത്തിന്നു തന്നെ അറിയില്ല.

"അവൾ വല്ല കാമുകന്മാരുമൊന്നിച്ച്—" ഛീ, അസംബന്ധം, അതദ്ദേഹത്തിന്ന് ഓർക്കാനേ കഴിഞ്ഞില്ല.

ഹരി തലെന്നാളത്തെ ചില സംഭവങ്ങളോർത്തു:

"ഹരി വിവാഹശേഷം പ്രണയം കുറഞ്ഞുവരുമെന്നു പറയുന്നവരെ തൂക്കിലിടേണ്ടേ?" അവൾ ഹരിയെ ചുംബിച്ചു; ഉടനൊന്നു കുണുങ്ങിച്ചിരിച്ചു.

ഹരിയുടെ കണ്ണുകൾ നിറഞ്ഞു. കരച്ചിൽ വീരോചിതമല്ലെന്ന് അയാൾക്കറിയാം. എങ്കിലും, ഹൃദയമറിയാതെ കരയുന്ന ചില സന്ദർഭങ്ങളുണ്ട്. അശ്രുധാര കപോലങ്ങളിലൂടൊഴുകി, അദ്ദേഹത്തിൻെറ ഷർട്ട് മുഴുവൻ നനഞ്ഞു. ആ നിലയിൽ എത്രനേരം ഇരുന്നുവെന്ന് അദ്ദേഹത്തിന്നു തന്നെ ഓർമ്മയില്ല.

അന്ന് ആ വീട്ടിൽ വിളക്ക കത്തിച്ചില്ല. ഭയങ്കരമായ ഇരുട്ട്! അപ്പോഴും ഹരിയുടെ ഹൃദയത്തിൽനിന്ന് സുധ പൊട്ടിച്ചിരിച്ചുകൊണ്ടിരുന്നു.

തലച്ചോറിൽ ഒരു 'മാലപ്പടക്കം' കത്തിച്ച അനുഭവമാണ് അദ്ദേഹത്തിന്നുണ്ടായത്.

ഹരി, യാന്ത്രികമായി വായനമുറിയിൽച്ചെന്ന് ലൈററിട്ടു. ആ ചുമരിൽ തൂക്കിയിരുന്ന ചിത്രം കണ്ടപ്പോൾ അദ്ദേഹത്തിൻെറ ഹൃദയം നടുങ്ങി. വിവാഹശേഷം എടുത്ത ഫോട്ടോ. ഹരിയുടെ കരംഗ്രഹിച്ച്, മന്ദഹാസാർദ്രമായ മുഖത്തോടുകൂടി ആ ദേവത നിൽക്കുന്നു.

മേശമേൽ പകുതി തുന്നിത്തീർന്ന ഒരു കൈലേസിരിയ്ക്കുന്നുണ്ടായിരുന്നു. അതിൻെറ ഒരു കോണിൽ 'ഹരി' എന്ന് തങ്കവർണ്ണത്തിൽ തുന്നിപ്പിടിപ്പിച്ചിട്ടുണ്ടായിരുന്നു. അതിൻെറ പണി മുഴുവനായിട്ടില്ല. സൂചിയും നൂലും അതിന്മേൽ തന്നെയുണ്ട്.

ഹരി അവിടെ നിന്നു നടന്നു. എങ്ങും ഒരപൂർണ്ണത, ഒരസ്വാസ്ഥ്യം!

അന്നയാൾ തീരെ ഉറങ്ങിയില്ല. ഒരു കസേലയിൽ കണ്ണുതുറന്നിരുന്ന് രാത്രി കഴിച്ചു. എന്തിനെപ്പററിയെല്ലാമാണ് ചിന്തിച്ചിരുന്നതെന്ന് അദ്ദേഹം തന്നെ അറിഞ്ഞിരുന്നില്ല. എങ്കിലും, ഒരു നിമിഷമെങ്കിലും വിശ്രമമില്ലാതെ അദ്ദേഹത്തിൻെറ മസ്തിഷ്കം ഗാഢാലോചനയിലേർപ്പെട്ടിരുന്നു.

ഹരി അവളുടെ പെട്ടിയുടെ സമീപം കുറേനേരം ചെന്നുനിന്നു. അതിൽ എഴുതിയിരുന്ന 'സുധ' എന്ന വാക്കുകൾ അദ്ദേഹം പല തവണ ഉച്ചരിച്ചു.

വിറയ്ക്കുന്ന കൈകളോടെ അദ്ദേഹം പെട്ടി തുറന്നു. വിവാഹദിവ

സം അവരം ഉടുത്തിരുന്ന ഒരു ബെനാറീസ് സില്ക്ക സാരിയാണ് മുകളിലുണ്ടായിരുന്നതു്. ഒരു ദീർഘനിശ്വാസം വിട്ടു് അതു പുറത്തേക്കെടുത്തു. അതിൻെറ ചുവട്ടിൽ ഒരെഴുത്തും, ഒരു പഴയ പുസ്തകവും. സുധയുടെ കത്തുതന്നെ. ആ ഉരുണ്ട കൈയക്ഷരത്തെപ്പററി ഹരിക്കു് വലിയ മതിപ്പായിരുന്നു.

ഹരി കത്തു വായിച്ചു.

" എനിക്കങ്ങയെ എങ്ങനെ സംബോധന ചെയ്യണമെന്നറിയില്ല.

ഇന്നു രണ്ടുമണിക്കാണ് നമ്മുടെ ജീവിതത്തെ സാരമായി സ്പർശിക്കുന്ന ആ ഭയങ്കര രഹസ്യം ഞാനറിയാനിടയായതു്.

ഈ സമയത്തു്, അങ്ങു് എത്രമാത്രം ദുഃഖിക്കുന്നുണ്ടാവുമെന്നെനിക്കറിയാം. പക്ഷെ, എന്തു ചെയ്യാം. ഞാൻ ഇവിടെനിന്നു പോയിട്ടില്ലെങ്കിൽ, എൻെറ ഹൃദയം പൊട്ടി ഞാൻ മരിക്കും.

എനിക്കു് എഴുതാൻ വയ്യ—കൈകരം വിറയ്ക്കുന്നു, ഹൃദയം നീറുന്നു.

ആ രഹസ്യം !— ആ രഹസ്യം, അച്ഛൻെറ ഡയറിയിൽ സപ്തമ്പർ 23-ാം തിയ്യതി എഴുതിയതൊന്നു വായിച്ചു നോക്കൂ. ഞാൻ അങ്ങയുടെ സ്വന്തം സ – ഹോ – ദ – രി യാണ്.

ഈ രഹസ്യം എന്നെന്നും ഒരു രഹസ്യമായിത്തന്നെ നില്ക്കട്ടെ. നമസ്കാരം

സ്വന്തം സുധ.

കത്തു കയ്യിൽനിന്നു താഴത്തു വീണു. ഹരി പ്രജ്ഞയററ കസേലയിലേക്കു വീണു.

കുറേ നേരം കഴിഞ്ഞു്, സുധയുടെ അച്ഛൻെറ ഡയറിക്കൂടി അദ്ദേഹം ഒരുവിധം വായിച്ചു.

സപ്തമ്പർ 23

" സുധയെക്കാണാൻ ഇന്നലെ മദ്രാസിൽ വന്നു. അവരം കുറച്ചു തടിച്ചിട്ടുണ്ടു്, നന്നായി പഠിക്കുന്നുണ്ടത്രെ.

ഇന്നു രാവിലെ യദൃച്ഛയാ ഹോട്ടലിൽവെച്ച് ഒരു യുവാവിനെ കണ്ടുമുട്ടി. ഞങ്ങരം കുറെ സംസാരിച്ചു. അയാരം ബി. എല്ലിനു പഠിക്കുകയാണത്രെ ! പേരു് ഹരിദാസ് എന്നു്! ഞാനൊന്നമ്പരന്നു. അതെൻെറ മകൻ ഹരിദാസനാണ്. അതറിയുന്നവർ, ഈ ലോകത്തിൽ മൂന്നുപേർ മാത്രം. 23 കൊല്ലം മുമ്പു് എൻെറ പറമ്പിൽ താമസിച്ചിരുന്ന കമലാക്ഷിയാണ് അവൻെറ അമ്മ. അവരം, അതു് ഹരിദാസനോടു പറഞ്ഞിട്ടുണ്ടാവുമോ ? ഇല്ല, ഒരിക്കലും പറയില്ല; അവരം സത്യം ചെയ്തിട്ടുണ്ടു്. ഇതൊരു രഹസ്യമായി സൂക്ഷിക്കാൻ ഞാനന്നു് 500 ക. കൊടുത്തു ഗർഭിണിയായ കമലാക്ഷിയെ നാട്ടിൽനിന്നു പറഞ്ഞയച്ചു. അതിൽപിന്നെ നാലോ അഞ്ചോ തവണ ഞാൻ ഹരിദാസനെ കണ്ടിട്ടുണ്ടു്. ഇന്നവനെ എനിക്കിഷ്ടം തോന്നുന്നു. അവനെൻെറ മകനല്ലേ ? എങ്കിലും ആ രഹസ്യം രഹസ്യമായിത്തന്നെ നില്ക്കട്ടെ ".

ഹരി ഡയറി വലിച്ചുകീറി കാററിൽ പറപ്പിച്ച് മുറിവിട്ടു പുറത്തേക്കോടി.

(പകപ്പവകാശം കഥാകൃത്തിനു്)

———

# വെള്ളത്തേടനും

# വിധികർത്താവും

(ശങ്കുവോ കുഞ്ചുവോ)

രംഗം 1.

[ശാരദയിലെ വായനശാലയുടെ മറുജന്മം. ആകെപ്പാടെയുള്ള ഒരിംഗ്ലീഷുപത്രത്തിൻെറ ഒരു വശത്തു പെൻഷൻ പററാറായ ഒരു അദ്ധ്യാപകൻ ഒരു സ്കൂളിലും കണ്ണുകൊണ്ടു് മറുവശത്തു് ഒരു വിദ്യാർത്ഥി നിലത്തും ഇരുന്നു്, പത്രമർദ്ദനം നടത്തുന്നു. മാതൃഭൂമി ആഴ്ചപ്പതിപ്പിൻെറ മുഖചിത്രമായ 'തെങ്ങിലേ ശങ്കരനേ' ഉററു നോക്കിക്കൊണ്ടു കുറുപ്പും ഒരു ദിനപ്പത്രം വായിച്ചുകൊണ്ടു നെടുങ്ങാടിയും ഒരു ചെറിയ മേശയുടെ ഇരുവശത്തും ഇരിക്കുന്നു.]

നെടുങ്ങാടി : (ഉറച്ചു വായിക്കുന്നു) "രണ്ടാം പ്രതിയായ ശങ്കരൻ എന്ന വെള്ളത്തേടനെ മൂന്നു മാസം കഠിനതടവു ശിക്ഷിച്ചിരിക്കുന്നു."

കുറുപ്പ് : (പെട്ടെന്നു തലപൊക്കി) പച്ചക്കള്ളം!

നെട്ട : എന്തു് ?

കുറു : അതു വെറും കള്ളമാണു് എന്നാ പറഞ്ഞതു്

നെട്ട : എന്തോന്നു് ?

കുറു : നിങ്ങൾ ഇപ്പോൾ വായിച്ചതു്.

നെട്ട : "രണ്ടാം പ്രതിയായ ശങ്കരൻ എന്ന വെള്ളത്തേടനേ മൂന്നു മാസം കഠിനതടവു ശിക്ഷിച്ചിരിക്കുന്നു."

കുറു : അതാണു കള്ളമെന്നു ഞാൻ പറഞ്ഞതു്.

നെട്ട : ഛെ! ഭോഷത്തം പുലമ്പാതെ- ഇതാ കടലാസ്സു നോക്കു.

കുറു : വേണ്ടാ. ഒന്നാമതായി ശങ്കരൻ വെള്ളത്തേടനല്ല. രണ്ടാമതായി അവൻ ഒരു വെള്ളത്തേടനാണെങ്കിൽ ശിക്ഷ ഉണ്ടായിട്ടുമില്ല.

നെട്ട : ഇതെന്താഹേ ! ഇപ്പറയുന്നതു്. ആററം യുഗത്തിലെ യുക്തിവാദമാണോ ?

കുറു : പുതിയ യുക്തിവാദമൊന്നുമല്ല. സാമാന്യബുദ്ധി മാത്രം.

നെട്ട : ഹും. അതെന്താ. വെള്ളത്തേടന്മാക്കു കുററം ചെയ്യാൻ നിവൃത്തിയില്ലേ ? കുററം കണ്ടുപിടിച്ചാൽ ശിക്ഷ ഉണ്ടാകയുമില്ലേ ?

കുറ : പാടില്ലായ്കയില്ല. എങ്കിലും അതു വളരെ അസാധാരണമാകയാൽ ഇല്ലെന്നു തന്നേ തീൎത്തു പറയാം. ആയിരം വെളുത്തേടന്മാർ കുററം ചെയ്താലും ഒന്നിലധികം കേസ്സുണ്ടാകയില്ല. ആയിരം വെളുത്തേട രുടെ പേരിൽ കേസുണ്ടായാൽ ഒരാളിൽ കൂടുതൽ ശിക്ഷ അനുഭവിക്ക യില്ല. അങ്ങനെ നോക്കുമ്പോറം നീതിയും നിയമവും വെളുത്തേടനെ സ്പർശിക്കയില്ല എന്നു തന്നേ പറയാൻ കഴിയും.

നെട്ടു : വെളുത്തേടന്മാർ പീനൽ കോഡിനു വെളിയിലാണോ ?

കുറ : അതല്ലായിരിക്കാം. ഞാൻ പക്ഷേ ലോകനീതി മാത്രമാണു പറയു ന്നതു്.

നെട്ടു : എനിക്കു മനസ്സിലാകുന്നില്ല. നിങ്ങറം മിസ്റ്റിക് കവിയേക്കാറം ഭയ ങ്കരനാണു്.

കുറ : പൊന്നു സ്നേഹിതാ ! ഞാൻ മിസ്റ്റിക്കുമല്ല– കവിയുമല്ല. ഞാൻ പറയു ന്നതു സ്ഫടികം പോലെ സ്പഷ്ടമാക്കാം.

## രംഗം 2.

[മി. നെട്ടങ്ങാടി കച്ചേരിയിൽനിന്നു മടങ്ങിയശേഷം കസേരയിൽ ഇരുന്നു വിശ്രമിക്കുന്നു. മുമ്പിൽ മേശപ്പുറത്തു ചായയും പഴവർഗ്ഗങ്ങളും ഒരു വശത്തു കസേരക്കൈയ്യിൽ നിതംബഭാരം ഇറക്കിവെച്ചിരിക്കുന്ന സുലോ ചന (ഭാൎയ്യ)യും ഉണ്ടു്.]

സുലു : (മേനോൻെറ ചുരുണ്ട മുടിയിൽ തടവിക്കൊണ്ടു്) ഒരു ഓറഞ്ചു കൂടെ എടുക്കൂ.

നെട്ടു : വേണ്ടാ സുലൂ! എനിക്കു നല്ല വിശപ്പില്ല.

സുലു : നല്ല രസികൻ ഓറഞ്ചാ– ഒന്നുകൂടെ.

നെട്ടു : വേണ്ടാ സുലൂ.

സുലു : അങ്ങനെയല്ല നാഥാ - ഒരെണ്ണം തീച്ച്യയായും എടുക്കണം - എനിക്കു വേണ്ടി. ഭക്ഷണം ശരിക്കു കഴിക്കാതെ വല്ലാതെ ക്ഷീണിച്ചുതുടങ്ങി.

നെട്ടു : ശരി. ആകട്ടെ.

സുലു : ഇനി ഒരു കപ്പു ചായകൂടെ കഴിച്ചാൽ !

നെട്ടു : വേണ്ടാ ഡാർലിംഗ്.

സുലു : അല്ല കഴിക്കണം. അര കപ്പു മതി. ഞാൻ ഒഴിച്ചു തരാം.

നെട്ടു : (പെട്ടെന്നോൎത്ത മാതിരി) സുലു നിനക്കെന്താണു വേണ്ടതു് ?

സുലു : വല്ലതും വേണമെന്നു ഞാൻ പറഞ്ഞോ !

നെട്ടു : ഒരു പുതിയ സാരി ?

സുലു : വേണ്ടാ.

നെട്ടു : തീച്ച്യയായും !

സുലു : അതേ. എന്നു പറഞ്ഞാൽ ഇന്നു് ഒരു സാരി വേണ്ട എന്നു മാത്രം

നെട്ട : പുതിയ പാറ്റേണിൽ ഒരു ചെയിൻ ?

സുലു : വേണ്ട. ഈ ചെയിൻ എനിക്കു വളരെ ഇഷ്ടമാണു്.

നെട്ട : എന്നാൽ ഇന്നു രാത്രി സിനിമാ കാണാൻ പോകാം ?

സുലു : വേണ്ടാ. ഓ- ശരി! ഇന്നു നമുക്കു നടക്കാൻ പോകാമെന്നല്ലേ പറഞ്ഞിരുന്നതു്.

നെട്ട : ഹും എന്താ വിശേഷിച്ചു്–

സുലു : വെറുതേ ഒന്നോർത്തു. ഇന്നു മജിസ്ട്രേട്ടു കോമൻനായരുടെ വീട്ടിൽ പോകുന്നില്ലേ ?

നെട്ട : എന്തിനാണു ഞാൻ ഇന്നു് അവിടെ പോകുന്നതു് ?

സുലു : സാധാരണ പോകാറുള്ളതുപോലെ.

നെട്ട : അതു ശരി. പക്ഷേ ഇന്നു പോകണ്ട കാര്യം ?

സുലു : നാളെ എവിടെയെങ്കിലും ഒന്നിറങ്ങണമെങ്കിൽ ഒരു മുണ്ടോ ഷർട്ടോ എടുക്കാനില്ല.

നെട്ട : അപ്പോൾ മജിസ്ട്രേട്ടിൻെറ പക്കൽനിന്നും മുണ്ടു കടം വാങ്ങണമെന്നാണോ സുലു പറയുന്നതു്.

സുലു : (അല്പം ക്ഷോഭിച്ചിട്ടു്) എപ്പോഴും ഇങ്ങനെ കുയുക്തികൾ തുടങ്ങരുതു്. ഞാൻ അങ്ങനെയൊന്നും പറഞ്ഞുമില്ല, ഊഹിച്ചുമില്ല.

നെട്ട : എൻെറ സുലൂ! ഞാൻ ഈ ലോകത്തിൽ എന്തെങ്കിലും മനസ്സിലാക്കാറുണ്ടെങ്കിൽ അതു ഒരു സ്ത്രീയുടെ ചിന്താഗതിയാണു്. അതുകൊണ്ടു ദൈവത്തെ ഓർത്തു ഉള്ള കാര്യം തുറന്നു വ്യക്തമായി പറയുക. ഞാൻ നിൻെറ ഭർത്താവല്ലേ സുലൂ ?

സുലു : നമ്മുടെ വെളുത്തേടൻ നാണുവിനേ അറികയില്ലേ? അവൻ ഇന്നു രവിലെ ഇവിടെ വന്നിരുന്നു. ഇനി അഞ്ചു ദിവസം കഴിഞ്ഞേ തുണികൾ കൊണ്ടുവരാൻ കഴികയുള്ളു എന്നു അവൻ പറഞ്ഞു. ഞാൻ ഇവനേ മാറണമെന്നു വിചാരിച്ചതാണു്. പക്ഷേ പാവം! ഇന്നു അവൻ കരയുന്നതു കണ്ടപ്പം എൻെറ കണ്ണിലും വെള്ളം വന്നു. അവൻെറ സഹോദരൻെറ പേരിൽ ആരോ ചില ശത്രുക്കൾ കള്ളക്കേസു കൊടുത്തിരിക്കുന്നുവത്രെ. കഷ്ടം! അല്ലെങ്കിൽ തന്നേ അവർ രണ്ടാണുങ്ങളേയുള്ളു. ആ വലിയ കുടുംബത്തിൻെറ പട്ടിണി അകററി നിർത്താൻ വളരെ പാടുപെടേണ്ടിയിരിക്കുന്നു. അവനു കടിശ്ശിക ഒന്നും ഉണ്ടായിരുന്നില്ല എങ്കിലും അവൻെറ കരച്ചിൽ കണ്ടു ഞാൻ 2 രൂപ കൊടുത്തു.

നെട്ട : ചുരുക്കിപ്പറഞ്ഞാൽ ഞാൻ മജിസ്ട്രേട്ടിൻറടുത്തു ശുപാർശ ചെയ്യണം അല്ലേ ?

സുലു : അയ്യോ. അങ്ങനെ ഞാൻ പറയുന്നില്ല. അതു് ഒരു കള്ളക്കേസാണു്.

നെട്ട : അല്ലെങ്കിലോ?

സുല്യ : അല്ലെങ്കിൽ, നാണു അതുപോലെ കരയുമോ?

നെട്ട : അതു ശരി. അതു ഒരു പുതിയ തെളിവാണ്. ആകട്ടെ നോക്കട്ടെ. ഏതായാലും നീതിക്ക വിരുദ്ധമായി ഞാൻ ഒന്നും ചെയ്യയില്ല സുല്യ.

സുല്യ : അവൻ കുററക്കാരനായാൽതന്നെ, നല്ല നടപ്പിനു ജാമ്യം കൊടുത്തു വിട്ടുകൂടെ? മജിസ്ത്രേട്ടിനു അങ്ങനെ വിടാൻ അധികാരമില്ലേ?

## രംഗം 3.

[നെട്ടങ്ങാടി രാത്രിയിൽ മജിസ്ത്രേട്ടിൻെറ വീട്ടിൽ— പലതും പറയുന്നതിനിടയ്ക്ക്]

നെട്ട : ഇടയ്ക്കു ചോദിക്കയാണ്—ആ വെളുത്തേടൻ ശങ്കരൻ ഒരു കേസിൽ കുടുങ്ങിയിരിക്കയാണോ?

മജി : അതേ. പക്ഷേ സാരമില്ല. അവൻ എൻെറ അലക്കകാരൻെറ ഭാൎയ്യയുടെ സഹോദരനാണ്. വാസ്തവം പറഞ്ഞാൽ എൻെറ ഭാൎയ്യ പറഞ്ഞപ്പോഴാണു ഞാൻ അതറിഞ്ഞതു്. നിങ്ങൾക്ക അതിലെന്താ താല്പൎയ്യം?

നെട്ട : ഓ— വെറുതെ ചോദിച്ചതാ. എൻെറ അലക്കകാരൻെറ സഹോദരനാ അവൻ.

(പോലീസ് ഇൻസ്പെക്ടർ പ്രവേശിച്ച അല്പനേരം സംഭാഷിച്ചശേഷം)

ഇൻസ്പെക്ടർ : വെളുത്തേടൻ ശങ്കരൻെറ ശിക്ഷ ഒരു തെററാണെന്നു തോന്നുന്നു. അവനു എതിരായുള്ള തെളിവുകൾ ഏററം നിസ്സാരമാണ്. അല്ലേ?

മജി : അതേയതെ. എനിക്കും തോന്നാതിരുന്നില്ല. ശരിപ്പെടുത്തിയേക്കാം.

## രംഗം 4.

(മജിസ്ത്രേട്ടിൻെറ ഭവനത്തിൽ നിന്നും പോകുന്ന വഴിക്ക നെട്ടങ്ങാടി നമ്പ്യാരെ കാണുന്നു. നമ്പ്യാർ ഒരു എൻജിനീയറാണ്. നെട്ടങ്ങാടിയുടെയും മജിസ്ത്രേട്ടിൻെറയും സ്നേഹിതൻ.)

നെട്ട : ഗ്രഡീവിനിംഗ് മി. നമ്പ്യാർ. മജിസ്ത്രേട്ടിൻെറ വീട്ടിലേക്ക അല്ലേ

നമ്പ്യാർ : ഗ്രഡീവിനിംഗ്. അതേ.

നെട്ട : ശങ്കരനേ വെറുതേ വിടീയ്ക്കാനല്ലേ?

ന : നിങ്ങൾ എങ്ങനെ അറിഞ്ഞു.

നെട്ട : അതു സാരമില്ല. ഒന്നു ചോദിക്കാനുണ്ട്. ആ ശങ്കരനു നിങ്ങളുടെ വേളുത്തേടനുമായുള്ള ബന്ധം എന്താണ്?

ന : സഹോദരിയുടെ ഭൎത്താവ്.

നെട്ട : ശരി. നിങ്ങൾ അതിന്നായി പോകണമെന്നില്ല. ഈ ലോകം മുഴുവൻ ചുട്ടെരിച്ചാലും ശങ്കരനെ ആരും ശിക്ഷിക്കയില്ല.

(നെടുങ്ങാടി നമ്പ്യാരേയും കൊണ്ടു തിരിച്ചു പോകുമ്പോഠം കുറപ്പി നെ കാണുന്നു.)

നമ്പ്യാർ : ഗുഡ്‌വിനിംഗു കുറപ്പ് ? എത്തററം ?

കു : ഹോ- മജിസ്ത്രേട്ടിൻെറ വീട്ടു വരെ ?

നെടു : (കുറപ്പിൻെറ കൈയ്ക്കു പിടിച്ചിട്ട്) എന്തിനാ പോകുന്നതെന്നു എനിക്കറിയാം. പോകണ്ടാ കുറപ്പേ. ശങ്കരനെ വെറുതേ വിടും. നിങ്ങഠം ഇന്നലെ പറഞ്ഞതു വെറും സത്യമാണ്. പോകാം നമുക്കു തിരികെ. നിയമത്തിനു വെളുത്തേടനെ സ്പർശിക്കാൻ നിവൃത്തിയില്ല.... ഒന്നു ചോദിക്കാൻ വിട്ടുപോയി. ശങ്കരനും നിങ്ങളുടെ അലക്കുകാരനു മായിട്ട് എന്താ ബന്ധം.

കു : (അത്ഭുതത്തോടെ) കസിൻ.

## രംഗം 5

(ഒന്നാം രംഗത്തിലെ വായനശാലയിൽ മലയാളദിനപ്പത്രം നെടു ങ്ങാടി വായിക്കുന്നു :)

"ഒരു തിരുത്തൽ. കഴിഞ്ഞ ലക്കത്തിൽ നാലാം പേജിൽ മൂന്നാം കാളത്തിൽ ചേർത്തിരുന്ന വാർത്ത അടിസ്ഥാനരഹിതമാകയാൽ ഖേദിക്കുന്നു. രണ്ടാം പ്രതിയായ ശങ്കരൻ എന്ന വെളുത്തേടനെ വെറുതേവിട്ടിരിക്കുന്നു."

(അടുത്ത ലക്കത്തിൽ— "വാക്കു പാലിക്കയോ !")

—o—

## ആരോഗ്യവും ദീർഘായുസ്സും

നരച്ച തലമുടിയും പഞ്ഞിക്കെട്ടം പോലെ മീശയും ഉള്ള ഒരു വൃദ്ധൻ വഴിയരികിൽ ഇരുന്നു കരകയായി രുന്നു. സഹതാപം തോന്നിയ ഒരു വഴിപോക്കൻ അടുത്തു ചെന്നു "എന്താ സ്നേഹിതാ ഇങ്ങിനെ കര യുന്നതു്?" എന്നന്വേഷിച്ചു.

"അച്ഛൻ എന്നെ തല്ലി; അതാ ണ്." മീശയിൽ നിന്നും കണ്ണു നീരൊഴുക്കു പിഴിഞ്ഞു കളഞ്ഞു കൊണ്ടു് കിഴവൻ മറുപടി പറഞ്ഞു.

"നിങ്ങളുടെ അച്ഛനോ? നിങ്ങ ളുടെ അച്ഛൻ നിങ്ങളെ തല്ലിയെ ന്നോ? എന്തു്; നിങ്ങളുടെ സ്വന്തം അച്ഛനോ?" അദ്ധ്വഗൻ ആശ്ചര്യപരതന്ത്രനായി ചോദിച്ചു.

"അതെ — ഞാൻ വല്യച്ഛൻെറ ദേഹത്തു് കല്ലു വലിച്ചെറിഞ്ഞതി ന്." ഗദ്ഗദ സ്വരത്തിൽ ആ വൃദ്ധശിശു കാരണവും വിശദീക രിച്ചു.

—o—

## ചങ്ങമ്പുഴയുടെ

# അന്ത്യാമന്ത്രണങ്ങൾ

പോട്ടയിൽ എൻ. ജി. നായർ.

അങ്ങിനെ ആവിപഞ്ചികയും തകൻ! കേരളക്കരയിലെ മൺതരികളെപ്പോലും കോരിത്തരിപ്പിച്ച ആ കാവ്യാത്ഭുതം മിന്നൽപിണർ പോലെ മാഞ്ഞുപോയി. മഹാകവികളുടേയും പണ്ഡിതന്മാരുടേയും പേരുകൾ കേട്ടിട്ടില്ലാത്ത അനേകായിരം പേർ നമ്മുടെ നാട്ടിലുണ്ട്. എന്നാൽ നാടോടിപ്പാട്ടുകളിലൂടെ നാടിനെ നാദബ്രഹ്മത്തിലേയ്ക്കുയർത്തിയ ചങ്ങമ്പുഴയുടെ നാമം ഉച്ചരിക്കാത്ത നാലക്ഷരമറിയാവുന്ന മലയാളികൾ ആരും തന്നെ ഉണ്ടായിരിക്കുകയില്ല. അതുകൊണ്ടു തന്നെയാണ് ചങ്ങമ്പുഴക്കവിത സാധാരണ ജനങ്ങളുടെ ഹൃദയവുമായി ഇടപഴകിയിട്ടുണ്ടെന്ന് എല്ലാ പുരോഗമനേച്ഛുക്കളും ഉദ്ഘോഷിക്കുന്നതും. സാഹിത്യത്തിൻെറ ജീവചൈതന്യം സമുദായ ചിത്തത്തെ സ്പർശിക്കാത്തപക്ഷം — സമുദായവും സാഹിത്യവും തമ്മിൽ ഉത്തരദക്ഷിണ ധ്രുവങ്ങൾ പോലെ അന്തരം പാലിച്ചാൽ — സാംസ്കാരികമായ പുരോഗതി അസാദ്ധ്യമാണെന്നുള്ള തത്വം ആധുനികലോകം പൊതുവെ അംഗീകരിച്ചിട്ടുള്ളതാണ്. ആ ജനകീയ തത്വത്തിൻെറ ബഹിസ്ഫുരണങ്ങൾ വിതറുന്ന ഗാനസമുച്ചയം കൊണ്ട് പുൽമാടത്തെപോലും അനുഗ്രഹിക്കുവാൻ സാധിച്ചതാണ് ചങ്ങമ്പുഴക്കവിതക്കുണ്ടായിട്ടുള്ള മെച്ചം. അത് മലയാള സാഹിത്യത്തിനു ലഭിച്ച ഒരു നവോത്ഥാരണം ക്രൂടിയാണ്.

* * *

പക്ഷെ അതെല്ലാം ഇന്നു ഒരു കഴിഞ്ഞ കഥയായിപ്പോയി. വിശാലത്തിൻെറ കണ്ണുകൾ കുളിർപ്പിക്കുന്ന ആ മാരിവിൽ എത്രയോ ക്ഷണികമാണ്. അതിൻെറ കണ്ണഞ്ചിക്കുന്ന അലൌകിക പ്രഭയിൽ വിലയം പ്രാപിക്കുന്ന മനുഷ്യ മനസ്സ്, അടുത്ത് സംഭവിക്കാനിരിക്കുന്ന ഘോരമാരിയെ കുറിച്ചോ, മേഘ ഗർജ്ജനത്തെ കുറിച്ചോ അധികമൊന്നും ചിന്തിക്കാറില്ല. അങ്ങിനെയുള്ള ഒരു മഴവില്ലാണ് മലയാള സാഹിത്യനഭോമണ്ഡലത്തിലും ഈയിടെ ദൃശ്യമായത്.

"മഴവില്ലിന്നൊളികണ്ടു മയ
ങ്ങുമ്പോളപ്പുറത്തു,
മഴക്കാറുണ്ടെന്ന തത്വം
മറക്കയോ നീ?"

പൂർവ്വ സുഹൃത്തായ ഇടപ്പള്ളിയുടെ മണിനാദത്തിലൂടെ ഊറിയിട്ടുള്ള ആ ചിന്താസമ്പത്ത് പ്രത്യക്ഷത്തിൽ പരമാർത്ഥമായിതീർന്നു.

* * *

ഹൃദയം ദ്രവിപ്പിക്കുന്ന ആ അന്ത്യാമന്ത്രണങ്ങളും, കുററസമ്മതം ഇററിററു നിൽക്കുന്ന ആ പൂർവ്വ കഥാകഥനങ്ങളും കേട്ടിട്ടുള്ള ഏതൊരുവനും അത്ഭുതത്തോടെയല്ലാതെ ഈ കാവ്യശില്പിയെക്കുറിച്ച് ചിന്തിച്ചിരിക്കുകയില്ല. "ഞാൻ എന്നെ തന്നെ നശിപ്പിച്ചു. നിദ്രാശൂന്യമായ എത്രയെത്ര രാത്രികളിലാണ് ഞാൻ ആ പൂർവ്വസ്മരണകൾ കൊണ്ട് വീർപ്പു മുട്ടിയിട്ടുള്ളതു്! പശ്ചാത്താപഭാരത്താൽ വാവിട്ടുകരഞ്ഞിട്ടുള്ളതു്. രോഗഗ്രസ്തനായി അന്ത്യശയ്യയുമായി അടുത്തു കഴിഞ്ഞിരുന്ന ചങ്ങമ്പുഴ ഒരിക്കൽ എന്നോടു പറഞ്ഞ വാക്കുകളാണിതു്. പിടിച്ചാൽ ഒതുങ്ങാത്ത ചുമകൊണ്ടു് ശ്വാസം മുട്ടിയാൽ പോലും നിറുത്താതെ സംഭാഷണം ചെയ്യുവാൻ അദ്ദേഹം തിടുക്കം കൂട്ടിയിരുന്നു. കൂടെ കൂടെ ചെന്നു കാണാറുള്ള നാട്ടുകാരായാലും ശരി, ചിരപ്രതീക്ഷിതരായ അതിഥികളെ എന്നപോലെയാണ് അദ്ദേഹം സൽക്കരിക്കുക. യാതനകളുടെ പേരും ഭാരവും പേറി ജീവിതവുമായി പോരാടിക്കൊണ്ടിരിക്കുന്ന തന്നെ ശുശ്രൂഷിക്കുന്നതിൽ ജാഗരൂകരായിരിക്കുന്ന പ്രിയ മാതാവിനോടും, പത്നിയോടും, കുട്ടികളോടും, സഹോദരനോടും താൻ കാരണം കൂടാതെ കയക്കാറുണ്ടെന്നും, പിന്നീടു് പശ്ചാത്താപം കൊണ്ടു് ഹൃദയം പുണ്ണാക്കാറുണ്ടെന്നും മറവും പറയുന്ന ചങ്ങമ്പുഴയോടു് നാം എന്തു സമാധാനം പറയും "സ്വന്തം ജീവനെക്കാൾ വിലമതിക്കുന്ന എന്നെ അമ്മ എത്ര നിഷ്ഠയോടെയാണ് ശുശ്രൂഷിക്കുന്നതെന്നറിയാമൊ? ഞാൻ മൂലം അവർ അനുഭവിക്കുന്ന കഷ്ടപ്പാടുകൾക്ക് കണക്കില്ല. എന്നാലും ഞാൻ അവരെ ശകാരിക്കും. തീർത്താൽ തീരാത്ത ഒരപരാധമാണ് ഞാൻ അവരോടു് ചെയ്യുന്നതു് എന്നു അറിഞ്ഞുകൊണ്ടു തന്നെ അപ്രകാരം പ്രവർത്തിക്കുന്നതല്ലെ കൂടുതൽ വിചിത്രമായിട്ടുള്ളതു്?" ഇങ്ങിനെ പോകുന്നു അപരാധ ബോധത്തെ കുറിച്ചുള്ള അദ്ദേഹത്തിൻെറ വിലപനങ്ങൾ.

ചങ്ങമ്പുഴയുമായി ആർക്കും ഏതുങ്ങിനെ വേണമെങ്കിലും സംസാരിക്കാം. ജ്യോതിശ്ശാസ്ത്രജ്ഞനേയും, ചരിത്രകാരനേയും, സാഹിത്യകാരനേയും, മനശ്ശാസ്ത്ര പണ്ഡിതനേയും, ഭിഷഗ്വരനേയും, ചിത്രകാരനേയും, ശാസ്ത്രജ്ഞനേയും വശീകരിക്കുവാൻ വേണ്ട എല്ലാ വിജ്ഞാന സരണികളും ആ യുവാവിനു് സുപരിചിതങ്ങളായിരുന്നു. ഒരു മദ്യപാനിക്കു പോലും അദ്ദേഹത്തിൽ നിന്നും പലതും പഠിക്കുവാനുണ്ടു്. അതിൻെറ ശാസ്ത്രീയവും, സദാചാര വിരുദ്ധവും, ആത്മഹത്യാപരവുമായ ബീഭത്സ വശങ്ങളെ കുറിച്ച് മധുരോക്തികൾ കൊണ്ടു് ചിത്രം വരയ്ക്കുന്ന ചങ്ങമ്പുഴ അത്ഭുതങ്ങളിൽ അത്ഭുതമാണ്. സമാധാനം പറയാൻ ശ്രമിക്കുന്ന നിങ്ങൾ മണ്ടനാകും. സമുദായമദ്ധ്യേ സർവ്വോൽകൃഷ്ടത നടിക്കുന്ന കലീന കുടുംബങ്ങളിൽ പലരും രഹസ്യമായി പുലർത്തിപ്പോരാറുള്ള ദുർന്നടപടികളെ പരസ്യമായി അനുവർത്തിച്ചിട്ടുള്ള ചങ്ങമ്പുഴ, ആ സ്വാനുഭവങ്ങൾ വെട്ടിത്തുറന്നു പ്രസ്താവിക്കുന്നതു കേൾക്കുമ്പോൾ കപട വേഷധാരിയായ നിങ്ങളിലെ സദാചാര രാക്ഷസൻ ലജ്ജകൊണ്ടു്

ചൂളിപ്പോകും ആജീവിതയാഥാത്ഥ്യങ്ങളുടെ നേരെ പല്ലിളിച്ചുകാട്ടുന്ന കപടഭക്തന്മാർ അദ്ധരാത്രിയിൽ അവയുടെ ആരാധകന്മാരുമാണ്.

ചങ്ങമ്പുഴയെ എററവും അധികം ചീത്തപറയുന്നവർ അദ്ദേഹത്തിൻെറ നാട്ടുകാരാണ്. യഥാത്ഥത്തിൽ അദ്ദേഹത്തിനുള്ളതായ മാനുഷിക ഗുണങ്ങളേയും, കവനകലാ വൈഭവത്തേയും അഗണ്യകോടിയിലേയ്ക്കു തള്ളിക്കൊണ്ടു, പൂരപ്പാട്ടു പാടുന്ന ആ നേതൃമ്മന്യന്മാർ ഇഹലോകത്തേക്കാൾ പരലോകത്തിനു പ്രാധാന്യം കല്പിക്കുന്ന സമുദായത്തിലെ അത്ഭുത സൃഷ്ടികൾ മാത്രമാണ്. ബഹുലക്ഷം മനുഷ്യ ഹൃദയങ്ങളിൽ ആനന്ദവും, വികാരവും, അനുഭൂതിയും ഉളവാക്കിക്കൊണ്ടു്, കൊടുംകാററിൽ പോലും ഉലയാതെ നിൽക്കുന്ന ആ വാടാമലരുണ്ടോ, പരഗുണോൽകൃഷ്ടമാകുന്ന അരുണകിരണങ്ങളുടെ ദശ്നമാത്രയിൽ കരിഞ്ഞു വീഴുന്നന്നെ ദുജീവികളെ കൂസുന്നു. "എന്നെ ഏററവും കൂടുതൽ വെറുക്കുന്നതു് എൻെറ നാട്ടുകാരാണ്. അവരിൽ പലക്കും എന്നെ പച്ചയോടെ തിന്നുവാനുള്ള കലിയുണ്ടു്. മിഥ്യാഭിമാനംകൊണ്ട് മത്തുപിടിച്ച അവക്ക് സമ്മാനിക്കുവാൻ എനിക്കു ഒരു പുഞ്ചിരി മാത്രമെയുള്ളു. നാട്ടിൽ ജീവിക്കുമ്പോഴാണ് ഞാൻ ഏററവുമധികം കഷ്ടതയനുഭവിക്കുന്നതു്. എനിക്കുവേണ്ടി ഇന്നാട്ടിൽ ചെയ്യുന്ന സംരംഭങ്ങൾക്കു നിങ്ങൾക്കു കിട്ടുവാൻപോകുന്ന പ്രതിഫലം തെറിയായിരിക്കും." ചങ്ങമ്പുഴ സഹായനിധിയുടെ ആദ്യത്തെ പിരിവു കൊടുത്തപ്പോൾ ആ രോഗാതുരൻ പറഞ്ഞ വാക്കുകളാണിതു്. മുററത്തെ മുല്ലയ്ക്കു മണമില്ലെന്നു മാത്രമല്ല അതു ദുർഗ്ഗന്ധപരിപൂർണ്ണമാണെന്നു കൂടെ പ്രസ്താവിക്കുന്ന ആ മൃഗീയത്വത്തെ നാം എങ്ങിനെ സഹിക്കും.

* * *

ആധുനിക മലയാള സാഹിത്യത്തിൻെറ പുരോഗതിക്കു് അത്യന്താപേക്ഷിതമായിട്ടുള്ളതു്, വിശ്വസാഹിത്യവുമായിട്ടുള്ള നിത്യസമ്പക്കമാണെന്നു അദ്ദേഹം വാദിച്ചിരുന്നു. തജ്ജമകളേയും ആശയാനുവാദങ്ങളേയും കുററം പറയുന്നവർ "ലോക"ത്തിൻെറ നേരെ കണ്ണു തുറക്കുവാൻ കൂട്ടാക്കാത്തവരാണെന്നായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം.

* * *

ആ പ്രതിഭാസമ്പന്നൻെറ അന്ത്യദശയുടെ അന്ത്യ നിമിഷം മംഗളോദയം നഴ്സിംഗ് ഹോമിൽവച്ചായിരുന്നുവല്ലോ കഴിച്ചുകൂട്ടിയതു്. അമ്മയോടു് അന്ത്യയാത്രയും പറഞ്ഞു് തൃശ്ശൂർക്കു പോയ ആ രംഗങ്ങൾ ഹൃദയം ദ്രവിപ്പിക്കുന്നവയാണ്. പക്ഷെ മാതൃസ്നേഹം മകൻെറ വിട്ടുരവാസവും രോഗാവസ്ഥയും ഓത്തു എങ്ങിനെയാണ് നീറിനീറിക്കഴിയുക. പാവം പൌത്രനുമൊരുമിച്ചു് അവർ ആ ദിവസം തൃശ്ശൂർക്കു പുറപ്പെട്ടു. സ്ഥലമറിയാതെ പട്ടണം മുഴുവൻ ചുററിത്തിരിഞ്ഞു് അവർ അവസാനം അവിടെ ചെന്നെത്തി. മൃതദേഹത്തെ കെട്ടിപ്പുണരുവാൻ മാത്രം. അതൊന്നും സ്മരിക്കുവാൻ സാദ്ധ്യമല്ല.

ചികിത്സാത്ഥം കോയമ്പത്തൂർക്കു പോകുവാനുള്ള എല്ലാ സജ്ജീകരണങ്ങളും പൂത്തിയാക്കീട്ടു്, മലമൂത്രവിസർജ്ജനത്തിനായി ബെഡ്പാനെ സമീപിച്ചപ്പോൾ അദ്ദേഹ

ത്തിന്ന് കിടക്കണമെന്നു തോന്നി. അന്ത്യശയ്യയിലേക്ക് ചരിഞ്ഞുകൊണ്ട് അനുജനെ വിളിച്ച്, "പ്രഭാകരാ ഞാൻ പോവുകയാണ്." എന്നു മാത്രം പറഞ്ഞു. ആ മണിവീണയുടെ കമ്പികൾ പൊട്ടി.

മൃതശരീരം ഇടപ്പള്ളിയിലേയ്ക്കു കൊണ്ടുവന്നു. അമ്മയും ഭാര്യയും മക്കളും എല്ലാം വാവിട്ടു മുറവിളി കൂട്ടി. അവിടവിടെ നിന്നു് അഞ്ചെട്ടുപേർ കാറിനു പുറകെ ഓടി എത്തി. രോഗം കാർന്നു തിന്നു ഉല്പ്പിക്കളഞ്ഞ ആ തമ്പലം പുറത്തെടുക്കപ്പെട്ടു. കയ്കാലുകൾ മരപ്പാവപോലെ മരവിച്ച്, താടി നീണ്ട്, കൺപോളകൾ പകുതിയടഞ്ഞ്, എല്ലാവർക്കും ഒരു ചെറു മന്ദഹാസം സംഭാവന ചെയ്യുന്ന ദന്തനിരകൾ അല്പാല്പം പുറത്തുകാട്ടുന്ന ആ "സ്പന്ദിക്കാത്ത അസ്ഥിമാടം" നിലത്തിറക്കപ്പെട്ടു. "അലയും മുറയും നിലവിളിയും" — അമ്മയുടെ, പറഞ്ഞാൽ ഒടുങ്ങാത്ത അനുഭവങ്ങളുടെയും, അടക്കിയാൽ ഒതുങ്ങാത്ത ഹൃദയവേദനയുടെയും, ബഹിർ പ്രവാഹം അവിടെ കൂടിയിരുന്ന ഓരോ മനുഷ്യ മനസ്സിനേയും കരയിപ്പിച്ചിരുന്നു. ഹൃദയസ്പൃക്കായ ആ രംഗങ്ങൾ വർണ്ണനാതീതം തന്നെ.

കരപ്രമാണികളൊ കാര്യസ്ഥന്മാരൊ അങ്ങോട്ട് എത്തിനോക്കിയില്ല. കൈരളിയുടെ ആ ശോകമൂകമായ അന്തരീക്ഷത്തെ ഭയാനകമാക്കുന്നതിനെന്നപോലെ, ഇടപ്പള്ളിതമ്പുരാൻെറ, വൈദ്യുത ദീപം പ്രകാശിക്കുന്ന അരമനയും, അതിനു മുമ്പിലുള്ള, ചങ്ങമ്പുഴക്കവിതകൾക്ക പരശ്ശതം ചിന്താശകലങ്ങൾ കാഴ്ച വച്ചിരുന്ന, ഇരുണ്ട് കലങ്ങിയ ആ വലിയ കുളവും, മാത്രം ആ അത്ഭുത കവിയുടെ ചിതാഗ്നി ഉററുനോക്കിക്കൊണ്ടിരുന്നു. കുടുംബ പാരമ്പര്യമഹത്വവും, കുലീനത്വവും അതിൻെറ ആഭാട ചിഹ്നമായ ദുഃഖാന്വേഷണങ്ങൾക്കായി അങ്ങോട്ടു കടന്നില്ല. പക്ഷെ ആ ജീവിതം ഒരുകാലത്തും അതു പ്രതീക്ഷിച്ചിരുന്നുമില്ല. നേതൃത്വ ന്യൂനതയുടേയോ പാരമ്പര്യമഹത്വഗീതത്തിൻെറയോ മുമ്പിൽ ആ ശിരസ്സു ഒരു കാലവും കുനിഞ്ഞിട്ടുമില്ല. വിശ്വം മുഴുവൻ കുളിർ കോരിനിറയ്ക്കുന്ന ചന്ദ്രികയുടെ നേരെ ചളിവാരി എറിഞ്ഞതു കൊണ്ടെന്തു പ്രയോജനം. അതിൻെറ പ്രശാന്ത രമണീയമായ പ്രകാശധോരണിക്കോ ഉദയാസ്തമനങ്ങൾക്കോ അവസാനമുണ്ടോ? എങ്കിലും മനുഷ്യത്വത്തെ ചവിട്ടുകയൊ?

ഹാ! എന്തൊരു ജീവിതം. ഒരു വ്യാഴവട്ടക്കാലം കൊണ്ടു് ബഹുലക്ഷം ജനഹൃദയങ്ങളോട് നിത്യവും നമ്മസല്ലാപം ചെയ്തുകൊണ്ടിരുന്ന ചങ്ങമ്പുഴയുണ്ടോ മരിക്കുന്നു. ആ മന്ദ്രധ്വനി — ഉപമകളേയും അലങ്കാരങ്ങളേയും ഭാവനകളേയും ശബ്ദാർത്ഥ രസ സൌന്ദര്യത്രയങ്ങളേയും, ആജ്ഞാനുവർത്തികളാക്കിതീർത്ത ആ മുരളീരവം മലയാള സാഹിത്യലോകത്തിൽ ഒരു കാലത്തും നിലയ്ക്കുവാൻ പോകുന്നില്ല. ചങ്ങമ്പുഴയുടെ തൂലികാനുഗ്രഹം കൊണ്ടു് മോക്ഷം പ്രാപിച്ച മലയാള പദങ്ങളുണ്ടോ മൺമറയുന്നു. അതു്, ആയിരമായിരം പുൽമാടങ്ങളിലും, തൊഴിലാലയങ്ങളിലും, പ്രേമാഭിഷിക്തരയാ കാമിനീ കാമുകന്മാരുടെ ഹൃദയത്തുടിപ്പിലും, സ്നേഹത്തിൻെറ പൊൻകതിർ വിതറിക്കൊണ്ടു് അങ്ങിനെ നിൽക്കും.

* * *

"എത്രവളരെ ക്ലേശങ്ങഠം അനുഭവിച്ചാലും ശരി. എൻെറ അവയവങ്ങഠം ഒന്നൊന്നായി 'അടന്നു പോയാലും ശരി. എനിക്കു ഒരേഒരാഹ്ലാദമുണ്ടു്. എൻെറ ആത്മനിർവൃതിക്കു നിദാനമായ ഒരത്യാനന്ദം. കേരളത്തിൽ മാത്രമല്ല, മലയാളികഠം അധികമായി അധിവസിക്കുന്ന, ഇൻഡ്യ, സിലോൺ, മലയ, പേഴ്സ്യ തുടങ്ങിയ എല്ലാ രാജ്യങ്ങളിൽ നിന്നുമുള്ള മനുഷ്യസ്നേഹത്തിൻെറ ബഹിർപ്രവാഹം. അതിൽ നീന്തിത്തുടിക്കുവാൻ സിദ്ധിച്ച എൻെറ ഭാഗ്യം എത്രയോ പാവനമാണു്. തൊഴിലാളികളും മററു സാധാരണക്കാരും എനിക്കു വേണ്ടി ഫണ്ടു ശേഖരിക്കുന്നു."

ഒരു ജനകീയ കവിയെ സാമ്പത്തികമായി സഹായിക്കുവാനുള്ള കേരളത്തിൻെറ പ്രഥമ ശ്രമത്തെക്കുറിച്ചു് സംസാരിച്ചപ്പോഠം ചങ്ങമ്പുഴ പറഞ്ഞ മറുപടിയാണിതു്.

— o —

# അഭിപ്രായത്തിന്നു കിട്ടിയ പുസ്തകങ്ങഠം

(1) ഭടൻെറ സ്വപ്നം : (വെട്ടൂർ രാമൻ നായർ)
വില 1 ക. 4 ണ.
അരുണോദയം പ്രസ്സ് വടക്കാഞ്ചേരി

(2) അമൃതഗംഗം : (വി. വി. കെ)
വില 8 ണ.
കേരളാ പ്രിൻറിങ്ങ് ആൻറ് പബ്ളിഷിംഗ കമ്പനി ലിമിററഡ് തലശ്ശേരി.

3) സ്ത്രീധനം : (സി. മാധവൻ പിള്ള)
വില 1 ക. 8 ണ.

(4) വെണ്ണിലാവ് : (സി. മാധവൻ പിള്ള)
വില 12 ണ.

(5) യാചകമോഹിനി : (സി. മാധവൻ പിള്ള)
വില 1 ക. 8 ണ.
വിജയഭാനു പബ്ളിഷിംഗ്ഗ ഹൌസ് ആലപ്പുഴ.

(6) സോഷ്യലിസം. സി. ജെ. തോമസ്
വില 1 ക. 4 ണ.
നാഷനൽ ബുക്ക്സ്റ്റാഠം, കോട്ടയം.

(7) എലിവാണം. ഡി. സി.
വില 1 ക. 4 ണ. " "




# ഔദാര്യം

കാരൂർ നീലകണ്ഠപ്പിള്ള.

അദ്ദേഹത്തിന്റെ ഭവനം ആ ഗ്രാമത്തിൽ വരുന്നവർക്കൊരു സത്രമാണ്. എഴുത്തു കൊണ്ടു നടക്കുന്ന അഞ്ചൽമാൻ, ബീററു പോകുന്ന കാൺസ്റ്റബിളും, കേസന്വേഷണത്തിനു വരുന്ന പോലീസ് ഇൻസ്പെക്ടർ, കൃഷിനഷ്ടം നോക്കാൻ വരുന്ന മന്ത്രി ഇവരൊക്കെ വേലുപ്പിള്ളയുടെ അതിഥികളാണ്. ചിലരൊക്കെ വന്നാൽ അവിടെ കുറെ ദിവസം താമസിച്ചുകളയും. അക്കൂട്ടത്തിലൊരുത്തനാണ് തുണിക്കച്ചവടക്കാരൻ മുത്തുസ്വാമി ചെട്ടിയാർ.

ചെട്ടിയാർ ആണ്ടിൽ രണ്ടു തവണയെങ്കിലും അവിടെ വന്നു താവളമടിക്കും. പത്തായിരം രൂപായിൽ കുറയാത്ത വിലയ്ക്കുള്ള കവണിത്തരങ്ങളുമായിട്ട് ആ വ്യാപാരി വന്നാൽ ചുററുപാടിലൊക്കെ കൊണ്ടുനടന്നു മുഴുവൻ വിററു പണമാക്കീയിട്ടേ തിരിച്ചുപോകൂ. അന്നൊക്കെ ഊണും കാപ്പിയും എല്ലാം വേലുപ്പിള്ളയുടെ ഭവനത്തിലായിരിക്കും. കാലത്തെ കാരണവരുടെ ഒപ്പം കാപ്പി കുടി കഴിഞ്ഞാൽ കുറെ ജവുളിയെടുത്തു കെട്ടിക്കൊണ്ടു അയാളും കച്ചവടത്തിനു പോകും. ഉച്ചയ്ക്ക് ഊണിനുള്ള സമയത്തിനു തിരിച്ചു വരും. ചെട്ടിയാരു വന്നിട്ടുണ്ടെന്നറിഞ്ഞാൽ ചിലർ വേലുപ്പിള്ളയുടെ വീട്ടിൽ വരും കവണി വാങ്ങാൻ. അങ്ങനെ ആ ചെട്ടിയാർ സ്വന്തം വീടുപോലെ ഉപയോഗിക്കുന്ന ഒരു സ്ഥലമാണ് ആ ധനികഗേഹം.

അന്നു രാവിലെ തുകൽസഞ്ചിയിലെ പണം എണ്ണി തിട്ടപ്പെടുത്തുന്നതിനിടയിൽ മുത്തുസ്വാമി പറഞ്ഞു– "ഇന്നുച്ചയ്ക്കുള്ള ബോട്ടിനു നാട്ടിനു പോകണം."

വേലുപ്പിള്ള ചോദിച്ചു– "അതെന്താ ചെട്ടിയാരെ, ഇത്ര വേഗം പോകുന്നതിത്തവണ?"

"വേഗമൊന്നുമല്ലങ്ങത്തെ. ആറു നാളായി വന്നിട്ട്. ചരക്കു മുഴുവൻ തീർന്നു."

"കടം കൊടുത്തിട്ടുണ്ടോ വല്ലവർക്കും? ഒരു കാശു വെളിയിൽ പോയാൽ കിട്ടുന്ന നാടല്ലിതു കേട്ടോ?"

"വ്യാപാരത്തിന് അല്പസ്വല്പം കടം കൂടാതെ പററുകേല്ല. ചില്ലറ കുറച്ചു കുററിയിലൊണ്ട്."

"എല്ലാംകൂടി എന്തുണ്ടീ പ്രാവശ്യം? ഇവിടെ വന്നു പാത്തിട്ടു ലാഭം കിട്ടിയില്ലെങ്കിൽ അതൊരു മോശമാണ്."

"ഇത്തവണ ഗുണമില്ല. എല്ലാം മൊതലുകൾ മൊതലായിട്ടു വിററു. ഇനി ജവുളികൾ വില കുറയും. അപ്പോൾ ചരക്കു കൈയിലിരിക്കരുതല്ലോ എന്നു കരുതി ആയിരം രൂപായ്ക്കു കച്ചവടം നടന്നു. ചെലവു നീക്കി ഇരുപതു രൂപാ ലാഭം കിട്ടിയാലായി. വണ്ടിക്കാക്കും ചുമട്ടുകാക്കും രൂപാ എത്ര കൊടുക്കണമെന്നറിയാമല്ലോ. ഇവിടെ ആറു തീയതി പാത്തു. ഇക്കാലത്തു ദിവസം മൂന്നു രൂപായില്ലാതെ ഒരാളിന്റെ കാര്യം നടക്കുമോ? ഇവിടെ അങ്ങുന്നിന്റെ ദയവുകൊണ്ടു ചെട്ടിയാക്കു ചെലവു കൂടാതെ കഴിഞ്ഞു. അങ്ങുന്നെന്നോടു ദയ കാണിച്ചതിനു അതു ഞാൻ ചരക്കിന്റെ വിലയിൽ കുറച്ചുണ്ടല്ലോ."

"ചെട്ടിയാരിവിടെ സ്ഥിരമായിട്ടൊരു കച്ചവടം തുടങ്ങിക്കളയൂ."

"എവിടിരിക്കുന്നങ്ങത്തെ പണം! വയററുപെഴപ്പിന് ഇതുംകൊണ്ടു നടക്കുന്നെന്നുവെച്ചു ചെട്ടിയാരു കച്ചവടക്കാരനാകാൻ പാററുമോ?"

ഗൌരവമേറിയ പല കാര്യങ്ങളും തലയിലുള്ള ആ നാട്ടുപ്രമാണിക്കു തുണിക്കച്ചവടക്കാരൻ ചെട്ടിയാരെപ്പോലെയുള്ള ഒരു തൻകാര്യക്കാരനോടു സംസാരിച്ചിരിക്കാൻ നേരം കിട്ടുകയില്ലെങ്കിലും, അദ്ദേഹത്തിനും ഒരു വിനോദത്തിനു വക വേണമല്ലോ. ഈശ്വരനു താഴെയുള്ള എല്ലാവരേയും, എല്ലാ പ്രസ്ഥാനങ്ങളേയും കുററം പറഞ്ഞു നടക്കുന്ന ഒരു പഴയ പ്രജാസഭാമെമ്പരായ ഗോവിന്ദപ്പിള്ളയോ, എന്റെ ജീവനുള്ളപ്പോൾ ഒരു സെൻറു ഭൂമി അനന്തിരവക്കു കൊടുക്കുകയില്ലെന്നു തക്കിച്ച് അനന്തിരവരുമായിട്ടുള്ള ഭാഗക്കേസിൽ തന്നത്താൻ ഹൈക്കോടതി വരെ വാദം നടത്തി കേസിൽ തോററു വഴിക്കരെ തടഞ്ഞുനിത്തി, കേസിന്റെ ആദ്യവസാനം പറഞ്ഞു കേൾപ്പിക്കുന്ന കാളനാറാപിള്ളയോ, അതുപോലെ ആരെങ്കിലും അവിടെ വന്നു കൂടിയാൽ എന്നതുപോലെ ഒരു രസമാണു ചെട്ടിയാരോടു സംസാരിക്കുന്നത്.

കാരണവരുടെ മേശപ്പുറത്തു നിന്ന് അവൻ ഒരു പത്തുരൂപാ നോട്ടെടുത്തു. ചെട്ടിയാരവിടെ വന്ന ദിവസം ഗൃഹനാഥനോടു കടം വാങ്ങിച്ചതും അടുത്ത ദിവസം തിരിച്ചു കൊടുത്തതുമാണത്. മേശപ്പുറത്തു വച്ചു എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്തെങ്കിലും ആവശ്യത്തിനെടുത്തെന്നു സംശയിക്കാൻ കാര്യവുമില്ല. നോട്ടവിടെ വച്ചിട്ട് ഒരു മണിക്കൂർ കഴിഞ്ഞപ്പോഴേക്ക് അതു മോഷ്ടിക്കപ്പെട്ട വിവരം കണ്ടുപിടിച്ചു. ആ മുറിയിൽ പലരും വരികയും പോകുകയും ചെയ്യാറുണ്ട്. അവിടെനിന്ന് എന്തെങ്കിലും എടുക്കാൻ, തിരിച്ചറിയാററായവരാരും ധൈര്യപ്പെടുകയില്ല. വേലക്കാരൻ ആ മുറിയിൽ വന്നു. അവനു പത്തു രൂപാ ഒരു നിസ്സാരത്തുകയല്ല. അതെടുക്കുന്നതിന്റെ ഭവിഷ്യത്തുകളറിയാൻ ആ കഴുതയ്ക്കു ബുദ്ധിയുമില്ല. അവൻ നേരുകാരനാണെന്ന് എല്ലാവരും ...

റയാറണ്ട്. ആ നല്ല അഭിപ്രായത്തിൻെറ മറവിൽ ഒരു മോഷണം നടത്താനവന്ന വളരെ സൗകര്യവുമുണ്ട്. അവൻ രൂപാ മോഷ്ടിച്ചു. വേലുപ്പിള്ളയുടെ വലിയ കുറച്ചിലായിപ്പോയി. വേലക്കാരൻ അവിടെനിന്ന മോഷ്ടിക്കണമെങ്കിൽ അവൻ തന്നെ എത്ര നിസ്സാരമായിട്ടായിരിക്കണം ഗണിച്ചിരിക്കുക. എന്തെങ്കിലും അത്യാവശ്യം നേരിട്ടിട്ടാണ മോഷണം നടത്തിയതെങ്കിൽ, ആ ആവശ്യം തന്നോട പറയാമായിരുന്നില്ലേ? പറഞ്ഞാൽ താനതു സാധിച്ചുകൊടുക്കുകയില്ലെന്നാണവൻെറ വിശ്വാസമെങ്കിൽ അതു തനിക്കുള്ളതു പോരായ്മയാണ്! ഈ മോഷണക്കാര്യം വെളിയിലറിഞ്ഞാൽ കള്ളന്മാരുടെ പേടി തീരും. പിന്നെ തരം വരുമ്പോഴം അത്തരക്കാർ ഓരോന്ന തട്ടിക്കൊണ്ടു പോകും. തൻെറ ഓർമ്മയിൽ ഇങ്ങനെയൊരു കാര്യം ആ വീട്ടിൽ നടന്നിട്ടില്ല. അദ്ദേഹത്തിനതു തന്നെയായി വിചാരം. ചെട്ടിയാക്കിതു കേട്ടിട്ട പേടിയായി. അയാളുടെ കൈയിൽ പണമായും കവണിയായും ഒരു നല്ല സംഖ്യ കാണും. അതു് ആ വീട്ടിൽ, ആ മുറിയിൽത്തന്നെയാണിരിക്കാറുള്ളതു്. അയാഠം എത്ര പേരോട്ട് ഉത്തരം പറയാനുള്ളതാണീ പണത്തിന്! വേറെ വല്ലടത്തും ചെന്ന കിടക്കാത്തതു പ്രധാനമായി മുതലിൻെറ രക്ഷയെക്കരുതിയാണ്. ഇത്രയും ഉഗ്രനായ കാരണവരുടെ മേശക്കള്ളിൽനിന്ന പണം മോഷ്ടിക്കുന്നവന് ഈ വിദേശിയായ പാവത്തിൻെറ വക മോഷ്ടിക്കാൻ വല്ല പ്രയാസവുമുണ്ടോ? പണം മാത്രമല്ല ചിലപ്പോഠം ജീവനും അപഹരിക്കപ്പെടുകയില്ലെന്നാരറിഞ്ഞു. അതു മാത്രവുമല്ല മോഷണം നടന്നപ്പോഠം താനവിടെ ഉണ്ടായിരുന്നല്ലോ. അറിവില്ലാത്ത വല്ലവരും പറഞ്ഞുണ്ടാക്കിയാലോ രൂപായെടുത്തതു ആ ചെട്ടിയാരല്ലാതെ മററാരുമല്ലെന്ന്. തൻെറ ആ നാട്ടിലെ വ്യാപാരം തകരാൻ പിന്നെയൊന്നും വേണ്ട. മോഷണക്കാര്യം വെളിയിലായി. കാരണവരറിയാതെ തന്നെ അതു തെളിവിലും വന്നു. വേലക്കാരൻ മാധവനാണ മോഷ്ടിച്ചതു്. അവനെ അവിടുത്തെ അന്തേവാസികഠം 'ശോഭ കേട്ട്' ചെയ്തു് അക്കാര്യം തെളിയിച്ചു. അവൻ പത്തു രൂപാ ഹാജരാക്കി ആ നോട്ടു തന്നെയാണ താൻ കൊടുത്തതെന്ന ചെട്ടിയാർ സാക്ഷി പറഞ്ഞു. അവൻ അവിടുത്തെ വേലയിൽനിന്ന പിരിയേണ്ടിയും വന്നു. അവന്ന കിട്ടിയ ദേഹോപദ്രവങ്ങഠം പത്തു രൂപായിലെത്രയോ കൂടിയ വിലയുള്ളതെന്ന കണ്ട കാരണവർ മോഷ്ടിക്കപ്പെട്ട സംഖ്യയും അവന്ന മടക്കിക്കൊടുത്തു. കാരണവരുടെ ഔദാര്യവും വേലക്കാരൻെറ ദയനീയതയും കണ്ട ക. ണ. സ. യിൽ മാത്രം ശുദ്ധാലുവായ ചെട്ടിയാരും അവന് ഒരു രൂപ കൊടുക്കുകയുണ്ടായി

ചെട്ടിയാര പറഞ്ഞു – "ഇവിടുന്ന മോഷ്ടിക്കുന്നവക്ക ജീവൻ ബാക്കിയുണ്ടെങ്കിൽ ലാഭമാണ്."

വേലുപ്പിള്ള : ഹായ്! മഠയന്മാരു് അവനെത്തല്ലി എല്ലൊടിച്ചു കളഞ്ഞു. അവൻ കള്ളനല്ല.

ചെട്ടി :– കക്കാത്തവൻ പിന്നെ സമ്മതിക്കുമോ?

വേലു :- ചെട്ടിയാക്ക സംശയമുണ്ടോ? വേണമെങ്കിൽ ചെട്ടിയാരെക്കൊണ്ടുതന്നെ സമ്മതിപ്പിക്കാം. ആ പത്തു രൂപ നിങ്ങളാണെടുത്തതെന്ന്

ചെട്ടി :- സമ്മതിച്ചുപോകുമങ്ങു ന്നേ. പക്ഷെ അങ്ങുന്നിൻെറ മുഖത്തു നോക്കിയാൽ എത്ര കള്ളനും ക ക്കാൻ കൈ പൊങ്ങുകയില്ല.

വേലു :- ഏതായാലും അവനെ ഉപദ്രവിച്ചതു വലിയ കഷ്ടമായി പ്പോയി. ഇതൊക്കെ കണ്ണിനു കാ ണുന്നവരെ വെളിയിലാക്കരുതു്.

ചെട്ടി :- മഹാന്മാർ അങ്ങനെ ഒ ക്കെ പറയും ഇവിടെ എല്ലാക്കും ഉണ്ടോ അങ്ങനത്ത ദയവു്.

തുണിയുടെ വിലക്കൂടുതൽ, കരി ഞ്ചന്തക്കാർ ഗവൺമെൻറുകളിൽ നുഴ ഞ്ഞു കയറുന്നതു് മുതലായതിനെ പ്പററി അവർ സംസാരിച്ചു. "കൺ ട്രോൾ തുണിക്കു്, നിയന്ത്രണം നീ ക്കിയപ്പോൾ ഇത്ര വളരെ വില കൂട്ടി വില്ക്കുന്ന വ്യാപാരികളെ പൊ തുജനങ്ങൾ വെറുതെ വിടുമെന്നാ ണോ ചെട്ടിയാരുവിചാരിക്കുന്നതു്?" എന്നു വേലുപ്പിള്ള ചോദിച്ചു.

ചെട്ടി :- നമ്മളു വ്യാപാരിയുമല്ല, കൺട്രോളുമല്ല. എന്നാലും ഇപ്പോഴാ ണു കച്ചവടക്കാർ നേരുകാരായതു്. എല്ലാവക്കും ഒരേ വില. മുൻപു് ചിററു കൊടുക്കാൻ ചില ഏഴാം തരം ഉദ്യോഗസ്ഥന്മാരുണ്ടായിരുന്നു. അവരുടേയും, അവരുടെ മുടി വെട്ടു ന്ന ക്ഷൌരകൻേറയും, അവരുടെ പാ ത്രം തേയ്ക്കുന്ന വേലക്കാരിയുടേയും സേവ സമ്പാദിച്ചാലാണു ചിററു കി ട്ടുക. ആ ചിററു കിട്ടിയാൽ കൺ ട്രോൾ വിലയ്ക്കുള്ള തുണി കിട്ടും. ഇ പ്പോൾ ആളുകൾ കുറച്ചു നഷ്ടപ്പെ ട്ടാൽ തന്നെയെന്താ. മുക്കാൽ വാര ത്തുണിക്കു് പട്ടിയുടേയും പൂച്ചയുടേ യും കാൽപിടിക്കാതെ കഴിയുമല്ലോ.

വേലു :- അതെയതെ. ജനങ്ങളെ മർദ്ദിച്ചു പണമുണ്ടാക്കുന്നവക്കെല്ലാ മുണ്ടു്, ഇത്തരം തത്വജ്ഞാനങ്ങൾ. ഒന്നും നിലനില്ക്കാൻ പോകുന്നില്ല.

ചെട്ടിയാരൂണു കഴിഞ്ഞു പോ കാൻ തുടങ്ങുകയാണു്. മുറിയ്ക്കകത്തു കയറി, അയാളുടെ സാമാനങ്ങൾ എ ടുക്കുന്നു. കാരണവർ ആ മുറിയിലേ ക്കു് ഒരു കാലെടുത്തുവച്ചിട്ടു്, പെ ട്ടെന്നു് പുറകോട്ടു വലിച്ചു. അദ്ദേഹ ത്തിനു പരമാധികാരമുള്ള ആ ഭവന ത്തിൽ പൂച്ചയേപ്പോലെ പതുങ്ങി മറുവശത്തേക്കു പോയി. ചെട്ടിയാ രിറങ്ങി കാരണവരുടെ അടുത്തേക്കു ചെന്നു. "അങ്ങത്തെ പോയി വ രട്ടെ" എന്നു വന്ദിച്ചു് നടന്നു. അ ത്തവണത്തെ വ്യാപാരത്തിൻെറ ലാ ഭം മുഴുവൻ അയാളുടെ മുഖത്തു തെ ളിഞ്ഞു കാണാമായിരുന്നു. താൻ ചെയ്ത ഒരു തെററിനെപ്പററി അഗാ ധമായ ഒരു വിഷാദം, വേണമെ ങ്കിൽ ബ്രഹന്നളയായി ഒരു വഷം നടന്നുകളയാമെന്നുള്ള സന്നദ്ധത വരെ കാരണവരുടെ മുഖത്തു തെളി ഞ്ഞിരുന്നു.

ചെട്ടിയാക്കുള്ള ബോട്ടു് കടവിൽ നിന്നും വിട്ടു് കുറേ ദൂരം പോയിക്കഴി ഞ്ഞപ്പോൾ കാരണവർ അവിടെയു ള്ള ഒരാളിനോടുപറയുകയാണു്: "ആ ചെട്ടിയാരൊരു മറയനാണു്, അയാ ളെൻെറ പാക്കററിൽക്കിടന്ന പൌ ണ്ടൻപേന അടിച്ചോണ്ടു പോയി."

"അയാളാ എടുത്തതെന്നു് എങ്ങ നെ അറിഞ്ഞു ?"

"ഞാൻ കണ്ടല്ലോ."

"എന്നിട്ടു് ?"

"ഞാനങ്ങു മാറിക്കളഞ്ഞു."

"അയ്യോ അതെന്താ ?"

"അതു ഞാൻ കണ്ടു പിടിച്ചാൽ അയാൾക്കെന്തെല്ലാം വൈഷമ്യങ്ങ ളാണുണ്ടാവുകയെന്നോത്തിട്ടു്."

——

# വായനക്കാർ ലോകവാണിയിൽ

[ വായനക്കാൎക്ക് ഇഷ്ടമുള്ള വിഷയങ്ങളെക്കുറിച്ച് വിമർശിക്കുന്നതിനുള്ള ഒരു പംക്തിയാണ് ഇതു്. ചുരുങ്ങിയ കത്തുകൾ ക്ഷണിച്ചുകൊള്ളുന്നു.]

പ്രിയപ്പെട്ട പത്രാധിപരേ,

സാഹിത്യപരങ്ങളായ ഉജ്വല ലേഖനങ്ങളുടെ സമാഹാരമായ ലോകവാണിയിൽ ലോകോത്തരങ്ങളായ കൃതികളുടെ രത്നച്ചുരുക്കമാകുന്ന ഒരു പംക്തികൂടി കണ്ടാൽ കൊള്ളാമെന്നു് ആഗ്രഹമുണ്ടു്. സാഹിത്യകാരന്മാരേയും, അല്ലാത്ത സഹൃദയന്മാരേയും വിശ്വസാഹിത്യങ്ങളുമായി പരിചയപ്പെടുത്തുന്നതിനും കൈരളിയിലേയ്ക്കു ആ വക മഹൽഗ്രന്ഥങ്ങളെ പരാവൎത്തനം ചെയ്യുന്നതിന്നു അവരെ പ്രോത്സാഹിപ്പിക്കുന്നതിനും അങ്ങനെയൊരു പംക്തി സഹായകമാകുമെന്നു ഞാൻ വിശ്വസിക്കുന്നു. മൂലഗ്രന്ഥങ്ങളുടെ ആശയങ്ങളെ നശിപ്പിക്കാതെയും സരസമായും എഴുതുവാൻ ശേഷിയുള്ളവർ തന്നെയായിരിക്കണം ഈ സംക്ഷേപണകൎമ്മം നിൎവ്വഹിക്കുവാൻ. അതുകൊണ്ടു് താങ്കൾ ഈ ഉദ്ദേശത്തിലേയ്ക്കായി നമ്മുടെ പ്രശസ്ത സാഹിത്യകാരന്മാരുടെ സഹായ സഹകരണങ്ങൾക്കാവശ്യപ്പെടുന്നതു നന്നായിരിക്കും. ഈ ഉദ്യമത്തിൽ താങ്കളെ എല്ലാവരും പ്രോത്സാഹിപ്പിക്കുമെന്നെനിക്കു തീൎച്ചയുണ്ടു്.

എന്നു്, പി. കെ. എം.

[ ശ്രദ്ധേയമായ ഈ നിർദ്ദേശത്തിന്നു നന്ദി പറഞ്ഞുകൊള്ളുന്നു. സ്ഥലപരിമിതി കൊണ്ടാണു് പല പംക്തികളും മാററി വച്ചിട്ടുള്ളതു്. എങ്കിലും താമസിയാതെ തന്നേ, ഇത്തരം ഒരു പംക്തി തുടങ്ങാൻ ശ്രമിക്കുന്നതാണു്—പ.]

★

പ്രിയപ്പെട്ട പത്രാധിപരേ,

നമ്മുടെ ഭാഷാസാഹിത്യകാരന്മാർ സാഹിത്യത്തിൻെറ പ്രയോജനത്തെ സംബന്ധിച്ച വിഭിന്ന മതക്കാരാണെന്ന വസ്തുത എന്നെ പലപ്പോഴും ചിന്തിപ്പിച്ചിട്ടുണ്ടു്. കല ജീവിതത്തിനുവേണ്ടി — വ്യക്തിപരവും സാമുദായികവുമായ ഉച്ചനീചത്വംകൊണ്ടു് ഇന്നു മനുഷ്യജീവിതത്തിലുണ്ടായ വൈപരീത്യത്തിൽ നിന്നും ലോകത്തിനു് ഒരു പരിവൎത്തനം വരുത്തുകയാണു കലാസൃഷ്ടികൊണ്ടുള്ള ഉദ്ദേശം — എന്നു അഭിപ്രായക്കാരാണു് ഒരു കൂട്ടർ. യാതനാപൂൎണ്ണമായ മനുഷ്യജീവിതത്തിനു ആനന്ദാനുഭൂതികളിൽക്കൂടി സുഖവും വിശ്രാന്തിയും നൽകി, സാംസ്കാരികമായി ഉയൎത്തുകയാണു സാഹിത്യം ചെയ്യേണ്ടതു് എന്നാണു മറെറാരു

പക്ഷം. രണ്ടു വഴിക്കു നോക്കിയാലും സാഹിത്യം ജീവിതസ്പർശിയാണെന്നു വെളിപ്പെടുന്നില്ലേ? മാനസികമായി മനുഷ്യനെ ഉയർത്തുമ്പോഴും സമുദായജീവിതത്തെ സംസ്കരിക്കുമ്പോഴും സാഹിത്യത്തിന്റെ പ്രയോജനം കേന്ദ്രസ്ഥിതമായ ഒരേ ലക്ഷ്യത്തിൽതന്നെയാണല്ലോ എത്തിച്ചേരുന്നതു്. അങ്ങിനെയാണെങ്കിൽ നമ്മുടെ സാഹിത്യകാരന്മാരുടെ കക്ഷിവഴക്കുകൾ അർത്ഥശൂന്യങ്ങളല്ലേ? ഈ വിഷയത്തെ സംബന്ധിച്ച താങ്കളുടെ അഭിപ്രായം ലോകവാണിയിൽ പ്രതീക്ഷിക്കുന്നു.

കെ. പി. ബി. പാട്ട്യം.

[അകലെയുള്ള ലക്ഷ്യത്തെക്കുറിച്ചു ആലോചിക്കുമ്പോൾ കക്ഷിവഴക്കുകൾ ആവശ്യമില്ല. പക്ഷേ അടുത്ത പടിയേക്കുറിച്ചു ചിന്തിക്കുമ്പോൾ കടിപിടി കൂട്ടാതിരിക്കാൻ സാധാരണക്കാക്കു നിവൃത്തിയില്ല. ഓരോന്നിന്റെയും പ്രാധാന്യത്തെക്കുറിച്ചും മൂല്യത്തെക്കുറിച്ചും അഭിപ്രായവ്യത്യാസം ഉണ്ടായിരിക്കുന്നിടത്തോളം കാലം കക്ഷിഭേദങ്ങളും ഉണ്ടായിരിക്കുന്നതാണ്. എന്നാൽ പരബഹുമാനം തീരെ കുറയുമ്പോഴാണ് അവ അനാശാസ്യങ്ങളായ കക്ഷിവഴക്കുകളായി അധഃപതിക്കുന്നതു്. ഈ വിഷയത്തേക്കുറിച്ച് പത്രാധിപരുടെ അഭിപ്രായം രണ്ടാം ലക്കത്തിൽ ചേർത്തിരുന്ന പ്രകടനപത്രികാനിരൂപണത്തിൽ ഉണ്ടു്. അതിനു വിശദീകരണം ആവശ്യമുണ്ടെങ്കിൽ അറിയിക്കുക—പ.]

★

പ്രിയ പത്രാധിപരെ,

ആദ്യം മുതൽക്കു തന്നെ ഉൽക്കണ്ഠയോടും ഉയർന്ന പ്രതീക്ഷയോടും കൂടി ലോകവാണി വായിച്ചു വരുന്ന ഒരു സഞ്ചാരിയാണിതെഴുതുന്നതു്. സഞ്ചാരിയുടെ പ്രത്യാശാഭരിതമായ ഹൃദയത്തെ ഒന്നിലധികം പ്രാവശ്യം ലോകവാണി അല്പാല്പം നിരാശപ്പെടുത്തിയതു പോട്ടെ. അതു സാരമില്ല. 'പല ജനത പാല നിബന്ധനം പല നഗരം പല വേഷഭാഷകൾ' എന്നു പറഞ്ഞ കൂട്ടത്തിൽ നാടു ചുററിക്കൊണ്ടു കഴിഞ്ഞു കൂടുന്ന സഞ്ചാരി പലേടത്തു നിന്നും പലതരക്കാരിൽ നിന്നും ലോകവാണിയെപ്പററി കേട്ട ചില അഭിപ്രായങ്ങൾ പത്രാധിപർ സാറിനെ അറിയിക്കാമെന്നു വിചാരിക്കുന്നു.

സാഹിത്യത്തിന്റെ സാങ്കേതികവശങ്ങളെപ്പററി വിമർശനാത്മകമായ ഒരു വിജ്ഞാനമൊന്നുമില്ലെങ്കിലും വായിക്കാനും തോന്നിയതു പറയാനും പ്രയാസമില്ലാത്ത സഞ്ചാരിയുടെ ഒരു സഹോദരിയടക്കം പലരും പറകയുണ്ടായി— കുടിക്കുന്നവരുടെ മുഖഭാവം കൊണ്ടും പാത്രത്തിന്റെ മട്ടുകൊണ്ടും നമ്മുടെ കഷായ പംക്തിയിലെ ചങ്ങാതിമാർ കഷായം കുടിക്കുന്ന പ്രതീതിയല്ലാ, നേരെമറിച്ചു്, ഇപ്പോൾ നിരോധിക്കപ്പെട്ടിട്ടുള്ള ആ പാനീയമില്ലേ, അതുകുടിക്കുന്ന സ്മരണയാണുണ്ടാവുന്നതെന്നു്. ചിത്രത്തിനു ചുവട്ടിലുള്ള വിഷയവും പ്രതിപാദനവും പലപ്പോഴും വായനക്കാരിൽ കഷായരസമുളവാക്കുന്നുണ്ടെങ്കിലും കഷായത്തിന്റെ ഫലം നൽകുന്നുണ്ടോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. മേമ്പൊടിചേർത്ത് പത്ഥ്യം ശരിയായനുഷ്ഠിച്ചാൽ ആശ്വാസം കാണുമായിരിക്കാം.

ഫലിതങ്ങൾ, (രസശകലങ്ങൾ) ഉൽകൃഷ്ട വാക്യങ്ങൾ മുതലായവ

എണ്ണത്തിലും വണ്ണത്തിലും കുറെ ക്കൂടി വിപുലമായതോതിലാക്കണമെന്നാണ് മററൊരു കേന്ദ്രത്തിൽ നിന്നുമുള്ള അഭിപ്രായം. ഈ വിഷയങ്ങളിൽ എണ്ണമില്ലാത്ത ഇംഗ്ലീഷു മാസികകളുടെ ആകർഷകമായ ഉയന്ന തോതു് അനുകരിക്കുന്നതിൽ അബദ്ധമില്ല. പഴക്കമേറിയ ചരക്കുകൾ പൊടിതട്ടി പുറത്തിറക്കുന്നതിനേക്കാൾ പുതിയവ തന്നെ — പരിമളഭരിതങ്ങളും മധുമധുരങ്ങളുമായ നൂതനവസ്തുക്കൾ തന്നെ—ആവിഷ്കരിക്കുന്നതല്ലേ കൂടുതൽ ആശാസ്യം?

കൂട്ടത്തിൽ കാര്യവിവരമുള്ള ഒരു കാരണവർ പറകയുണ്ടായി, രണ്ടാഴ്ച വട്ടത്തിനിടക്കുണ്ടാകുന്ന ലോകത്തിലെ പ്രധാന സംഭവങ്ങൾ ചുരുക്കി, ലോകവാത്താസംഗ്രഹമെന്നോ മറോ ഉള്ള പേരിൽ ഒരു പംക്തി ചേക്കുന്നതു് നന്നായിരിക്കുമെന്നു്. നാട്ടിൻ പുറങ്ങളിലുള്ള വായനക്കാക്ക്് ലോകത്തിലെ പ്രധാന സംഭവങ്ങളും അവയുടെ ആഘാത പ്രത്യാഘാതങ്ങളും മനസ്സിലാക്കിക്കൊടുക്കുവാൻ അതേറെക്കുറെ സഹായിക്കുമെന്നു തോന്നുന്നു.

കേട്ട അഭിപ്രായങ്ങൾ തുറന്നുപറഞ്ഞതുകൊണ്ടു് മുഷിയരുതു്. സഞ്ചാരിയുടെ സ്വഭാവമാണു് ഉള്ളതു പറയും. ലോകവാണിക്കു ഹാർദ്ദവമായ മംഗളാശംസയോടെ.

സ്വന്തം സഞ്ചാരി.

(കഷായ പംക്തിൽ കാണുന്ന ചിത്രത്തിലെ ചങ്ങാതിമാർ, രണ്ടു പേരും കഷായം കുടിക്കുന്നവരല്ല. ഒരാൾ ഒഴിച്ചു കൊടുക്കുകയും മററയാൾ വാങ്ങിക്കുടിക്കുകയുമല്ലേ ചെയ്യുന്നതു്? മുഖഭാവത്തിന്റെ മട്ടുകൊണ്ടും വൈദ്യന്റെ കൈയിലെ പാത്രത്തിന്റെ ആകൃതി കൊണ്ടും, ഇതു സാധാരണ കഷായം അല്ല എന്നും സമ്മതിച്ചേ തീരൂ. അതു തന്നെയാണു് ഉദ്ദേശ്യവും. സഞ്ചാരിയുടെ നിർദ്ദേശങ്ങൾ സാദരം സ്വീകരിച്ചിരിക്കുന്നു.—പ)

സർ,

പ്രൊ. ചന്ദ്രശേഖരന്റെ ലേഖനം എന്നെ ആകർഷിച്ചു. വളരെ. "എന്നെ ഏററവും സ്പർശിച്ച ഗ്രന്ഥം" ഒരു സാധാരണ പംക്തിയാണെന്നിപ്പോഴാണു മനസ്സിലാവുക. ഇങ്ങനെ ഒരു പംക്തി തുടങ്ങണമെന്നുള്ള ആശയം ഉദിച്ച ഹൃദയം തികച്ചും അഭിനന്ദാർഹമാണു് ആകർഷകമായ രീതികൊണ്ടും പ്രൗഢിയേറിയ ലാളിത്യം കൊണ്ടു്, ഇനിയും ഈ പങ്ക്തിയിൽ എഴുതിച്ചേക്കുന്നവക്കു് ഒരു മാതൃകശി യായിതീന്നിരിക്കുന്നു പ്രൊ. ചന്ദ്രശേഖരൻ എന്നു ഞാൻ പറയും. ഈ ലേഖനം മുഴുവൻ എഴുതി കഴിഞ്ഞിട്ടില്ലെങ്കിൽ അതു കഴിയുന്നേടത്തോളം ദീർഘിപ്പിക്കുവാൻ അദ്ദേഹം ശ്രമിക്കുമെന്നു വിശ്വസിക്കുന്നു. ഇതിന്റെ ഉത്തര ഭാഗങ്ങൾ ആകാംക്ഷയോടെ പ്രതീക്ഷിച്ചുകൊണ്ടു്.

പുനലൂർ. ജി. ഡേവിഡ്.

——:o:——

Printed by V. Balasubramanian at The Jaya Kerala Press 1/16 Royapetta High Road. Edited and published by K. M. George M. A. 1/16 Royapetta High Road, Madras.

മദ്രാസ് പെൻസിൽ ഫാക്ടറി

വക

സ്റ്റാർ ഓഫ് ഇൻഡ്യ പെൻസിൽ

★ ★ ★

അത്യന്തം ആകർഷകമായ അച്ചടിവേലകൾ

പ്രത്യേകിച്ചു ലിത്തോഗ്രാഫി നിങ്ങൾക്ക

ആവശ്യമുണ്ടെങ്കിൽ

# ഹോ ആൻഡ് കമ്പനി

★ ★ ★

എല്ലാത്തരം സ്റ്റേഷനറി സാധനങ്ങൾക്കു പ്രസിദ്ധികേട്ട

## വി. പെരുമാൾ ചെട്ടി
## ആൻഡ് സൺസ്

# V. Perumall Chetty & Sons

**5, Stringer Street,**

**MADRAS 1.**

Regd. No M. 5100


# Mohan Coffee Bar
&
# Gocery Shop

Near the Eastern Gate of
THE CHRISTIAN COLLEGE,
Agaram Road, Tambaram.

★ ★ ★

*Pleasure Resort for the high class*
for
Drinks and dishes, Coffee and Cosmetics,
Toilets and cigarettes, Sweets and Stationeries
*nothing to beat*

# Mohan Coffee Bar



# ലോകവാണി

ലോകവാണിയുടെ ഹെഡ്ഡാഫീസ് താഴെ ചേൎക്കുന്ന
സ്ഥലത്തേക്കു മാററിയിരിക്കുന്നു.

**Lokavani Office**
2/585, Pycrofts Road
Triplicane, Madras.

പത്രാധിപൎക്കുള്ള കത്തുകൾ താംബരത്തുള്ള ബ്രാഞ്ചിലേക്കു
പതിവുപോലെ അയച്ചാൽ മതിയാകുന്നതാണ്.


'over Printed at Lodhra Press, Madras.